Reg. No. 101. M 93

ഒററപ്രതിക്ക 2 ണ.


# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 24 | 1126 വൃശ്ചികം 7—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നത്—എറണാകുളം 1950 നവംബർ 22 | ലക്കം 14

## ക്രിസ്റേറാഫേഴ്സ്

(ഫാദർ ജോസഫ് മാവുങ്കൽ)



തേവരകാളെജ് സൊഡാലിററി (1949—1950)

"അമ്മ"യുടെ ഏപ്രിൽ ലക്കത്തിൽ ഒരമേരിക്കൻ വൈദികനായ റവ. ജയിംസ് കെല്ലർ എം. എം. (Rev. James Keller, M. M.) അവർകൾ സമാരംഭിച്ചതും, ആഗോളവ്യാപകമായ ശക്തിയോടെ വളൎന്നുവരുന്നതുമായ ക്രിസ്റ്റോഫർ (Christopher) പദ്ധതിയെപ്പററി ഞാൻ എഴുതിയിരുന്ന ഒരു കുറിപ്പ്, അതിനെപ്പററി കൂടുതൽ അറിയുവാൻ ചിലരെ പ്രേരിപ്പിച്ചിരിക്കുന്നു. "ക്രിസ്റ്റോഫർ ആരാണ്? ക്രിസ്റ്റോഫർ പദ്ധതി എന്താണ്?" എന്നു പലരും ചോദിക്കുന്നു. അതിനാലാണ് ഈ ലേഖനം.

### വി ക്രിസ്റ്റോഫർ

ക്രിസ്റ്റോഫർ ആരെന്നു പറയുന്നതിനു മുൻപു, ആ പേരിനു കാരണക്കാരനായ വി. ക്രിസ്റ്റോഫറെപ്പററി രണ്ടുവാക്കു പറയേണ്ടിയിരിക്കുന്നു. ജൂലൈമാസം 25-ാം തീയതി തിരുസഭയിൽ ഈ പുണ്യവാൻെറ തിരുനാൾ ഘോഷിക്കപ്പെടുന്നു. ഇദ്ദേഹത്തെപ്പററി വെറും ഐതിഹ്യങ്ങൾ ധാരാളം ഭക്തജനങ്ങളുടെ ഇടയിൽ പ്രചാരത്തിലുണ്ടു്. ഇദ്ദേഹം അറേബ്യായിൽ ക്രിസ്തുവർഷം രണ്ടാം നൂററാണ്ടിൻെറ ആരംഭത്തിൽ ക്രിസ്ത്യേതരന്മാരായ മാതാപിതാക്കന്മാരിൽനിന്നു ജനിച്ചു. അസാധാരണമായ ശരീരശക്തിയുണ്ടായിരുന്ന ഒരു ദീർഘകായനായി വളൎച്ചപ്രാപിച്ച ക്രിസ്റ്റോഫർ ഒരു പട്ടാളക്കാരനായിത്തീരുകയാണു് ചെയ്തതു്. ഗോർഡിയൻ ചക്രവൎത്തിയുടെ സൈന്യത്തിൽചേൎന്നു അദ്ദേഹം പേർഷ്യാക്കാരോടു യുദ്ധംചെയ്തിട്ടുണ്ടു്. ഫിലിപ്പു ചക്രവൎത്തിയുടെ കാലത്തു അദ്ദേഹം ക്രിസ്ത്യാനിയായി. ക്രിസ്തുവിൻെറ ദിവ്യതപത്താലും വ്യക്തിമാഹാത്മ്യത്താലും അപഹൃതചിത്തനായ ക്രിസ്റ്റോഫർ സമസ്തവും പരിത്യജിച്ചു, ക്രിസ്തുവിനെ മററുള്ളവൎക്കും പരിചയപ്പെടുത്തിക്കൊടുക്കുവാൻ ഇറങ്ങിപ്പുറപ്പെട്ടു. ഒടുവിൽ അദ്ദേഹം ക്രിസ്ത്യേതരന്മാരാൽ വധിക്കപ്പെട്ടു. ക്രിസ്റ്റോഫർ ഒരു വേദസാക്ഷിയും, 14 പ്രമുഖമദ്ധ്യസ്ഥന്മാരിൽ ഒരുവനുമായിട്ടത്രെ വണങ്ങപ്പെടുന്നതു്.

എന്നാൽ അദ്ദേഹത്തിനു ക്രിസ്റ്റോഫർ എന്നു പേർ കിട്ടിയതിനു മനോഹരമായ ഒരു കഥയുണ്ടു്. അദ്ദേഹത്തിൻെറ ജീവിതത്തിൻെറ ഒരു ഭാഗം ഒരു പ്രത്യേകതരം പരോപകാരപ്രവൃത്തിക്കായി അദ്ദേഹം ചെലവഴിച്ചിരുന്നു. അതായതു പാലമോ കടത്തുവഞ്ചിയോ ഇല്ലാതിരുന്ന ഒരു പുഴക്കടവിൽ വന്നിരുന്ന യാത്രക്കാരെ അദ്ദേഹം തൻെറ തോളിൽ കയററി മറുകര കടത്തി വിട്ടിരുന്നു. ഈ പരോപകാരം അദ്ദേഹം ചെയ്തിരുന്നതു യാതൊരു കൂലിയും വാങ്ങാതെ മിശിഹായെപ്രതിമാത്രമായിരുന്നുവെന്നുള്ളതു പ്രത്യേകം പ്രസ്താവ്യമാണു്. തൻെറ നാമത്തിൽ ഒരു കോപ്പ പച്ചവെള്ളം കോരിക്കൊടുത്താൽ അതിനും താൻ കേവലം അപ്രതീക്ഷിതവും വിസ്മയകരവുമായ സമ്മാനം നല്കുമെന്നു അരുളിച്ചെയ്ത സ്നേഹനാഥൻ ക്രിസ്റ്റോഫറിനെ ഒന്നു സമ്മാനിക്കാൻ തിരുമനസ്സായി. ഒരുദിവസം ഒരു ശിശുവിനെ തോളിൽ കയററിക്കൊണ്ടു നദി കടക്കുകയിൽ, ശിശുവിൻെറ ഭാരം ക്രമേണ ദുൎവ്വഹമായി വൎദ്ധിക്കുന്നതുകണ്ടു ക്രിസ്റ്റോഫർ വിസ്മയിച്ചു. അപ്പോൾ ആ ശിശു, താൻ ലോകസ്രഷ്ടാവാണെന്നു അദ്ദേഹത്തോടു അരുളിച്ചെയ്യുകയും അപ്രത്യക്ഷനാകയും ചെയ്തു. ക്രിസ്തുവിനെ അങ്ങനെ തോളിൽ വഹിച്ചുകൊണ്ടുപോകുവാൻ ഭാഗ്യംലഭിച്ചതിനാൽ അദ്ദേഹത്തിനു ക്രിസ്റ്റോഫർ—ക്രിസ്തുവാഹകൻ—എന്ന പേർ ലഭിച്ചു.

ഇദ്ദേഹം വാഹനങ്ങളുടെ പ്രത്യേകമദ്ധ്യസ്ഥനാണു്. മോട്ടോർകാറുകളുടേയും മററും മുൻവശത്തു ക്രിസ്റ്റോഫറുടെ ഒരു മെഡൽ പതിക്കുക അദ്ദേഹത്തിൻെറ ഭക്തന്മാൎക്കു പ്രിയാകരമാണു്. ക്രിസ്തുവിനെ വഹിക്കുവാൻ ഭാഗ്യമുണ്ടായ ഈ വിശുദ്ധനിൽനിന്നാണു്, ഒരു മേരിനോൾ—Marynoll Missionary—മിഷണറിയായ റവ. ഫാദർ കെല്ലറിനു ഇന്നത്തെ ക്രിസ്റ്റോഫർപദ്ധതിയെപ്പററിയുള്ള ആശയം സമ്പാദിക്കുവാൻ സാധിച്ചതു്.

തങ്ങളുടെ ഏകസ്രഷ്ടാവും, ഏകരക്ഷകനും, ഏകപരിപാലകനുമായ ക്രിസ്തുവിനെ പുറന്തള്ളിക്കൊണ്ടു, മനുഷ്യർ തങ്ങളുടെ സ്വാൎത്ഥലബ്ധിക്കായി കണ്ണിൽ കണ്ടവരെ തങ്ങളുടെ നേതാക്കന്മാരും ആരാദ്ധ്യപുരുഷന്മാരും ആയി സ്വീകരിച്ചു, നാശക്കുണ്ടിലേക്കു ശീഘ്രം അധഃപതിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണല്ലൊ ഇതു്. ക്രിസ്തുവിനെമാത്രം ഇന്നത്തെ ലോകത്തിനു വേണ്ട. "അവനെ ക്രൂശിൽ തറയ്ക്കുവിൻ, ഞങ്ങളുടെ നേതാവായി, ആരാദ്ധ്യമൂൎത്തിയായി, ബറാബാസിനെ വിട്ടുതരുവിൻ" എന്ന ആ ചരിത്രപ്രസിദ്ധമായ മുറവിളിയാണു് ഇന്നും അന്തരീക്ഷത്തിൽ മാറെറാലിക്കൊള്ളുന്നതു്. ഇതിൻെറ ഫലമോ? ലോകത്തെ ഒരു യുദ്ധക്കളമായി രൂപാന്തരപ്പെടുത്തിയിരിക്കുന്നു. ഇതിനു പരിഹാരം വരണമെങ്കിൽ ക്രിസ്തു വീണ്ടും രംഗപ്രവേശം ചെയ്യേണ്ടിയിരിക്കുന്നു. അതായതു, ക്രിസ്തുവിൻെറ സിദ്ധാന്തപ്രകാരം മനുഷ്യൻ ജീവിക്കേണ്ടിയിരിക്കുന്നു.

### പുതിയ കണ്ടുപിടിത്തമല്ല

"ഓ, ഇതാണോ ഇത്ര വലിയ ഒരു കാൎയ്യമായി കൊണ്ടുവന്നിരിക്കുന്ന പുതിയ കണ്ടുപിടിത്തം? ഇതാൎക്കാണറിഞ്ഞു

കൂടാത്തതു്? മാപ്പാപ്പാമാർ ഇതുതന്നെയല്ലേ, ആവർത്തിച്ചാവർത്തിച്ചു പറയുന്നതു്?" എന്നു ചോദിക്കുന്നവരുണ്ടാകാം. ശരിതന്നെ. ഇതൊരു പുതിയ കണ്ടുപിടിത്തവും മററുമല്ല. നാമെല്ലാം മനസ്സിലാക്കിയിട്ടുള്ളതാണു്, ക്രിസ്തുവിൻെറ സിദ്ധാന്തം പ്രായോഗികമായാൽമാത്രമേ, ലോകത്തിനു രക്ഷയുള്ളുവെന്നു്. എന്നാൽ അതിനെ പ്രായോഗികമാക്കുവാൻ ചില ക്രിസ്തുഭക്തന്മാർ ഓരോ യുഗങ്ങളിൽ ഓരോരോ പുതിയ പദ്ധതികൾ കൈക്കൊണ്ടിട്ടുണ്ടു്. അതിൽ ഒന്നത്രെ ഇന്നത്തെ ക്രിസ്റ്റോഫർപദ്ധതി. ലോകത്തെ ക്രിസ്തുവിൻെറ പക്കലേക്കു പ്രത്യാഗമിപ്പിക്കുവാൻ, ക്രിസ്തുവിനെ ലോകത്തിലേക്കു്, അതിൻെറ തെരുവീഥികളിലേക്കു്, ചന്തസ്ഥലത്തേക്കു്, സ്വാഗതംചെയ്യുവാൻ ഇന്നു നിലവിലുള്ള പലേ പദ്ധതികളിൽ ഒന്നുമാത്രമാണു് ക്രിസ്റ്റോഫർപദ്ധതി. മനുഷ്യവംശത്തെ ക്രിസ്തുവിൽനിന്നു അകററുവാൻ അഹോരാത്രം അശ്രാന്തപരിശ്രമംചെയ്യുന്ന സംഘങ്ങൾ ഒന്നോ പത്തോ അല്ല, ആയിരങ്ങളാണു്. അവയിൽ സജീവമായി അഹോരാത്രം വേലചെയ്യുന്നവർ പത്തോ നൂറോ അല്ല, ലക്ഷങ്ങളാണു്. ഈ വസ്തുത ഗ്രഹിച്ചാൽ സമ്മതിക്കും, ക്രിസ്തുവിൻെറ സന്നിധിയിലേക്കു മനുഷ്യവംശത്തെ പ്രത്യാഗമിപ്പിക്കുവാൻ ഇനിയും അനേകം പുതിയ പുതിയ പദ്ധതികൾ രൂപമെടുക്കേണ്ടിയിരിക്കുന്നുവെന്നു്.

### ആരാണു് ക്രിസ്റ്റോഫർ?

ഭൂമുഖത്തുണ്ടായിട്ടുള്ള മഹാവിപ്ലവങ്ങളിൽ ഓരോന്നിനേയും പഠിക്കുക. അപ്പോൾ മനസ്സിലാകും, അവയിൽ മിക്കവയും ചുരുക്കം ചിലരുടെ കൃതികൾമാത്രമാണെന്നു്. ജനസംഖ്യയിൽ ഒരു ശതമാനത്തിലും കുറവായ ഒരുകൂട്ടം ആളുകളത്രെ, മററുള്ള സകലമാനപേരേയും ഒരു വിധത്തിലല്ലെങ്കിൽ മറെറാരു തരത്തിൽ കഷ്ടപ്പെടുത്തുന്ന ഉപദ്രവങ്ങളുടേയും, വിപ്ലവങ്ങളുടേയും, അക്രമങ്ങളുടേയും, യുദ്ധങ്ങളുടേയും കാരണക്കാർ. ഈ കൂട്ടർ, എല്ലാ രാജ്യങ്ങളിലുമുണ്ടു്. നമ്മുടെ നാട്ടിലുമുണ്ടു് ഇത്തരക്കാർ. നമ്മുടെ ജനസംഖ്യയിൽ ഒരു ശതമാനം പോലും ഇല്ലാത്ത ഈ ലഘുപക്ഷം നമ്മുടെ നാടിനെ തകിടംമറിക്കാൻ രാപകൽ വിജയപൂർവ്വം പ്രവർത്തിച്ചുകൊണ്ടിരിക്കയാണു്. ഈ ലഘുപക്ഷത്തിലെ ഒരംശം മാത്രമാണു് കമ്മ്യൂണിസ്റ്റുകൾ. ഈ ലഘുപക്ഷം എങ്ങനെയാണു് നാടിനെ തകിടംമറിക്കുന്നതു്?

### മൗലികസിദ്ധാന്തങ്ങൾ

രാഷ്ട്രം ഏതുമാകട്ടെ; അതിൻെറ നിലനില്പിനു്, അതു ആദരിക്കേണ്ടതും അത്യന്താപേക്ഷിതവുമായ ചില മൗലികസിദ്ധാന്തങ്ങളുണ്ടു്. എന്താണീ മൗലികസിദ്ധാന്തങ്ങൾ? 1) ഓരോ മനുഷ്യജീവിയും ദൈവത്താൽ, അവിടുത്തെ സ്വന്തം പ്രതിച്ഛായയിൽ സൃഷ്ടിക്കപ്പെട്ട, അവിടുത്തെ വാത്സല്യസന്താനമാണു്. 2) ഓരോ മനുഷ്യനും മൗലികമായ, ജന്മസിദ്ധമായ, മററാക്കും അപഹരിക്കാൻ പാടില്ലാത്ത ചില അവകാശങ്ങളുണ്ടു്. 3) ഈ അവകാശങ്ങൾ രാഷ്ട്രത്തിൽ നിന്നോ, മററാരിൽ നിന്നോ അല്ല, ദൈവത്തിൽനിന്നത്രെ അവനു കിട്ടിയിട്ടുള്ളതു്. 4) ദൈവദത്തമായ ഈ അവകാശങ്ങളെ സംരക്ഷിച്ചുകൊടുക്കുകമാത്രമാണു്, രാഷ്ട്രത്തിൻെറ പ്രധാന ജോലിയും ലക്ഷ്യവും.

ഈ മൗലികസത്യങ്ങളെ അവഗണിക്കുന്ന യാതൊരു രാഷ്ട്രവും നിലനില്ക്കുകയില്ല. അമേരിക്കൻ സ്വാതന്ത്ര്യപ്രഖ്യാപനത്തിൽ — Declaration of Independence—അതിൻെറ സ്ഥാപകന്മാരായപിതാക്കന്മാർ ഈവസ്തുത ആവർത്തിച്ചു പറഞ്ഞിട്ടുണ്ടു്. ഈ സനാതന സത്യങ്ങളോടു പടവെട്ടുന്നവരത്രെ പ്രസ്തുത ലഘുപക്ഷം. പ്രസ്തുത സനാതനസത്യങ്ങളെ അവിശ്വസിക്കുന്ന ഇവർ, അവയെ അവഗണിക്കമാത്രമല്ല, മററുള്ള എല്ലാവരും അവയെ അവിശ്വസിക്കയും അവഗണിക്കയും ചെയ്യുവാൻ ശ്രമിക്കയും ചെയ്യുന്നു. സാധാരണ രഹസ്യമായി പ്രവർത്തിക്കുന്ന ഇവർ പരസ്യമായിപ്പോലും തങ്ങളുടെ നശീകരണവേല ചെയ്യുവാൻ സന്നദ്ധരാണു്. ഈ കൂട്ടർ, "എനിക്കെൻെറ കാര്യം, അന്യൻെറ കാര്യത്തിൽ ഞാനെന്തിനു തലയിടുന്നു?" എന്നു വിചാരിക്കയും അതനുസരിച്ചു മൗനം ദീക്ഷിക്കുകയും ചെയ്യുന്നവരല്ല. അവർ തിന്മയുടെ പ്രേഷിതപ്രമുഖന്മാരായിത്തീരുകയാണു് പതിവു്. മാത്രമല്ല, ഈ ലഘുപക്ഷം, ഭൂരിപക്ഷത്തെ സ്വാധീനമാക്കുവാനും ശ്രമിക്കുന്നു. ജനസംഖ്യയിൽ ഒരു ശതമാനംപോലും ഇല്ലാത്ത ഇവക്കു് ബാക്കിയുള്ള തൊണ്ണൂററി ഒൻപതിൽ ചില്വാനം ശതമാനത്തേയും ഭരിക്കണം. അതവർ എങ്ങനെ സാധിക്കുന്നു?

### പ്രചരണവകുപ്പുകൾ

മനുഷ്യജീവിതത്തെ നയിക്കുന്ന ചില പ്രചരണവകുപ്പുകളുണ്ടു്. അതൊക്കെ അവർ ആദ്യംതന്നെ സ്വാധീനമാക്കുന്നു. അതെന്തെല്ലാമാണു്? 1) ഗവമ്മെൻറു്, 2) വിദ്യാഭ്യാസം, 3) തൊഴിലാളികൾ, 4) പത്രവും ചിത്രവും (വർത്തമാനപ്പത്രങ്ങൾ, മാസികകൾ, ലഘുലേഖകൾ, പുസ്തകങ്ങൾ, വായനശാലകൾ, റേഡിയോ, സിനിമാ, ടെല്ലെവിഷൻ മുതലായവ). ഇവ അവരുടെ പിടിയിലായാൽ ഒരു മാന്ത്രികശക്തിയാലെന്നവണ്ണം, ജനസാമാന്യം ഒന്നടങ്കം അവക്കു പൂർണ്ണമായും വിധേയമാകും. പിന്നെയുള്ള കഥ പറയണോ?

ലോകത്തുണ്ടായിട്ടുള്ള ഏതൊരു മഹാവിപ്ലവത്തിൻേറയും കാരണക്കാരുടേയും പ്രവർത്തകന്മാരുടേയും എണ്ണം എടുക്കുക. അവരെ കൈവിരലുകൾകൊണ്ടു എണ്ണിത്തീർക്കാം. ലോകചരിത്രത്തിലെ ആ ഏററം വലിയ പാതകം—പീലാത്തോസു് ക്രിസ്തുവിനെ ക്രൂശിച്ചുകൊല്ലുവാൻ വിധിച്ചതു്—എങ്ങനെ സംഭവിച്ചു? പ്രസ്തുത സനാതനസത്യങ്ങളെ അവഗണിച്ചിരുന്ന ഏതാനും കുബുദ്ധികളാൽ, സ്വമേധയാ തിന്മയ്ക്കു കച്ചകെട്ടാത്തവരെങ്കിലും മൂഢന്മാരോ അന്ധന്മാരോ ആയിരുന്ന സാമാന്യജനം നയിക്കപ്പെട്ടു. ആ നേതാക്കന്മാർ പാടിക്കൊടുത്തു:


സ്വർണ്ണപ്പണയം

കുറഞ്ഞപലിശ. കൂടുതൽ നിരക്കു്

ബാങ്ക് ഓഫ്

കൊച്ചിൻ ക്ലിപ്തം

എറണാകുളം

മട്ടാഞ്ചേരി, ചാലക്കുടി, തൃശ്ശൂർ,
വില്ലിങ്ങ്ടൺ ഐലണ്ടു്


"ക്രിസ്തുവിനെ ക്രൂശിക്കുവിൻ, വിപ്ലവം ജയിക്കട്ടെ, ബറാബാസിനെ വിട്ടുതരുവിൻ, അല്ലെങ്കിൽ പീലാത്തോസിനെ അതു ചെയ്യും, ഇതു ചെയ്യും" എന്നു്. ആ മൂഢജനം അതേററുപാടി. ക്രിസ്തു നിരപരാധിയെന്നു പ്രഖ്യാപനം ചെയ്ത പീലാത്തോസ്പോലും അവസാനം അവക്കു വശംവദനായി. അതെ, ശിഷ്ടന്മാർ തൻകാര്യം മാത്രം നോക്കുന്നതും, ദുഷ്ടന്മാർ തൻകാര്യത്തിനുപുറമെ, പൊതുക്കാര്യവും നോക്കുന്നതുമാണു് സകല കുഴപ്പങ്ങളുടേയും കാരണം. നല്ല മനുഷ്യർ നിഷ്പക്ഷമായിരിക്കയും ചീത്തമനുഷ്യർ പക്ഷംപിടിച്ചു പ്രവർത്തിക്കയും ചെയ്യുന്നു. ഈ പരിതാപകരമായ സ്ഥിതിക്കു് ഒരു മാററം വരണം. അതെങ്ങനെ?

ഒരു ശതമാനത്തിലും കുറവായ പ്രസ്തുത ലഘുപക്ഷം— ഇടതുപക്ഷം—മനുഷ്യസമുദായത്തെ തകിടം മറിക്കാൻ ഏററം വീറോടെ പ്രവർത്തിക്കുന്നതു ബാക്കിയുള്ള തൊണ്ണൂററി ഒൻപതു ശതമാനവും ഒരുപോലെ കണ്ടെന്നു വരികയില്ല. എങ്കിലും കാണുന്നവരുണ്ടു്. അതുകാണാൻ കണ്ണുള്ളവരും ഒരു ലഘുപക്ഷമാണു്. ഈ ലഘുപക്ഷം — വലതുപക്ഷം — മുമ്പോട്ടു വരണം. മനുഷ്യഹൃദയത്തിൽനിന്നു പ്രസ്തുത മൗലികസത്യങ്ങളെ മായിച്ചുകളയുവാൻ ഇടതുപക്ഷം പ്രയത്നിക്കുന്നതോടുകൂടിത്തന്നെ, അവയെ മനുഷ്യഹൃദയത്തിൽ സ്ഥാപിക്കാനും പ്രചരിപ്പിക്കാനും വലതുപക്ഷം രംഗപ്രവേശം ചെയ്യണം. ഈ വലതു പക്ഷവും കുറഞ്ഞതു നൂറുക്കു ഒന്നു വീതമെങ്കിലും ഉണ്ടായിരിക്കുമെന്നുള്ളതു തീർച്ചയാണു്. ദൈവത്തിൻേറയും മനുഷ്യരുടേയും ശത്രുക്കളായ പ്രസ്തുത തിന്മയുടെ മിഷനറിമാർ— ഇടതുപക്ഷം— അവരുടെ ഗണത്തിൽ പെടാത്ത മററുള്ള സകലരുടേയും മനസ്സിൽ വിഷം കലക്കാൻ ശ്രമിക്കുമ്പോൾ, അതേരീതിയിൽ, അതേ തീക്ഷ്ണതയോടുകൂടി, ദൈവഭക്തന്മാർ—വലതുപക്ഷം — സനാതനമൗലികസത്യങ്ങളാകുന്ന അമൃതു മററുള്ളവരുടെ മനസ്സിലും പകന്നു കൊടുക്കണം. ഇങ്ങനെ പ്രവർത്തിക്കാൻ സന്നദ്ധതയുള്ളവനത്രെ ക്രിസ്റ്റോഫർ.

(തുടരും)

ചെറുകഥ

# സത്യസന്ധൻ


(ജി. സി. ടീലാർ)

മലയടിവാരത്തിലാണു് അവരുടെ വീടു്. ആ സ്ഥലം സുമനോഹരം. പച്ചപ്പുല്ലുകളും വൃക്ഷലതാദികളുംകൊണ്ടു മേഞ്ഞ മലംകെട്ടുകൾ ഉയന്നുയന്നുനില്ക്കുന്നു. ആ സ്ഥലത്തെ ശത്രുക്കളിൽനിന്നും സംരക്ഷിക്കുവാൻവേണ്ടി പ്രകൃതിതന്നെ കെട്ടിപ്പടുത്തിരിക്കുന്ന വൻകോട്ടകളാണോ എന്നു തോന്നും വളഞ്ഞുചുററിക്കിടക്കുന്ന വൻമേട്ടുകൾ കണ്ടാൽ. വർഷകാലത്തു കാണാം അനേകം കൊച്ചരുവികൾ വെള്ളിരേഖകൾ സൃഷ്ടിച്ചുകൊണ്ടു് ചരുവുകളിൽക്കൂടി ഒഴുകിവീഴുന്നതു്. ഉരുളുകൾ പൊട്ടിപുത്തൻ അരുവികൾ ജനിക്കുന്നതും സാധാരണയാണു്. ഓമ്മവച്ചപ്പോൾമുതൽ തോമ്മാച്ചൻ പരിചയപ്പെട്ട ആ മലംപ്രദേശങ്ങളുമായി. അതിലേക്കൂടി ഓടിച്ചാടി നടക്കുന്നതായിരുന്നു അവനു പ്രിയംകരം.

"തോമ്മാച്ചോ, തോമ്മാച്ചോ" ഉറക്കെ വിളിച്ചു അന്നാമ്മ. സന്ധ്യമയങ്ങിസമയം. മകനെ കാണാഞ്ഞു് അവർക്ലേശിച്ചിരിക്കയാണു്. പലവഴികളിൽക്കൂടിയും ആളുകൾ തിരക്കിപ്പോയി. മലമുരെ സ്നേഹിക്കുമെന്നു കണ്ടാൽ അവർ നമ്മുടെ അടുത്തുവരും. നീ കണ്ടിട്ടുണ്ടല്ലോ പറന്നുനടക്കുന്ന പ്രാവിനെ. അതിനു തീററികൊടുക്കാമെങ്കിൽ അതു നമ്മുടെ വീട്ടിൽ വന്നു പാത്തുകൊള്ളും." അവനു സന്തോഷമായി. തീററികൊടുത്തു പക്ഷിമൃഗാദികളെ ആകർഷിക്കുവാൻ അവൻ പഠിച്ചു.

"വല്ലോം തന്നെ, വല്ലോം തന്നെ: രണ്ടു തോസായി കഞ്ഞോളം കുടിച്ചിട്ടു്." ഒരു യാചകബാലൻെറ നിലവിളിയായിരുന്നു. തോമ്മാച്ചനു് ഏഴുവയസ്സിൽ കൂടുതൽ പ്രായമില്ല. ഭക്ഷണത്തിൻെറ സമയം. എങ്കിലും അവൻ പുറത്തേക്കിറങ്ങിവന്നുനോക്കി. എല്ലും തോലും മാത്രമുള്ള ഒരു അസ്ഥികൂടമാണു കണ്ടതു്. അനുകമ്പകൊണ്ടു് ഹൃദയം തുടിച്ചു. തൻെറ ഭക്ഷണത്തിൽ പകുതി കൊടുത്തു ആ സാധുവിനു്.

ആ പാവപ്പെട്ട ബാലൻ പടികടന്നു പുറത്തേക്കുവരികയായിരുന്നു അന്നാമ്മ പള്ളിയിൽനിന്നും മടങ്ങിയപ്പോൾ. ദയനീയമായിരുന്നു അവൻെറ കാഴ്ച.




"തോമ്മാച്ചൻ തല്ലുവാങ്ങാൻ പുറം തിരിഞ്ഞുനിന്നു ... ... അവരുടെ കണ്ണിൽനിന്നും കണ്ണുനീർ പ്രവഹിച്ചു."

കളിലുള്ള ഒരു റബ്ബർമരത്തിൻെറ ചുവട്ടിൽ അവൻ ചിന്താമഗ്നനായി ഇരിക്കയായിരുന്നു. അന്വേഷിച്ചുപോയവരിൽ ഒരാൾ അവനെ കണ്ടുപിടിച്ചു ചോദിച്ചു: "കുഞ്ഞെന്താ തനിയെ ഇങ്ങനെ ഇവിടിരുന്നുകളഞ്ഞതു്?" ചിന്തയിൽനിന്നും അപ്പോൾ അവൻ ഉണന്നു. "നമ്മളെ കാണുമ്പോൾ എന്തുകൊണ്ടാണു് മൃഗങ്ങളെല്ലാം പേടിച്ചോടുന്നതു്? ഒരു മുയലിൻെറ കുഞ്ഞിനു ഞാൻ കുറേ പുല്ലു പറിച്ചുകൊടുത്തു. എന്നാൽ അതോടിക്കളയുകയാണു ചെയ്തതു്." തോമ്മാച്ചൻെറ ജിജ്ഞാസയോടുകൂടിയ ചോദ്യം. ഒരു കൊച്ചുകുട്ടിയിൽനിന്നും ഭോഷത്തംനിറഞ്ഞ അനേകം ചോദ്യങ്ങൾ ഇങ്ങനെ ഉണ്ടാകാമെന്നുമാത്രമേ അയാൾക്കു തോന്നിയുള്ളു. അതിനാൽ മറുപടിഒന്നും പറയാതെ അയാൾ അവനെ എടുത്തുകൊണ്ടു വീട്ടിലേക്കുനടന്നു. എങ്കിലും ആ ചിന്ത തോമ്മാച്ചനെ വിട്ടകന്നില്ല.

"കാട്ടിലെ മൃഗങ്ങളെല്ലാം നമ്മളെ കാണുമ്പോൾ ഓടിപ്പോകുന്നതെന്തുകൊണ്ടാണമ്മച്ചീ? എനിക്കവയോടു വലിയ ഇഷ്ടമാണു്. എന്നാലും അവയ്ക്കു് എന്നോടിഷ്ടമില്ല." മകൻ ഒരു ചിന്തകനാണെന്നു് അന്നാമ്മയ്ക്കറിയാമായിരുന്നു. അതുകൊണ്ടുപറഞ്ഞു: "മകനേ, മനുഷ്യർ ഉപദ്രവിക്കുമെന്നു വിചാരിച്ചാണു് അവർ ഓടിപ്പൊയ്ക്കളയുന്നതു്. മനുഷ്യർ അവ

"നിനക്കു വല്ലതും കിട്ടിയോടാ?" ചോദിച്ചു ആ ഭക്ത. "ഒരുകൊച്ചു കൊറേ ചോറും കറീം തന്നു." മറുപടി കേട്ടപ്പോൾ അന്നാമ്മ ആനന്ദംകൊണ്ടു പുളഞ്ഞുപോയി. അനുകമ്പയും ക്രിസ്തീയ അരൂപിയും ഉള്ള ഒരു കൊച്ചുഹൃദയം അവനു നല്കിയതിനാൽ അവർ ദൈവത്തിനു സ്തോത്രം ചെയ്തു. എങ്കിലും ആ ഭാവമല്ല അവർ പുറത്തുകാണിച്ചതു്. മകൻ സത്യസന്ധനായിരിക്കുമോ എന്നു് ഒന്നു പരീക്ഷിപ്പാൻതന്നെ അന്നാമ്മ നിശ്ചയിച്ചു.

"നീ ചോറുണ്ടോ മകനേ?" അമ്മയുടെ ചോദ്യം.

"ഉണ്ടു" എന്നുതന്നെ ഉത്തരം.

"നീ ഇന്നു് എന്തുചെയ്യുകയായിരുന്നു? വല്ലവരും ഇവിടെ വന്നോ?"

"ഒരു പാവപ്പെട്ട ചെറുക്കൻ വന്നു."

"നീ അവനോടു് എന്തുപറഞ്ഞുവിട്ടു."

"ഞാൻ ഉണ്ണാൻ വച്ചിരുന്ന ചോറേൽ പകുതി അവനു കൊടുത്തു."

"നീ ആരോടു ചോദിച്ചുംവച്ചാണു് അങ്ങനെ ചെയ്തതു്?"

"ആരോടും ചോദിച്ചില്ല. അമ്മച്ചി ഇവിടെ ഇല്ലായിരുന്നല്ലോ."

"ഇല്ലായിരുന്നെങ്കിൽ ഞാൻ വന്നിട്ടു കൊടുത്താൽ പോരായിരുന്നോ?"

"എന്നാൽ ഞാൻ ചെയ്തതു തെററാണോ അമ്മച്ചീ!"

"നിനക്കെന്തുതോന്നുന്നു കുഞ്ഞേ?"

"തെററല്ലെന്നു ഞാൻ ഓത്തുപോയി. എൻെറ പങ്കല്ലേ ഞാൻ അവനു കൊടുത്തതു്."

"എൻെറ കുഞ്ഞേ, നീ നന്നായി ചെയ്തു. നിന്നെ ഒന്നളക്കാൻവേണ്ടി ഞാൻ

(ശേഷം 11-ാം പേജിൽ)

വിമർശനവീഥി

# മി. പോത്തൻ ജോസഫ് സ്വർഗ്ഗാരോഹണത്തെപ്പററി

“ഡി കാത്തലിക് ഹെറാൾഡ്” എന്ന ഇംഗ്ലീഷ്‌വീനപ്പത്രത്തിൻെറ അധിപരായ മി.പോത്തൻജോസഫ്, ദേവമാതാവായ പരിശുദ്ധകന്യകാമറിയത്തിൻെറ സ്വർഗ്ഗാരോഹണം മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു വിശ്വാസസത്യമായി പ്രഖ്യാപിക്കുന്നതു സംബന്ധിച്ചു് ഇംഗ്ലീഷിൽ എഴുതിയ ലേഖനത്തിൻെറ “സ്വതന്ത്ര വിവർത്തനം” ഇക്കഴിഞ്ഞ നവംബർ 1-ാംനു- “മലയാളമനോരമ”യിൽ പ്രസിദ്ധീകരിച്ചിരുന്നു. വിവർത്തനം വായിച്ചതിൽ മൂലലേഖകൻെറ ആശയം മുഴുവനും ശരിക്കു മനസ്സിലാക്കുവാൻ ഞങ്ങൾക്കു കഴിഞ്ഞില്ല. “പന്ത്രണ്ടു ശതവർഷക്കാലം ആചരിക്കപ്പെട്ടുപോരുന്ന സ്വർഗ്ഗാരോഹണവിരുന്നും, സ്വർഗ്ഗാരോഹണവിശ്വാസത്തെ മുൻനിർത്തിയുള്ള ചില പ്രത്യേക വൈദികസമൂഹവ്യവസ്ഥിതികളും” എന്ന പ്രയോഗം വിവർത്തനത്തിൻെറ അവ്യക്തതയ്ക്കു് ഒരുദാഹരണമാണു്. “സ്വർഗ്ഗാരോഹണവിരുന്നു” എന്ന പദം വിവക്ഷിക്കുന്ന അർത്ഥമെന്തെന്നു് ആദ്യത്തെ വായനയിൽ മനസ്സിലായില്ല. മൂലലേഖകൻ “Feast of Assumption” എന്നായിരിക്കണം എഴുതിയിരുന്നതെന്നും, feast എന്നപദം ‘തിരുനാൾ’ എന്നു വിവർത്തനം ചെയ്യേണ്ടതിനു പകരം “വിരുന്നു” ശബ്ദം ഉപയോഗിച്ചെന്നും ഊഹിച്ചാണു് വിവക്ഷിതം മനസ്സിലാക്കിയതു്. “വൈദികസമൂഹവ്യവസ്ഥിതികൾ” എന്ന പ്രയോഗത്തിൻെറ അർത്ഥം, മൂലത്തിലെ ഇംഗ്ലീഷ് പദം ഊഹിക്കുവാൻ സാധിക്കാഞ്ഞതിനാൽ, ഇനിയും മനസ്സിലാകാതിരിക്കുന്നു. എങ്കിലും മൂലലേഖകൻെറ ആശയം മുഴുവനും ഏറെക്കുറെ വിവർത്തനത്തിൽനിന്നു മനസ്സിലായെന്ന ധാരണവച്ചുകൊണ്ടു് അതിനെ വിമർശിക്കുകയാണു് ഈ ലേഖനത്തിൻെറ ഉദ്ദേശം.

### ലേഖകൻെറ സ്പഷ്ടമായ പ്രമാദങ്ങൾ

മി. പോത്തൻ ജോസഫിൻെറ ലേഖനത്തിൽ കാണുന്ന ഏററവും സ്പഷ്ടങ്ങളായ ചില പ്രമാദങ്ങളെപ്പററിയാണു് ആദ്യമായി പറയാനുള്ളതു്. “കന്യകമറിയാമിൻെറ ശാരീരികസ്വർഗ്ഗാരോഹണപ്രമേയത്തിലെ വിവക്ഷിതം, ആ പുണ്യവതിയുടെ ജഡവും ആത്മാവും സ്വർഗ്ഗത്തിൽവച്ചു വീണ്ടും യോജിച്ചുവെന്നതാണു്.” സ്വർഗ്ഗാരോഹണത്തിൻെറ നിർവചനം ലേഖനത്തിലെ ഈ വാക്യത്തിൽ കൊടുത്തിരിക്കുന്നതു് അബദ്ധമാണെന്നു്, “വേദോപദേശം” പഠിക്കുന്ന കത്തോലിക്കാകുട്ടികൾക്കുപോലുമറിയാം. “വലിയ വേദോപദേശം” എന്ന ഗ്രന്ഥത്തിൽ ഇതു സംബന്ധിച്ചുള്ള ഒരു ചോദ്യവും ഉത്തരവും പകർത്താം:—

“ചോ:- കന്യകമറിയയുടെ ശരീരം തൻെറ ആത്മാവോടുകൂടെ സ്വർഗ്ഗത്തിലേക്കു് എടുക്കപ്പെട്ടുവോ?

ഉ:- വിശ്വസിക്കേണ്ടതായി തിരുസ്സഭയാൽ നിർണ്ണയിക്കപ്പെട്ടിട്ടില്ലെങ്കിലും കന്യകമറിയയുടെ ശരീരം തൻെറ ആത്മാവോടുകൂടെ സ്വർഗ്ഗത്തിലേക്കു് എടുക്കപ്പെട്ടുവെന്നുള്ളതു വിശ്വാസികൾ ഭക്തിയോടും സാമാന്യമായും വിശ്വസിച്ചുപോരുന്ന സംഗതിയാകുന്നു.”

ഈ ചോദ്യോത്തരങ്ങളിൽനിന്നു കാണാം, പണ്ഡിതനായ ലേഖകനു പററിയ പ്രമാദം എവിടെയെന്നു്. കന്യകാമറിയത്തിൻെറ ജഡവും ആത്മാവും സ്വർഗ്ഗത്തിൽവച്ചല്ല, ഭൂമിയിൽവച്ചുതന്നെയാണു് വീണ്ടും യോജിച്ചതു്. മരണശേഷം ക്രിസ്തുവിൻെറ ശരീരവും ആത്മാവും ഭൂമിയിൽവച്ചുതന്നെ വീണ്ടും യോജിക്കുകയും, അനന്തരം സ്വർഗ്ഗം പ്രാപിക്കുകയും ചെയ്തപോലെതന്നെയാണു് അവിടുത്തെ മാതാവിൻെറ കാര്യത്തിലും സംഭവിച്ചതു്. രണ്ടും തമ്മിലുള്ള വ്യത്യാസം, ക്രിസ്തുവിൻെറ കാര്യത്തിൽ ദൈവമായ അവിടുത്തെ സ്വന്തം ശക്തിയാൽ സംഭവിച്ചെന്നും, നേരെമറിച്ചു് മാതാവിൻെറ കാര്യത്തിൽ തൻെറ സ്വന്തം ശക്തിയാലല്ല, പിന്നെയോ ദൈവത്തിൻെറ ശക്തിയാൽതന്നെ സംഭവിച്ചെന്നുമുള്ളതാണു്. ഈ വ്യത്യാസം പ്രസ്പഷ്ടമാക്കുവാൻവേണ്ടി രണ്ടു സംഭവത്തേയും വ്യത്യസ്തങ്ങളായ പദങ്ങളാൽ കത്തോലിക്കാ വേദശാസ്ത്രജ്ഞന്മാർ പ്രകാശിപ്പിക്കുന്നു. ക്രിസ്തുവിൻെറ സ്വർഗ്ഗാരോഹണത്തെ Ascension എന്നും, മാതാവിൻെറ സ്വർഗ്ഗാരോഹണത്തെ Assumption എന്നും, ലത്തീൻ പദങ്ങളെ അനുകരിച്ചു്, ഇംഗ്ലീഷിൽ വിളിക്കുന്നു. ആദ്യപദത്തിൻെറ വാച്യാർത്ഥം “കയറൽ” എന്നും, രണ്ടാമത്തേതിൻേറതു “കയററൽ” (എടുക്കൽ) എന്നുമാണു്.

നവംബർ 1-ാംനു-യിലെ വിശ്വാസപ്രഖ്യാപനകർമ്മം നടന്നശേഷമാണു് മി. പോത്തൻ ജോസഫ് തൻെറ ലേഖനമെഴുതിയിരുന്നതെങ്കിൽ ഈ പ്രമാദം അതിൽ കടന്നുകൂടുകയില്ലായിരുന്നെന്നു വിചാരിക്കാം. കാരണം, ആ കർമ്മം സംബന്ധിച്ചു റോയിട്ടർ നൽകിയ കമ്പിസന്ദേശത്തിൽ പരിശുദ്ധപിതാവു് ഉച്ചരിച്ച പ്രഖ്യാപനവാക്യം അടങ്ങിയിരുന്നു. അതിങ്ങനെയാണു്: “തൻെറ ഭൗതികജീവിതത്തിൻെറ അവസാനംവരെ എന്നും കന്യകയായിരുന്ന മറിയം, ദൈവത്തിൻെറ അമലോത്ഭവയായ മാതാവു്, ആത്മാവോടും ശരീരത്തോടുംകൂടി സ്വർഗ്ഗീയമഹത്വത്തിലേക്കു സംവഹിക്കപ്പെട്ടുവെന്നതു് ദൈവത്താൽ വെളിപ്പെടുത്തപ്പെട്ട ഒരു വിശ്വാസസത്യമാണെന്നു (Dogma) നാം പ്രസ്താവിക്കുകയും പ്രഖ്യാപിക്കുകയും അദ്ധ്യവസാനം ചെയ്യുകയും ചെയ്യുന്നു (Pronounce, declare and define).” പ്രഖ്യാപനത്തിൻെറ സാരഭൂതമായ വാക്യമാണിതു്. “ആത്മാവോടും ശരീരത്തോടുംകൂടി സ്വർഗ്ഗീയമഹത്വത്തിലേക്കു് സംവഹിക്കപ്പെട്ടു” എന്നതിൻെറ അർത്ഥം, “ജഡവും ആത്മാവും സ്വർഗ്ഗത്തിൽവച്ചു വീണ്ടും യോജിച്ചു” എന്നല്ലല്ലോ; ഭൂമിയിൽവച്ചുതന്നെ അവരണ്ടും യോജിച്ചെന്നും, അങ്ങനെ ആത്മശരീരങ്ങളോടുകൂടി മാതാവു് ദൈവത്തിൻെറ ശക്തിയാൽ സ്വർഗ്ഗത്തിലേക്കു് എടുക്കപ്പെട്ടെന്നുമാണു്.

### അമലോത്ഭവവും തെററിദ്ധരിച്ചു.

മി. പോത്തൻ ജോസഫിനു പററിയ വേറൊരു പ്രമാദം ഇതിനെക്കാൾ കഷ്ടതരമാണു്.

‘19-ാം ശതാബ്ദത്തിൽ ആദ്യമായി, അതിപ്രധാനങ്ങളായ രണ്ടു വിശ്വാസസത്യങ്ങൾ ഔദ്യോഗികമായി അംഗീകരിച്ചു പ്രഖ്യാപനം ചെയ്യുകയുണ്ടായി. ഇവയിൽ ഒന്നാമത്തേതു് യേശുക്രിസ്തുവിൻെറ അമലോത്ഭവത്തെ (Immaculate Conception) സംബന്ധിച്ചുള്ളതായിരുന്നു. കന്യകമറിയാം, ദൈവാത്മാധിനിവേശത്തിൽ യേശുക്രിസ്തുവിനെ ഗർഭംധരിച്ചനിമിഷംമുതൽ, സർവ്വമനുഷ്യശിശുക്കൾക്കുമുള്ള മൂലപാപമാലിന്യത്തിൽനിന്നു വിമുക്തമായി പരിരക്ഷിക്കപ്പെട്ടുപോന്നു എന്നുള്ളതാണീ സിദ്ധാന്തത്തിൻെറ അസ്പദധാരണ.” (ആവരണചിഹ്നമിട്ടിരിക്കുന്ന ഇംഗ്ലീഷ് വാക്കുകളും മനോരമയുടെ വിവർത്തനത്തിലുള്ളതാണു്.)

വിവർത്തനം ശരിയാണെങ്കിൽ, ലേഖകൻ ഗുരുതരമായ ആശയക്കുഴപ്പമാണു് ഈ വാക്യങ്ങളിൽ പ്രകടിപ്പിക്കുന്നതു്. കത്തോലിക്കർ “അമലോത്ഭവം” എന്നു പറയുന്നതു് യേശുക്രിസ്തുവിനെപ്പററിയല്ല, പ്രത്യുത അവിടുത്തെ മാതാവായ മറിയത്തെപ്പററിയാണു്. ആകയാൽ “യേശുക്രിസ്തുവിൻെറ അമലോത്ഭവത്തെ” എന്ന പ്രയോഗം തികച്ചും അബദ്ധമാണു്. മറിയത്തിൻെറ അമലോത്ഭവത്തെപ്പററിയുള്ള കത്തോലിക്കരുടെ വിശ്വാസവും ലേഖകൻ അബദ്ധമായി ധരിച്ചിരിക്കുന്നു. പ്രസ്തുത വിശ്വാസത്തിൽ “സർവ്വമനുഷ്യശിശുക്കൾക്കുമുള്ള മൂലപാപമാലിന്യത്തിൽനിന്നു്” മറിയം “വിമുക്തയായി പരിരക്ഷിക്കപ്പെട്ടു” എന്ന തത്വം ഉൾക്കൊള്ളുന്നുണ്ടു്. എന്നാൽ മറിയം പരിരക്ഷിക്കപ്പെട്ടതു് “യേശുക്രിസ്തുവിനെ ഗർഭംധരിച്ച നിമിഷം മുതൽ” മാത്രമല്ല, പ്രത്യുത മറിയത്തെ തൻെറ മാതാവു ഗർഭംധരിച്ച നിമിഷം മുതലാണെന്നാണു് കത്തോലിക്കരുടെ വിശ്വാസം. യേശുക്രിസ്തുവിൻേറയും അവിടുത്തെ മാതാവിൻേറയും ഉത്ഭവത്തെ സംബന്ധിച്ചു കത്തോലിക്കർ വിശ്വസിക്കുന്ന വ്യത്യസ്തങ്ങളായ രണ്ടു തത്വങ്ങളെ ലേഖകൻ കൂട്ടിക്കുഴക്കുകയാണു്. ക്രിസ്തുവിൻെറ ഉത്ഭവത്തെപ്പററി കത്തോലിക്കർക്കുള്ള വിശ്വാസത്തെ “Virgin Birth” (കന്യകാജനനം) എന്നും, അവിടുത്തെ മാതാവിൻെറ ഉത്ഭവത്തെപ്പററി കത്തോലിക്കർക്കുള്ള വിശ്വാസത്തെ “Immaculate Conception” (അമലോത്ഭവം) എന്നുമാണു് കത്തോലിക്കാവേദശാസ്ത്രത്തിൽ വിളിക്കുന്നതു്. “കന്യകമറിയാം ദൈവാത്മാധിനിവേശത്തിൽ യേശുക്രിസ്തുവിനെ ഗർഭംധരിച്ചു” എന്ന പ്രസ്താവം യേശുക്രിസ്തുവിൻെറ കന്യകാജനനത്തെ സ്പർശിക്കുന്നതാണു്. കന്യകയായിരുന്ന മറിയം പുരുഷസ്സംശ്ലേശംകൂടാതെ, പരിശുദ്ധാത്മാവിൻെറ അത്ഭുതകരമായ പ്രവൃത്തിയാൽ, ക്രിസ്തുവിനെ ഗർഭംധരിച്ചു എന്നതാണു് പ്രസ്തുതവിശ്വാസം. അതിനെ ആയിരിക്കാം ലേഖനത്തിൽ “യേശുക്രിസ്തുവിൻെറ അമലോത്ഭവം” എന്നു തെററായി വിളിച്ചിരിക്കുന്നതു്. “മറിയത്തിൻെറ അമലോത്ഭവം” എന്ന വിശ്വാസത്തിനു കത്തോലിക്കർ വിവക്ഷിക്കുന്ന അർത്ഥം, ആദത്തിൻെറ സന്താനങ്ങളായ സകല മനുഷ്യരും മാതാക്കളുടെ ഉദരത്തിൽ ഉത്ഭവിക്കുമ്പോൾ അവരുടെ ആത്മാവിൽ പ്രസാദവരം ഉണ്ടായിരിക്കയില്ലെന്നുള്ള സർവ്വസാമാന്യനിയമത്തിനു വ്യത്യസ്തമായി, ദൈവത്തിൻെറ പ്രത്യേകാനുഗ്രഹത്താൽ, മറിയത്തിൻെറ ആത്മാവിൽ ഉത്ഭവസമയം മുതൽ പ്രസാദവരം (Sanctifying Grace) ഉണ്ടായിരുന്നുവെന്നാണു്.

### വിശ്വാസത്തിൻെറ ആധാരവും തെററിദ്ധരിച്ചിരിക്കുന്നു

മറിയത്തിൻെറ സ്വർഗ്ഗാരോഹണത്തിനു “പരിപൂർണ്ണവും പ്രത്യക്ഷവുമായ” തെളിവില്ലെന്നാണു് ലേഖകൻെറ വാദമെന്നു തോന്നുന്നു. അതിൻെറ പ്രാരംഭമായി അദ്ദേഹം പറയുന്നതിങ്ങനെയാണു്: “അവിശ്വാസികളും ശാസ്ത്രജ്ഞന്മാരും അത്ഭുതസിദ്ധികൾക്കു പരിപൂർണ്ണമായ തെളിവു് ആവശ്യപ്പെട്ടേക്കാം. എന്നാൽ വിശ്വാസചക്ഷുസ്സുകൾകൊണ്ടു കാണുന്നവക്കു് അങ്ങനെയുള്ള പ്രത്യക്ഷതെളിവുകൾ അനുപേക്ഷണീയങ്ങളല്ലെന്നും അത്യന്താപേക്ഷിതങ്ങളല്ലെന്നും കത്തോലിക്ക ചിന്തകന്മാർ പറയുന്നു.” കത്തോലിക്കാവേദശാസ്ത്രം യുക്തിക്കും (Reason) വിശ്വാസത്തിനും (Faith) തമ്മിലുള്ള ബന്ധത്തെപ്പററി സ്വീകരിച്ചിരിക്കുന്ന നില ലേഖകനു് അറിഞ്ഞുകൂടെന്നാണു് ഈ വാക്കുകൾ വിളിച്ചുപറയുന്നതു്. ദൈവം അത്ഭുതസിദ്ധികളടങ്ങിയ എന്തെങ്കിലും തത്വം വെളിപ്പെടുത്തിയിട്ടുണ്ടെന്നു് അനിഷേദ്ധ്യമായി തെളിഞ്ഞാൽ കത്തോലിക്കർ അതു കണ്ണടച്ചു വിശ്വസിക്കും. അവിടെയാണു് അവരുടെ വിശ്വാസചക്ഷുസ്സുകൾ പ്രവർത്തിക്കുന്നതു്. ഇതിനു് ന്യായം, തെററാനും തെററിക്കുവാനും സാദ്ധ്യമല്ലാത്ത, ജ്ഞാനസ്വരൂപനും സത്യസ്വരൂപനുമായ, ദൈവം വെളിപ്പെടുത്തുന്ന ഏതു തത്വവും, അത്ഭുതസിദ്ധികൾ അടങ്ങിയവ ആയാൽതന്നെയും, വിശ്വസിക്കപ്പെടേണ്ടതാണെന്നുള്ള യുക്തിയുടെ ശാസനയാണു്. “മനുഷ്യരുടെ സാക്ഷ്യം നിങ്ങൾ വിശ്വസിക്കുന്നെങ്കിൽ, കൂടുതൽ ന്യായത്താൽ ദൈവത്തിൻെറ സാക്ഷ്യം സ്വീകരിക്കണ്ടയോ?” എന്നു് അപ്പസ്തോലനായ വി. യോഹന്നാൻ ചോദിക്കുന്നുണ്ടല്ലോ. എന്നാൽ ഏതെങ്കിലും തത്വം, അത്ഭുതസിദ്ധികളൊന്നും അടങ്ങാത്തതായാൽതന്നെയും, ദൈവം യഥാർത്ഥത്തിൽ വെളിപ്പെടുത്തിയതാണോയെന്നു് കത്തോലിക്കർ പരിശോധിക്കുന്നതും, ആണെന്നു നിർണ്ണയിക്കുന്നതും യുക്തിയെമാത്രം ആധാരമാക്കിയാണു്. ദൈവം വെളിപ്പെടുത്തിയെന്നതു് ഒരു ചരിത്രവസ്തുതയാണല്ലോ. മറേറതു ചരിത്രവസ്തുതയുടെ കാര്യത്തിലെന്നപോലെ അതിനും യുക്തിപൂർവ്വകങ്ങളായ തെളിവുണ്ടായിരിക്കണമെന്നു് കത്തോലിക്കാ ചിന്തകന്മാർ ആവശ്യപ്പെടുന്നു.

കത്തോലിക്കരും അകത്തോലിക്കരും ഒരുപോലെ വിശ്വസിക്കുന്ന മൗലികതത്വമാണു് “ത്രിത്വ”ത്തിൻേറതു് (Trinity). ഏകദൈവത്തിൽ പിതാവു്, പുത്രൻ, പരിശുദ്ധാത്മാവു് എന്ന മൂന്നു ആളുകൾ ഉണ്ടെന്നാണു് ഇതിൻെറ അർത്ഥം. പിതാവു ദൈവമാണു്. പുത്രൻ ദൈവമാണു്, പരിശുദ്ധാത്മാവു് ദൈവമാണു്. എന്നാൽ മൂന്നു ദൈവങ്ങളില്ല, ഒരു ദൈവമേയുള്ളു. ഈ വിശ്വാസതത്വം മനുഷ്യബുദ്ധിക്കു് ഏററവും ദുർഗ്രഹമാണെന്നു് ആരും സമ്മതിക്കും. ഇത്ര ദുർഗ്രഹമായ ത്രിത്വത്തിൻെറ തത്വം സ്വീകരിക്കുന്നതി

ധനം സമ്പാദിക്കുവാനല്ല അതു മിതമായി വ്യയം ചെയ്യുവാനും മിച്ചിയ്ക്കുവാനുമാണ് പഠിക്കുവാനുള്ളതു്.

## കാത്തലിക്ക് ബാങ്ക് ഓഫ് ഇൻഡ്യയെ സമീപിച്ചാൽ

അതു് ഒരു ഗുരുനാഥനെപ്പോലെ നിങ്ങൾക്കു മാർഗ്ഗദർശനം നൽകും.
വെറും അഞ്ചു രൂപായുണ്ടെങ്കിൽ നിങ്ങൾക്കു അതിലെ ഒരു നിക്ഷേപകനാകാം.
പിന്നീടു ഒരു രൂപായിൽ കുറയാത്ത ഏതു തുകയും എപ്പോഴും നിക്ഷേപിക്കാം.
പലതുള്ളി പെരുവെള്ളമെന്നോണം നിങ്ങൾക്കു വളരാം. പലിശനിരക്കോ ഏററവും ആദായകരം.

ഹെഡ് ആഫീസ്: ചങ്ങനാശേരി

ബ്രാഞ്ചുകൾ:— ആലപ്പുഴ, അതിരമ്പുഴ, കോഴിക്കോട്ടു്, ചങ്ങനാശേരി, എടത്വാ, കാഞ്ഞിരപ്പള്ളി, കോട്ടയം, മണിമല, തിരുവനന്തപുരം.

ഫാത്തിമാബാലസമിതി

# തുടർന്നു പരിശ്രമിക്കണം

പ്രിയകുഞ്ഞുങ്ങളേ,

ഏതെങ്കിലും ഒരു നല്ല പ്രസ്ഥാനത്തെക്കുറിച്ചോ, സമിതിയെക്കുറിച്ചോ, സഖ്യത്തെക്കുറിച്ചോ ആദ്യമായി കേൾക്കുമ്പോൾ നാം അതിലേക്കു ആകർഷിക്കപ്പെടും. അതിലെ ഒരംഗമാകണമെന്നു് ആഗ്രഹിക്കുകയും അതിനായി പരിശ്രമിക്കയും ചെയ്യും. അതിൻെറ അംഗമായി കഴിഞ്ഞാൽ കുറെനാളത്തേക്കു പ്രസ്തുതസമിതിയുടെ അഥവാ സഖ്യത്തിൻെറ നിയമങ്ങൾ അനുസരിച്ചു ജീവിക്കുന്നതിനു് നാം പരിശ്രമിക്കും. എന്നാൽ അധികനാൾ കഴിയുന്നതിനുമുൻപു് നമ്മുടെ ഉത്സാഹമെല്ലാം കുറഞ്ഞു യാതൊരു സഖ്യത്തിൻേറയും അംഗമല്ലാത്ത വിധത്തിൽ ജീവിക്കുവാൻ ആരംഭിക്കും. ഇതാണു് ബലഹീനമായ മനുഷ്യസ്വഭാവത്തിൻെറ സാധാരണ ഗതി.

"ഇൻഡ്യാക്കാരുടെ ഒരു പ്രത്യേക സ്വഭാവമാണു് ആരംഭശ്ശൂരത്വമെന്നതു്" എന്നു നിങ്ങൾ പലപ്പോഴും കേട്ടിട്ടുണ്ടായിരിക്കും. ഇതിൻെറ അർത്ഥം നിങ്ങൾക്കു ശരിയായി മനസ്സിലായിട്ടുണ്ടോ? സാമാന്യം എല്ലാ മനുഷ്യരും ആരംഭത്തിൽ ഉത്സാഹികളും അതു കഴിഞ്ഞു് അലസന്മാരുമാണെങ്കിൽ, ഈ സ്വഭാവവിശേഷത്തിൻെറ അവതാരപുരുഷന്മാരാണു് മിക്കവാറും എല്ലാ ഇൻഡ്യാക്കാരും. അതായതു് ജനനത്തോടുകൂടിത്തന്നെ നമ്മിൽ വേരൂന്നിയിരിക്കുന്ന ഒരു സ്വഭാവമാണു് ആരംഭകാലത്തുള്ള തീക്ഷ്ണത ക്രമേണ മന്ദീഭവിക്കുകയെന്നതു്. ഈ സ്വഭാവം സ്തുത്യർഹമായ ഒന്നല്ല. ആക്ഷേപാർഹമായ ഒന്നാണു്. അതുകൊണ്ടു് ആരംഭത്തിൽ മാത്രമല്ല അവസാനംവരെ ഉത്സാഹമുള്ളവരായിരിക്കുന്ന ശീലം സമ്പാദിക്കുവാൻ പരിശ്രമിക്കണം. ആരംഭിക്കുക മാത്രംചെയ്യുന്നവർക്കല്ല, നന്നായി അവസാനിപ്പിക്കുകകൂടി ചെയ്യുന്നവർക്കേ സമ്മാനത്തിനു് അവകാശമുള്ളു. അവർമാത്രമാണു് പ്രശംസാർഹർ.

പ്രിയ കുഞ്ഞുങ്ങളേ, നിങ്ങളെല്ലാവരും നല്ല മനസ്സോടും ഔദാര്യബുദ്ധിയോടുംകൂടി ഫാത്തിമാബാലസമിതിയുടെ അംഗങ്ങളായിത്തീൎന്നു. സമിതിയുടെ ലക്ഷ്യം, മുദ്രാവാക്യം, ചുമതലകൾ മുതലായവയെക്കുറിച്ചു് ഇക്കഴിഞ്ഞ ആറേഴുമാസക്കാലത്തേക്കു തുടർച്ചയായി നിങ്ങൾ ഈ പംക്തികളിൽനിന്നു വായിച്ചു, പ്രായോഗികമായി നിങ്ങൾ ചെയ്യേണ്ട സംഗതികൾ എന്തൊക്കെയാണെന്നു് മനസ്സിലാക്കുകയും, അതനുസരിച്ചു കുറെയെല്ലാം ചെയ്യുവാൻ ആരംഭിക്കുകയും ചെയ്തിട്ടുണ്ടു്. ഇതെല്ലാം അഭിനന്ദനീയമാണു്. എന്നാൽ ഇതുകൊണ്ടു മാത്രമായില്ല. ചില പ്രത്യേക ലക്ഷ്യങ്ങൾ പ്രാപിക്കുന്നതിനുവേണ്ടിയാണു് നിങ്ങൾ പ്രവൎത്തനം ആരംഭിച്ചിട്ടുള്ളതു്. പ്രസ്തുത ലക്ഷ്യം പ്രാപിക്കുന്നതുവരെ സ്ഥിരമായി നിങ്ങളുടെ പ്രവൎത്തനങ്ങൾ തീക്ഷ്ണതയോടുകൂടി തുടൎന്നുകൊണ്ടുപോകണം. എങ്കിൽമാത്രമേ നിങ്ങൾ സാക്ഷാൽ പ്രശംസാർഹരാകയുള്ളു. അതുകൊണ്ടു് സമിതിയുടെ ലക്ഷ്യം എല്ലായ്പോഴും ഓൎമ്മയിൽ വച്ചുകൊണ്ടു സമിതിയുടെ ചുമതലകൾ ശരിയായി നിൎവ്വഹിക്കുന്നതിനു് കുഞ്ഞുമക്കളെല്ലാവരും ഉത്സുകരായിരിക്കണം.

ലോകത്തിൽ ഇന്നു് ശക്തിപ്രാപിച്ചു വരുന്ന തിന്മകൾ, പ്രത്യേകിച്ചു് കമ്മ്യൂണിസം, ഭൂമുഖത്തുനിന്നും ഇല്ലാതാകണം. ഇതാണല്ലോ ഫാത്തിമാബാലസമിതിയുടെ ഉദ്ദേശങ്ങളിൽ ഒന്നു്. ഇതിനുവേണ്ടി ഫാത്തിമാനാഥയുടെ നിർദ്ദേശാനുസരണം പ്രവൎത്തിക്കുന്ന സന്നദ്ധഭടന്മാരാണു് നിങ്ങൾ. അതുകൊണ്ടു് നിങ്ങളുടെ യുദ്ധം അഥവാ പ്രവൎത്തനം എന്നുവരെ തുടൎന്നുകൊണ്ടു പോകണമെന്നു് നിങ്ങൾക്കറിയാമായിരിക്കണം. കമ്മ്യൂണിസം നാമാവശേഷമാകുന്നതുവരെ. ഇപ്പോഴത്തെ സ്ഥിതി പറയുകയാണെങ്കിൽ റഷ്യയുടെ ശക്തി വൎദ്ധിച്ചുവരികയാണു്. അവരുടെ ക്രൂരമായ ഭരണത്തിനു് വിധേയമാകുന്ന രാജ്യങ്ങളുടെ എണ്ണവും വൎദ്ധിച്ചുവരുന്നു. നമ്മുടെ മാതൃരാജ്യത്തോടു തൊട്ടുകിടക്കുന്ന ടിബററുരാജ്യം കമ്മ്യൂണിസ്റ്റുകാർ കൈയടക്കിവരുന്നതായി പത്രങ്ങളിൽനിന്നും നിങ്ങൾ അറിഞ്ഞിട്ടുണ്ടായിരിക്കുമല്ലോ. ഒരുപക്ഷേ അധികം താമസിയാതെ കമ്മ്യൂണിസമാകുന്ന ഘോരരാക്ഷസൻെറ പൈശാചികമായ ആക്രമണങ്ങൾക്കു് നാമും വിധേയരാകുവാൻ പാടില്ലാത്തതല്ല. അങ്ങനെ ദൂരെദിക്കിൽ നടക്കുന്നതായി പറഞ്ഞുകേൾക്കുന്ന സംഭവങ്ങൾ നമുക്കോരോരുത്തൎക്കും അനുഭവപ്പെടുവാൻ പോകുന്നു. അതുകൊണ്ടു് നാം കൂടുതൽ തീക്ഷ്ണത പ്രദൎശിപ്പിക്കേണ്ട സമയം അത്യാസന്നമായിരിക്കുന്നു. നിങ്ങളുടെ തീക്ഷ്ണത മന്ദീഭവിക്കാതിരിക്കുവാനും അതു് അഭിവൃദ്ധിപ്പെടുത്തിക്കൊണ്ടു പോകുന്നതിനും ചില മാൎഗ്ഗങ്ങൾ—അനുദിനം ചെയ്യുന്ന സൽപ്രവൃത്തികളെക്കുറിച്ചു് പരിശോധന നടത്തുക മുതലായവ—വല്യച്ചൻ നിൎദ്ദേശിച്ചിരുന്നു. അവയും അവയ്ക്കു പുറമെ നിങ്ങൾക്കു യുക്തമെന്നു തോന്നുന്ന മററു മാർഗ്ഗങ്ങളും അവലംബിച്ചു് നിങ്ങൾ കൂടുതൽ തീക്ഷ്ണതയുള്ളവരായിത്തീരുകയും തീക്ഷ്ണതാപൂൎവ്വമുള്ള നിങ്ങളുടെ പ്രവൎത്തനങ്ങൾ തുടൎന്നുകൊണ്ടുപോകയും വേണം. ഈ വിഷയംസംബന്ധിച്ചു് അടുത്ത ലക്കങ്ങളിൽ തുടൎന്നുപ്രസ്താവിക്കുവാൻ വല്യച്ചൻ ഉദ്ദേശിക്കുന്നില്ല. എങ്കിലും കുഞ്ഞുമക്കളുടെ ശുഷ്കാന്തിക്കു് യാതൊരു കുറവും വരികയില്ലെന്നു് വിശ്വസിക്കുന്നു.

ഫാത്തിമാനാഥയുടെ നിർദ്ദേശാനുസരണമുള്ള കുഞ്ഞുമക്കളുടെ പ്രാൎത്ഥനകളും പ്രായശ്ചിത്തവും മററു സുകൃതങ്ങളും നമ്മുടെ പരിശുദ്ധ അമ്മയെ വളരെയധികം പ്രസാദിപ്പിക്കും. അങ്ങയുടെ പ്രിയപുത്രനിൽനിന്നും നാമാഗ്രഹിക്കുന്ന കാൎയ്യങ്ങൾ സാധിപ്പിച്ചുതരുന്നതിനു് അവ അമ്മയെ പ്രേരിപ്പിക്കും. നമ്മുടെ അപേക്ഷ ഫലവത്തായിത്തീരും. അന്ധകാരശക്തികൾ ലോകത്തുനിന്നും ഓടിയൊളിക്കും. ക്രിസ്തുവിൻെറ പ്രബോധനങ്ങൾ മനുഷ്യബുദ്ധിക്കു് സാക്ഷാത്തായ പ്രകാശം പ്രദാനംചെയ്യും. സ്നേഹരാജനായ ക്രിസ്തു മനുഷ്യഹൃദയങ്ങളെ എല്ലാം ഭരിക്കും. അങ്ങയുടെ സമാധാനം ലോകമെങ്ങും കളിയാടും. നിത്യസൗഭാഗ്യത്തിൻെറ നാന്ദി മനുഷ്യൻ ഇഹത്തിൽവച്ചു് അനുഭവിച്ചുതുടങ്ങുകയുംചെയ്യും.

ഫാത്തിമാനാഥ കുഞ്ഞുമക്കളെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

എന്നു് സ്വന്തം വല്യച്ചൻ.

For favours received



M. M. C.

ന ക്രിസ്ത്യാനികൾക്കുള്ള ആധാരമെന്താണു്? ദൈവാവതാരമായ ക്രിസ്തുവിൻെറ വാക്കുകൾ തന്നെ. എന്നാൽ ക്രിസ്തു പ്രസ്തുതതത്വം വെളിപ്പെടുത്തിയെന്നു ക്രിസ്ത്യാനികൾക്കു ബോദ്ധ്യമുള്ളതു് യുക്തിപൂൎവ്വകങ്ങളായ ന്യായങ്ങളാലാണു്. സുവിശേഷ ഗ്രന്ഥങ്ങൾ യഥാൎത്ഥ ചരിത്ര ഗ്രന്ഥങ്ങളാണെന്നും, ത്രിത്വത്തെപ്പററിയുള്ള ക്രിസ്തുവിൻെറ വെളിപാടു് അവയിൽ അടങ്ങിയിട്ടുണ്ടെന്നും ക്രിസ്ത്യാനികൾ വാദിക്കുന്നു. ഈ വാദം യുക്തിയെ മാത്രം ആധാരമാക്കിയുള്ളതാണല്ലോ. "നാലാം ശതകത്തിലും, അഞ്ചാം ശതകത്തിലും നിഖ്യായിലും, കൊൺസ്റ്റാൻറിനോപ്പോളിലും, എഫേസൂസിലും കൂടിയ സൂനഹദോസുകളാണു് ഏററവും ആദ്യത്തെ വിശ്വാസപ്രമാണങ്ങൾ രൂപവൽക്കരിച്ചതു്" എന്നു് ലേഖകൻതന്നെ സമ്മതിക്കുന്നുണ്ടു്. ഇവയിൽ നിഖ്യായിലും കൊൺസ്റ്റാൻറിനോപ്പോളിലുമാണു് ത്രിത്വത്തെപ്പററിയുള്ള വിശ്വാസപ്രമാണങ്ങൾ, ആ മൗലികതത്വം നിഷേധിച്ചവൎക്കെതിരായി, അന്നത്തെ ക്രൈസ്തവസഭ ഔദ്യോഗികമായി പ്രഖ്യാപിച്ചതു്. പുത്രൻ പിതാവിനോടു സമനായ ദൈവം അല്ലെന്നുള്ള ആരിയൂസിൻെറ അബദ്ധോപദേശത്തെ നിഖ്യായിൽവച്ചും, പരിശുദ്ധാത്മാവു് പിതാവിനോടു സമനായ ദൈവം അല്ലെന്നുള്ള മസിഡോനിയസിൻെറ അബദ്ധോപദേശത്തെ കോൺസ്റ്റാൻറിനോപ്പോളിൽവച്ചും സഭ ഔദ്യോഗികമായി അപലപിച്ചു്, ത്രിത്വത്തിലുള്ള വിശ്വാസം പ്രഖ്യാപിച്ചു. അപലപനത്തിലും പ്രഖ്യാപനത്തിലും സൂനഹദോസുകൾ സ്വീകരിച്ച ന്യായം മുകളിൽ പറഞ്ഞതാണു്. അതായതു് സുവിശേഷഗ്രന്ഥങ്ങൾ ചരിത്രഗ്രന്ഥങ്ങളാണെന്നു് യുക്തി തെളിയിക്കുന്നു. പുത്രൻ ദൈവമാണെന്നും, പരിശുദ്ധാത്മാവു് ദൈവമാണെന്നും ക്രിസ്തു പഠിപ്പിച്ചിട്ടുള്ളതായി പ്രസ്തുത ഗ്രന്ഥങ്ങളിൽ കാണാം.

ദൈവം വെളിപ്പെടുത്തിയിട്ടുണ്ടോ എന്നു പരിശോധിക്കാനും നിൎണ്ണയിക്കാനും മാത്രമല്ല, വെളിപ്പെടുത്തിയ തത്വം യുക്തിക്കു വിരുദ്ധമാണോ എന്നു പരിശോധിക്കാനും നിൎണ്ണയിക്കാനുംകൂടി കത്തോലിക്കാചിന്തകന്മാർ നിഷ്കർഷിക്കുന്നുണ്ടു്. ത്രിത്വത്തിൻെറ തത്വംതന്നെയെടുക്കാം. ദൈവം സ്വഭാവത്തിൽ (Nature) ഏകനാണെന്നും, അതേസമയംതന്നെ ത്രിത്വമാണെന്നുമുള്ള പ്രമേയം (Proposition) യുക്തിക്കു വിരുദ്ധമാണു്. ആകയാൽ അതു സ്വീകാര്യമല്ല. യുക്തിയുടേയും വെളിപാടിൻേറയും ഉല്പത്തിസ്ഥാനം ദൈവമായിരിക്കുകയാൽ, യുക്തിക്കു വിരുദ്ധമായ പ്രമേയം ദൈവം വെളിപ്പെടുത്തുക സാദ്ധ്യമല്ലെന്നും തന്മൂലം അതു ദൈവം വെളിപ്പെടുത്തിയതല്ലെന്നും കത്തോലിക്കാ ചിന്തകന്മാർ വാദിക്കും. യുക്തിക്കു വിരുദ്ധം എന്ന ന്യൂനത ത്രിത്വത്തിൻെറ വിശ്വാസത്തിലില്ല. ആ വിശ്വാസത്തിൻെറ അൎത്ഥം ദൈവം സ്വഭാവത്തിൽ ഏകനാണെങ്കിലും, ആൾ (Person) എന്ന നിലയിൽ മൂന്നാണെന്നാണു്. "സ്വഭാവം" എന്ന ആശയവും "ആൾ" എന്ന ആശയവും ഭിന്നങ്ങളാകുന്നു. എന്തു് (What) എന്ന ചോദ്യത്തിൻെറ ഉത്തരത്തെ കുറിക്കുന്ന ആശയമാണു് സ്വഭാവം; ആർ (Who) എന്ന ചോദ്യത്തിൻെറ ഉത്തരത്തെ കുറിക്കുന്ന ആശയമാണു് ആൾ. അങ്ങനെ യുക്തിക്കു് അതീതമെങ്കിലും, വിരുദ്ധമല്ലെന്നു കാണുന്നതുകൊണ്ടാണു് ത്രിത്വത്തിൻെറ പ്രമേയം കത്തോലിക്കർ വിശ്വസിക്കുന്നതു്.

ആകയാൽ "അത്ഭുതസിദ്ധികളെ കത്തോലിക്കാ ചിന്തകന്മാർ വിശ്വാസചക്ഷുസ്സുകൾകൊണ്ടു് മാത്രമാണു കാണുന്നതെ"ന്ന മി. പോത്തൻ ജോസഫിൻെറ പ്രസ്താവം അബദ്ധമാകുന്നു.

(തുടരും)

## നിങ്ങൾക്കറിയാമോ?

"നോബൽ സമ്മാനങ്ങൾ" (Nobel Prizes) എന്നാലെന്തു്?

(ഉത്തരം)

സ്വീഡനിലെ ഒരു മഹാശാസ്ത്രജ്ഞനായിരുന്ന ഡോക്ടർ ആൽഫ്റെഡ് നോബൽ ഏൎപ്പെടുത്തിയതാണു് ഈ സമ്മാനങ്ങൾ. അദ്ദേഹം 1833-ൽ ജനിക്കുകയും 1896-ൽ മരിക്കുകയുംചെയ്തു. അദ്ദേഹമാണു ഡൈനമൈററു് കണ്ടുപിടിച്ചതു്. 1,750,000 പവൻ വരുന്ന ഒരുതുക ട്രസ്റ്റികളെ ഏല്പിച്ചിട്ടാണു് അദ്ദേഹം മരിച്ചതു്. അവർ അവരുടെ ഓഫീസു് സ്വീഡൻെറ തലസ്ഥാനമായ സ്റ്റോക്കോമിൽ (Stockh lm) സ്ഥാപിച്ചിരിക്കുന്നു. ലോകത്തിൻെറ ക്ഷേമത്തിനും പുരോഗതിക്കുമായി ഏററവും വലിയ സഹായങ്ങൾ ചെയ്യുന്നവൎക്കു പ്രസ്തുതഫണ്ടിൽനിന്നു സമ്മാനങ്ങൾ നല്കണമെന്നായിരുന്നു നോബലിൻെറ നിശ്ചയം.

1901ഡിസംബർ 10-ാംനു-യാണു് ആദ്യമായി സമ്മാനങ്ങൾ നല്കപ്പെട്ടതു്. തുടൎന്നു് എല്ലാ കൊല്ലവും അവ നല്കിവരുന്നു. പ്രകൃതിശാസ്ത്രം, രസതന്ത്രം, വൈദ്യം അഥവാ ശരീരശാസ്ത്രം, സാഹിത്യം, അന്താരാഷ്ട്രസമാധാനം എന്നീ തുറകളിൽ അനന്യസാധാരണമായ സേവനമനുഷ്ഠിക്കുന്നവൎക്കാണു് സമ്മാനങ്ങൾ ലഭിക്കുന്നതു്. ഓരോ സമ്മാനവും 8,000 പവനോളം വരും.

സ്വീഡനിലെ ശാസ്ത്രസമിതി (The Swedish Academy of Science)യാണു് പ്രകൃതിശാസ്ത്രം, രസതന്ത്രം എന്നീ വിഷയങ്ങളിലെ സമ്മാനങ്ങൾ പ്രദാനംചെയ്യുന്നതു്. സ്റ്റോക്കോമിലെ വൈദ്യാദ്ധ്യാപകസമിതി (The Stockholm Faculty of Medicine) വൈദ്യം — ശരീരശാസ്ത്രം വകുപ്പിലെ സമ്മാനങ്ങളുടെ മേൽനോട്ടം വഹിക്കുന്നു. സാഹിത്യത്തിനുള്ള സമ്മാനങ്ങളാകട്ടെ സ്വീഡിഷ് സാഹിത്യപരിഷത്തിൻെറ നിയന്ത്രണപരിധിയിൽ ഉൾപ്പെടുന്നു. നോർവീജിയൻ നിയമസഭ തിരഞ്ഞെടുക്കുന്ന നാലംഗങ്ങളടങ്ങിയ ഒരു കമ്മിററി സമാധാനപരിശ്രമങ്ങൾക്കുള്ള സമ്മാനങ്ങളുടെ ഉത്തരവാദിത്വവും വഹിക്കുന്നു.

കഴിഞ്ഞലക്കത്തിലെ

പ്രശ്നങ്ങളുടെ ഉത്തരം

1) ബിസ്കററു് 100, കുട്ടികൾ 30.

2) ജോസഫിൻെറ വയസ്സു് 15, ആൻറണിയുടേതു് 12.

The Indian Insurance & Banking Corporation Ltd.,
H. O. TRICHUR.
Branches: ALWAYE, CALICUT, CHOWGHAT, SALEM, TATTAMANGALAM, TIRUR & TRICHUR
ചാവക്കാട്ടു ബ്രാഞ്ചിൽനിന്നു തുടങ്ങുന്ന പുതിയ
— കൊല്ലക്കുറി —
ഒന്നാമത്തെ തവണ 10—1—1951
കോർപൊറേഷൻ പന്തിയായി 32 നറുക്കും നറുക്കൊന്നുക്കു് 1000ക. വീതം ആകെ സല 32000കയും. 16 തവണകളും ഓരോ തവണക്കു് ഒരു നറുക്കു് എടുപ്പാനും ഒരു നറുക്കു് ലേലം വിളിപ്പാനും മററും നിശ്ചയങ്ങളോടുകൂടി 1951 ജനുവരി 10-ാംനു-മുതൽ ഒരു പുതിയ കൊല്ലക്കുറി തുടങ്ങുന്നതാകുന്നു. കുറിയിൽ കുറഞ്ഞതു 16-ൽ ഒരംശം(62ക. 8ണ.)യുടെ വീതം വരെ ചേരാവുന്നതാണു്. കൂടുതൽ വിവരങ്ങൾ ഹെഡാഫീസിലോ ബ്രാഞ്ചുകളിലോ അന്വേഷിക്കുക.
AGENT

ദി ഫെഡറൽ ബാങ്ക് ക്ലിപ്തം
H. O. ആലുവാ
ബ്രാഞ്ചുകൾ: എറണാകുളം, പെരുമ്പാവൂർ, അങ്കമാലി
ടി ബാങ്കിൻെറ ഒരു ബ്രാഞ്ചു് ചാലക്കുടിയിൽ റെയിൽവേസ്റ്റേഷൻ റോഡു് കവലയ്ക്കുള്ള വെള്ളാനിക്കാരൻ ബിൽഡിംഗ്സിൽ 1950 നവംബർ 17-ാംനു- വെള്ളിയാഴ്ച ഉച്ചതിരിഞ്ഞു് ഒന്നരമണിക്കു തുറന്നു പ്രവൎത്തനം ആരംഭിച്ചിരിക്കുന്നു. ഉൽഘാടനകൎമ്മം ശ്രീ തട്ടിൽ കൊച്ചുവറിയതു് അവർകൾ ആണു് നിൎവ്വഹിച്ചതു്.
ചെയർമാൻ

# നമ്മുടെ വിദ്യാഭ്യാസപ്രശ്നം

(പ്രഫസർ ജോസഫ് പെട്ട എം. എ.)

### വിദഗ്ദ്ധാഭിപ്രായഗതി

മാനേജ്മെൻറുകളുടെ നിലപാടു നീതിയിൽ അധിഷ്ഠിതവും നിയമത്താൽ അംഗീകൃതവും പാരമ്പര്യത്താൽ സ്ഥിരീകൃതവും ഫലസിദ്ധിയിൽ അഗ്രഗണ്യവുമാണെന്നും, ആകയാൽ ഇന്നു പല ടത്തും പൊട്ടിപ്പുറപ്പെട്ടിരിക്കുന്ന അനത്ഥങ്ങൾക്കും പണിമുടക്കിനും ഉത്തരവാദികൾ മാനേജർമാരല്ലെന്നും, പ്രത്യുത ഗവമ്മെൻറും അവരുടെ വഴിപിഴച്ചതും ദുരുപദിഷ്ടവുമായ നൂതനനയവുമാണെന്നും ഇതുവരെ പ്രസ്താവിച്ച സംഗതികൾ ധാരാളം തെളിയിക്കുന്നുണ്ടു്. ഇനിയും കൂടുതൽ തെളിവുവേണമെങ്കിൽ, പുതിയ പദ്ധതി സംബന്ധിച്ച വിദ്യാഭ്യാസവിചക്ഷണന്മാരും പ്രമുഖപത്രങ്ങളും പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങളിലേക്കു ഒന്നു കണ്ണോടിക്കാം. രാഷ്ട്രീയവും സാമുദായികവുമായ പ്രശ്നങ്ങളിൽ അഗാധമായ പര്യവേക്ഷണം നടത്തി അനന്യസാധാരണമായ പാണ്ഡിത്യം നേടിയിട്ടുള്ള ഒരു പ്രമുഖനേതാവും അന്നാമല സർവ്വകലാശാലയുടെ വൈസ് ചാൻസലറായി ശോഭിച്ചിട്ടുള്ള സുപ്രസിദ്ധ വിദ്യാഭ്യാസപ്രവത്തകനുമായ ഷെവലിയർ രത്നസ്വാമി പറയുന്നതു് ഇപ്രകാരമാണു്: "സ്വകാര്യസ്ഥാപനങ്ങളുടെ സ്വാതന്ത്ര്യത്തിൽ ഇതിൽപ്പരം അന്യായമായ ഒരു കൈകടത്തലിനെപ്പററി ചിന്തിക്കപോലും സാദ്ധ്യമല്ല.... ...വിദ്യാഭ്യാസകാര്യത്തിലുള്ള സ്വകാര്യയത്നങ്ങളോടു ഗവമ്മെൻറ് പ്രകടിപ്പിക്കുന്ന ഈ അവമതി വിദ്യാഭ്യാസത്തിനോ ഗവമ്മെൻറിനോ യാതൊരു നന്മയും വരുത്തുവാൻ പോകുന്നില്ല." ഒരുപക്ഷെ, മി. രത്നസ്വാമി ഒരു ക്രിസ്ത്യാനി ആയതുകൊണ്ടു ക്രൈസ്തവമാനേജ്മെൻറുകളോടുള്ള പക്ഷപാതത്താൽ പ്രേരിതനായി ഇങ്ങനെയൊരു അഭിപ്രായം പുറപ്പെടുവിച്ചതാണെന്നു വല്ലവരും വാദിച്ചേക്കാം. എന്നാൽ മദ്രാസ് സർവകലാശാലാ വൈസ് ചാൻസലർ സർ ലക്ഷ്മണസ്വാമി മുതലിയാരെപ്പററി അങ്ങനെ ഒരാക്ഷേപം പുറപ്പെടുവിക്കുന്നതിനു ആക്കും സാദ്ധ്യമല്ല. വിദ്യാഭ്യാസപ്രവത്തനത്തിൽ അതീവപരിജ്ഞാനവും പരിചയവും കരസ്ഥമാക്കിയിട്ടുള്ള ഈ പ്രമാണപുരുഷൻ പറയുന്നതു ശ്രവിച്ചാലും: "It is with deep concern that we have noted the recent enactments seriously interfering with the autonomy of such educational institutions and gravely affecting their prestige and influence...If I have been led to these reflections, it is because of the trend of legislations in some of the states, which should cause considerable uneasiness to all those concerned with higher education." ഇനിയും പൊതുജനാഭിപ്രായത്തിൻെറ വക്താക്കളായ പ്രമുഖപത്രങ്ങൾ എന്തു പറയുന്നു എന്നു നോക്കാം. നിഷ്പക്ഷവും നിർഭയവുമായ അഭിപ്രായപ്രകടനംകൊണ്ടു സുദീർഘമായ ഉൽകൃഷ്ടപാരമ്പര്യം സൃഷ്ടിച്ചിട്ടുള്ള മദ്രാസ് മെയിലിൻെറ പ്രസ്താവനകൾ ഇതിനകം ഒന്നിലധികം പ്രാവശ്യം ഉദ്ധരിച്ചിട്ടുണ്ടു്. ഒരുദ്ധരണികൂടി ഇവിടെ ചേത്തുകൊള്ളുന്നു: 'വിദ്യാഭ്യാസം കൂടുതൽ വിസ്തൃതമായതോതിൽ പ്രചരിപ്പിക്കുന്നതിനു പ്രൈവററ് ഏജൻസികൾക്കു നിർലോഭമായ പ്രോത്സാഹനം നല്കുകയാണുവേണ്ടതു്. സ്കൂൾ നടത്തുന്നതിനു അവക്കുള്ള സ്വാതന്ത്ര്യത്തെ അപഹരിക്കരുതു്. എന്നാൽ പ്രൈവററ് മാനേജ്മെൻറുകളുടെമേൽ ദുർവഹങ്ങളായ നിയന്ത്രണങ്ങൾ ഏപ്പെടുത്താനാണു തിരു-കൊച്ചി മന്ത്രിസഭ ശ്രമിക്കുന്നതു്. അവരുടെ ഇപ്പോഴത്തെ പദ്ധതി പ്രൈവററ് വിദ്യാഭ്യാസഏജൻസികളെ ശിഥിലപ്പെടുത്തുകയും അവരുടെ പാരമ്പര്യത്തെ ശ്വാസംമുട്ടിക്കുകയും അവരുടെ പ്രവത്തനസന്നദ്ധതയും പരിശ്രമവും വിഘാതപ്പെടുത്തുകയും ചെയ്യുന്നു. ഏകയോഗക്ഷേമമായി അനുസരണയിലും ആത്മാത്ഥതയിലും ജോലിചെയ്യുന്നതിനു തക്ക അദ്ധ്യാപകാദ്ധ്യാപികമാരെ തിരഞ്ഞെടുത്തുകൊണ്ടു സുഗമവും കാര്യക്ഷമവുമായ രീതിയിൽ സ്കൂൾ നടത്തിക്കൊണ്ടുപോകുന്നതിനു മാനേജ്മെൻറിനുണ്ടായിരുന്ന അവകാശവുംസ്വാതന്ത്ര്യവും ഈ പദ്ധതിമൂലം ഇല്ലാതാകുന്നു." മെയിലിൻെറ ഈ അഭിപ്രായംതന്നെയാണു മററൊരു പ്രശസ്തപത്രമായ "ടൈംസ് ഓഫ് ഇൻഡ്യാ" (Times of India)യും പ്രകടിപ്പിച്ചിട്ടുള്ളതു്.

അതുകൊണ്ടും മതിവരുന്നില്ലെങ്കിൽ മദ്രാസിൽനിന്നു പുറപ്പെടുന്ന അതിപ്രബലകോൺഗ്രസ്പത്രമായ "ഹിൻഡു" (The Hindu)വിലേക്കു് ഒന്നു എത്തിനോക്കാം. ക്രിസ്തീയ പക്ഷപാതിത്വം ലവലേശം തീണ്ടിയിട്ടില്ലാത്തതും അത്തരം പക്ഷപാതശങ്കപ്പോലും വിധേയമല്ലാത്തതുമായ പ്രസ്തുതപത്രം, സാംസ്കാരികസ്വാതന്ത്ര്യം പരിഗണിച്ചുകൂടെയും പ്രൈവററ് സെക്കണ്ടറിസ്കൂളുകൾക്കു ഉണ്ടായിരിക്കേണ്ട പ്രവത്തനസ്വാതന്ത്ര്യത്തെപ്പററിപ്രസ്താവിച്ചശേഷം, ഇപ്രകാരം തുടരുന്നു: "We confess we therefore find it difficult to understand the Government's decision that managements should make appointments of teachers from a list framed by the Public Service Commission and the Director of Public Instruction...if the Government were only concerned to maintain standards of qualification for teachers, they could surely have gained their objective by a far less drastic interference with the rights of management. They could have laid down minimum qualifications and satisfied themselves through their inspectorate that only teachers who possessed these qualifications were employed. Instead, to ask managements to choose from a panel drawn up by outside agencies like the Public Service Commission and the D. P. I. might result in the ignoring of local talent and infiltration of extraneous conditions which are not likely......to make for efficiency. The Education Minister's contention that this step does not in any way "take away the fundamental right of managements in regard to appointment of teachers" is altogether unconvincing."

ഏവംവിധം സുപ്രസിദ്ധ ചിന്തകന്മാരുടേയും സാമാന്യജനങ്ങളുടേയും ശക്തിയായ പ്രതിഷേധത്തിനും അവഹേളനത്തിനും ഒരുപോലെ പാത്രീഭവിച്ചിട്ടുള്ള ഈ പ്രതിലോമപദ്ധതി ഇനിയെങ്കിലും വേണ്ടെന്നുവയ്ക്കുന്നതിനും, അനാശാസ്യങ്ങളായ ദുർഘടവ്യവസ്ഥകൾക്കൂടിഘടിപ്പിക്കാതെ, അദ്ധ്യാപകന്മാരുടെ അവശതകൾ പരിഹരിക്കുന്നതിനു പര്യാപ്തമായ ഒരു പദ്ധതി രൂപവൽക്കരിക്കുന്നതിനും വേണ്ടത്തക്ക ആത്മാത്ഥതയും സൗമനസ്യവും നമ്മുടെ ഭരണനേതാക്കന്മാക്കുണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു.

### ചില തെററിദ്ധാരണകൾ

വിദ്യാഭ്യാസം ഗവമ്മെൻറു് കുത്തകയാക്കുന്നതിനുള്ള ഒരു ഗൂഢസംരംഭത്തോടാണു നാം ഏററുമുട്ടിയിരിക്കുന്നതെന്നും, പുതിയ വിദ്യാഭ്യാസപദ്ധതി അതിൻെറ ഒരു പ്രാരംഭമാണെന്നും കണ്ടു കഴിഞ്ഞു. അടുത്തതായി നമ്മുടെ ചിന്തയ്ക്കു വിഷയീഭവിക്കേണ്ടതുഈഗൂഢസംരംഭത്തെ അനുകൂലിക്കുകയും ത്വരിതപ്പെടുത്തുകയും ചെയ്യുന്ന ചില സാമാന്യ തെററിദ്ധാരണകളാണു്. പലവുരു ആവത്തിക്കപ്പെടുക നിമിത്തം ജനബോധത്തിൽ രൂഢമൂലമായിത്തീന്നിട്ടുള്ള ഈ അബദ്ധധാരണകൾ പാടേ വിപാടനം ചെയ്യെങ്കിൽ മാത്രമേ വിദ്യാഭ്യാസപ്രവത്തനസ്വാതന്ത്ര്യത്തിൻെറ യുക്തിയുക്തത ശരിയായി ഗ്രഹിക്കുന്നതിനു അവക്കു സാധ്യമാകയുള്ളൂ. "The Education of the citizens is primarily the duty of the state" പൗരവിദ്യാഭ്യാസം പ്രഥമതഃ രാഷ്ട്രത്തിൻെറ ചുമതലയാണു്, എന്ന പ്രസ്താവന നാം ധാരാളം കേട്ടു തഴമ്പിച്ചിട്ടുള്ളതും തന്നിമിത്തം ശരിയാണെന്നു ധരിച്ചുവശായിട്ടുള്ളതുമാണു്. പനമ്പിള്ളി മന്ത്രിയും ഈ ആശയം തന്നെയാണല്ലോ നിയമസഭയിൽ പ്രകടമാക്കിയതു്. പക്ഷെ അതൊരു അർദ്ധസത്യം മാത്രമാണു്; തന്മൂലം ദുർവ്യാഖ്യാനം ചെയ്യപ്പെടുവാൻ ഇടയുള്ളതുമാണു്. അതിലുള്ള അബദ്ധവും സുബദ്ധവും വിവേചിച്ചു മനസ്സിലാക്കുന്നതിനു കൂട്ടാക്കാത്തതുകാരണം എത്രമാത്രം നാശകരങ്ങളായ അനുമാനങ്ങളിലാണു നാം പലപ്പോഴും എത്തിച്ചേരുന്നതു്.

പൗരവിദ്യാഭ്യാസം രാഷ്ട്രത്തിൻെറ ചുമതലയാണു്; ശരി. പക്ഷെ ആ ചുമതലയുടെ സ്വഭാവവും പരിധിയും നിണ്ണയിക്കുകയും ക്ലിപ്തപ്പെടുത്തുകയും ചെയ്യുന്ന മറെറാരു മൗലികപ്രമാണമുണ്ടു്. "തങ്ങളുടെ കുട്ടികളെ വിദ്യ അഭ്യസിപ്പിക്കേണ്ട ചുമതലയും തന്നിമിത്തം അതിനുള്ള അവകാശവും പ്രഥമമായും പ്രധാനമായും മാതാപിതാക്കന്മാരിൽ സ്ഥിതിചെയ്യുന്നു," എന്നുള്ളതാണു് ആ പ്രമാണം. രക്തബന്ധത്തിലും പ്രകൃതിനിയമത്തിലും സുദൃഢം വേരൂന്നിനിൽക്കുന്ന പ്രസ്തുതഅധികാരാവകാശങ്ങൾ അപ്രതിരോധ്യവും അപരിമിതവുമാണു്. അവയ്ക്കു എതിരായി മററാരുടെയും അവകാശാധികാരങ്ങൾ പ്രബലപ്പെടുന്നതല്ല. മറിച്ചു, രാഷ്ട്രത്തിൻെറ വിദ്യാഭ്യാസചുമതല സോപാധികവും ക്ലിപ്തവുമാണു്. മാതാപിതാക്കന്മാരെ അവരുടെ ചുമതലാനിവ്വഹണത്തിൽ സഹായിക്കുക; അതിലേക്കുവേണ്ട ആനുകൂല്യങ്ങളും സജ്ജീകരണങ്ങളും ചെയ്തുകൊടുക്കുക; പോരായ്മകൾ പരിഹരിക്കുക—ഇതാണു രാഷ്ട്രത്തിൻെറ കടമ. അല്ലാതെ, മാതാപിതാക്കന്മാരെയോ അവരുടെ പ്രതിപുരുഷന്മാരെയോ വിദ്യാഭ്യാസരംഗത്തുനിന്നു നിഷ്കാസനം ചെയ്യുന്നതിനോ, അവരുടെ അവകാശങ്ങൾ അണുപോലും പിടിച്ചുപററുന്നതിനോ രാഷ്ട്രത്തിനു അധികാരമില്ല. അങ്ങനെ ചെയ്യുന്നപക്ഷം അതു അനധികൃതവും അന്യായവും, എന്നല്ല അത്യധികം ആപൽക്കരവുമായിരിക്കും. തങ്ങളുടെ കുട്ടികളെ ഏതേതു വിദ്യാലയങ്ങളിലാണു അയക്കേണ്ടതു്, ഏതെല്ലാം വിഷയങ്ങളാണു അവർ പഠിക്കേണ്ടതു്, എത്രകാലം പഠിക്കണം, അവരുടെ അദ്ധ്യാപകന്മാർ ഏതുതരക്കാരായിരിക്കണം എന്നെല്ലാം തീരുമാനിക്കേണ്ടതു മാതാപിതാക്കന്മാരാണു്. കുട്ടികളെ ജനിപ്പിച്ചു വളത്തിപരിപാലിക്കുകയും അവരുടെ ശാരീരികജീവസന്ധാരണത്തിനു ആവശ്യമായ ഭക്ഷണം സംഭരിച്ചു ക്രമീകരിച്ചു കൊടുക്കുകയും ചെയ്യുന്നവർതന്നെയാണു് അവരുടെ ആദ്ധ്യാത്മികജീവപരിപോഷണത്തിനുആവശ്യമായ മാനസികവും സാന്മാർഗ്ഗികവുമായ ഭക്ഷണം സംഭരിച്ചു ക്രമപ്പെടുത്തി കൊടുക്കുന്നതിനു, അതായതു് അവരുടെ വിദ്യാഭ്യാസപരിപാടി നിശ്ചയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിനു് ഉള്ള അധികാരവും ഉണ്ടായിരിക്കേണ്ടതു്. പരിപാവനമായ ഒരു ചുമതലയിൽനിന്നാണു് ഈ അധികാരാവകാശങ്ങൾ ഉൽഭൂതമാകുന്നതു്. ആ ചുമതല സമ്യക്കായി നിവ്വഹിക്കുന്നതിനു പ്രതിപുരുഷന്മാരെ ഭരമേല്പിച്ചാൽതന്നെയും അതിനുള്ള ഉത്തരവാദിത്വത്തിൽനിന്നു മാതാപിതാക്കന്മാർ ഒഴിവാകുന്നില്ല.

കത്തോലിക്കാ മാതാപിതാക്കന്മാരാകട്ടെ, അവരുടെ കുട്ടികളുടെ ഐഹിക

(ശേഷം 8-ാം പേജിൽ)


## ക്രിസ്തുമസ് കാർഡുകൾ വില്പനയ്ക്കു തയ്യാർ

6 ണ. 5 ണ. 4 ണ. 3 ണ.

മൊത്തമായെടുക്കുന്ന കച്ചവടക്കാക്കു് പ്രത്യേകകമ്മീഷൻ. സാമ്പിൾ സെററിനു 1 ക. മണിയോർഡർ അയക്കുക.

മലബാർ ഫർണിച്ചർ മാർട്ടു്, ബ്രോഡുവേ—എറണാകുളം



## വജ്രമണികൾ വില 5 ണ.

പുരോഗമനേച്ഛുക്കളായ ചില യുവസാഹിത്യകാരന്മാരുടെ തൂലികാവിലാസം. മനോഹരങ്ങളായ ചെറുകഥകളുടെ സമാഹാരം. സാഹിത്യം തുളുമ്പുന്ന ഭാഷ. ഹൃദയാവർജ്ജകമായ പ്രതിപാദനം.

ചെറുപുഷ്പം പ്രസ്സ്, മഞ്ഞുമ്മൽ


## ചരമം

കമ്മലീത്താസഭാംഗമായ സിസ്റ്റർ ജൂല്യാ, ശ്രീമാൻ ആൻറണി വി. അക്കരാ, ഒല്ലൂർ കത്തോലിക്കാ കോൺഗ്രസ്സുപ്രസിഡണ്ടു് മീസ്റ്റർ പോൾ വി. അക്കര എന്നിവരുടെ വത്സലമാതാവും, ഭക്തയും, ഗുണവതിയുമായ ശ്രീമതി കുഞ്ഞായി വാർദ്ധക്യസഹജമായ രോഗംനിമിത്തം അന്ത്യകൂദാശകളെല്ലാം സ്വീകരിച്ചു ഇക്കഴിഞ്ഞ ഒക്ടോബർ 31-ാംതീയതി അതിരാവിലെ 4 മണിക്കു കത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. ടിയാരുടെ ആത്മാനുകൂലാത്ഥം ഭക്തജനങ്ങൾ പ്രാത്ഥിപ്പാറാകണം.

## ചരമവാഷികം



കൊളമ്പിൽവച്ചു 1949 നവമ്പർ 27-ാംനു 22-ാമത്തെ വയസ്സിൽ ചരമമടഞ്ഞ എളങ്കുന്നപ്പുഴ കൊച്ചലിപറമ്പിൽ ജോൺ തോമൻകുട്ടി.

R. I. P.

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ലഭിച്ച അനുഗ്രഹങ്ങൾക്കു് കൃതജ്ഞത. വെളിയത്തു (കൂവക്കാടൻ)

ഔസേപ്പു തോമസ്, കൊരട്ടി


## 3 സ്ഥലങ്ങളിൽ!

**തൃശ്ശൂർ** റെയിൽവെ സ്റ്റേഷനു കിഴക്കുവശമുള്ള ഫ്രാൻസിസ് ബിൽഡിങ്ങ്സിൽ എല്ലാ തിങ്കളാഴ്ചയും കാലത്ത് 8 മുതൽ വൈകുന്നേരം 5മണി വരെയും,

**എറണാകുളം** സൌത്ത് റെയിൽവെ സ്റ്റേഷനു സമീപമുള്ള കെട്ടിടത്തിൽ എല്ലാ ബുധനാഴ്ചയും കാലത്ത് 9 മുതൽ വൈകുന്നേരം 4മണി വരെയും,

**ആലുവാ** റെയിൽവെ സ്റ്റേഷനു കിഴക്കുവശമുള്ള പങ്കജം ബിൽഡിങ്ങ്സിൽ എല്ലാ വ്യാഴാഴ്ചയും കാലത്ത് 8 മുതൽ വൈകുന്നേരം 4 മണി വരെയും,

വയറുവേദന, മൂലക്കുരു, ഗ്യാസ്ട്രബ്ൾ, നീർവീഴ്ച, ചുമ, ഏങ്ങൽ, രക്തദുഷ്ടം, രക്തവാതം, രക്തപിത്തം, വായുകോപം, നീരിറക്കം, അസ്ഥിസ്രാവം,

തുടങ്ങിയ ചില രോഗങ്ങൾ മൂലം ദീർഘകാലമായി ക്ലേശമനുഭവിക്കുന്നവർക്കും, ക്ഷയാരംഭമുള്ളവർക്കും നിവാരണമാർഗ്ഗം ഉപദേശിപ്പാനായി **കാളത്ത് പാവുണ്ണി ഔസേപ്പ് വൈദ്യൻ** ഉണ്ടായിരിക്കുന്നതാണ്

**കാളൻ** ആയുർവ്വേദിക്ക് ഫാർമസി,

(റെയിൽവേ സ്റ്റേഷനു സമീപം) നെല്ലായി P.O

TELE: 'KALAN' TRICHUR.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., ബി. എ.

Vol. 24 ‖ ERNAKULAM. NOVEMBER 22 1950 ‖ No. 14


# സോഷ്യലിസ്റ്റ് പണിമുടക്കുകൾ തൊഴിലാളികൾക്കു ദ്രോഹകരം

ഇൻഡ്യൻ സോഷ്യലിസ്റ്റ് പാർട്ടി പുതുതായി പ്രഖ്യാപിച്ച നയപരിപാടികളിൽ, ഈ രാജ്യത്തിലെ ഭരണാധികാരം പിടിച്ചെടുക്കുവാൻ തൊഴിലാളികളെ കൂടുതൽ വിപുലമായി സംഘടിപ്പിക്കണമെന്നും അവരിൽ സമരമനോഭാവം പൂർവ്വാധികം കൈവളർത്തണമെന്നും നിശ്ചയിച്ചിട്ടുണ്ടല്ലോ. ഇതു പ്രയോഗത്തിൽ വരുത്തുവാൻ പണിമുടക്കുകളും സിവിൽ നിയമലംഘനങ്ങളും പരിപാടികളിൽ ഉൾപ്പെടുത്തുകയും, അവ വ്യവസ്ഥാപിതമാർഗ്ഗങ്ങളായി ഗണിക്കപ്പെടുവാൻ പാടില്ലെങ്കിലും ഡെമൊക്രാറ്റിക് തത്വങ്ങൾക്കു യോജിച്ചവയാണെന്നു വാദിക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ ജൂലൈമാസത്തിൽ മദ്രാസിൽവച്ചു നടത്തിയ സോഷ്യലിസ്റ്റ് പാർട്ടിയുടെ വാർഷികത്തിൽ ഈ നയപരിപാടികൾ സ്ഥിരീകരിക്കപ്പെട്ടു. ഇതനുസരണം നടത്തിയ ആദ്യത്തെ പണിമുടക്കാണ് ബോംബെയിലെ ടെക്സ്റ്റൈൽ തൊഴിലാളികളുടേതു്.

### ബോംബെയിലെ ടെക്സ്റ്റൈൽ തൊഴിലാളി പണിമുടക്ക്

ഇൻഡ്യയിലെ ടെക്സ്റ്റൈൽ മില്ലുകൾ അധികവും ബോംബെയിലാണുള്ളതു്. അവിടെ 62-ൽപരം മില്ലുകളുണ്ട്. അവയിൽ പല ഷിഫ്റ്റുകളിലായി ഏകദേശം 225 000 തൊഴിലാളികൾ ജോലിചെയ്യുന്നു. മില്ലുടമസ്ഥന്മാരും തൊഴിലാളികളുംതമ്മിൽ ബോണസിനെയും മററും സംബന്ധിച്ചു തർക്കമുണ്ടായി "വ്യവസായതർക്കനിയമ"മനുസരിച്ചു പ്രസ്തുതതർക്കം ബോംബെയിലെ വ്യവസായക്കോടതിയുടെ തീരുമാനത്തിനു് സമർപ്പിക്കപ്പെട്ടു. ബോണസ്സ് കൊടുക്കുവാൻ മാത്രം തങ്ങൾക്കു് ആദായമുണ്ടായിട്ടില്ലെന്നായിരുന്നു മില്ലുടമസ്ഥന്മാരുടെ വാദം. തൊഴിലാളികളാകട്ടെ, മൂന്നുമാസത്തെ അടിസ്ഥാനക്കൂലിയും ഡിയർനസ്സ് അലവൻസും തങ്ങൾക്കു ബോണസായി ലഭിക്കണമെന്നു വാദിച്ചു. ഇരുഭാഗത്തെയും വാദങ്ങൾ കേട്ടശേഷം വ്യവസായക്കോടതി കഴിഞ്ഞ ജൂലൈ 8-ാനു വിധി പ്രസ്താവിച്ചു. മില്ലുടമസ്ഥന്മാർ രണ്ടുമാസത്തെ കൂലി, രണ്ടുഗഡുവായി—ആഗസ്റ്റ് 14-ം സെപ്റ്റംബർ 14-ം തീയതികളിൽ—തൊഴിലാളികൾക്കു നല്കണമെന്നായിരുന്നു വിധിയുടെ താല്പര്യം. ഇതിന്മേൽ വ്യവസായ അപ്പീൽക്കോടതിയിൽ ആവലാതിബോധിപ്പിക്കുവാൻ, മില്ലുടമസ്ഥന്മാർ തീർച്ചയാക്കി. "വ്യവസായതർക്കനിയമ"ത്തിൽ വ്യവസ്ഥചെയ്തിട്ടുള്ള വ്യവസായ അപ്പീൽക്കോടതി അപ്പോൾ സ്ഥാപിച്ചുകഴിഞ്ഞിട്ടില്ലായിരുന്നു. ബോംബെ സംസ്ഥാനകോടതിയുടെ വിധിയിന്മേൽ തങ്ങൾക്കപ്പീലുണ്ടെന്നും, അതു കേൾക്കുവാൻ അപ്പീൽക്കോടതി കഴിയുംവേഗം ഏർപ്പെടുത്തണമെന്നും മില്ലുടമസ്ഥന്മാർ യൂണിയൻ ഗവർമ്മെൻറിനെ ബോധിപ്പിച്ചു. കീഴ്ക്കോടതിയുടെ വിധികഴിഞ്ഞാൽ 30 ദിവസത്തിനുള്ളിൽ അപ്പീൽ ബോധിപ്പിക്കണമെന്നായിരുന്നു നിയമത്തിലെ വ്യവസ്ഥ.

രണ്ടേകാൽ ലക്ഷത്തോളമുള്ള ബോംബെയിലെ ടെക്സ്റ്റൈൽ തൊഴിലാളികളിൽ ഐ. എൻ. ടി. യു. സി. യുടെ (ഇൻഡ്യൻ നാഷണൽ ട്രേഡ് യൂണിയൻ കോൺഗ്രസ്സ്) പിടിയിലുള്ള "രാഷ്ട്രീയ മിൽ മസ്ദൂർ സംഘം" എന്ന യൂണിയനിൽ 40,000 വും, ഐ. എസ്. പി. യുടെ (ഇൻഡ്യൻ സോഷ്യലിസ്റ്റ് പാർട്ടി) പിടിയിലുള്ള "മിൽ മസ്ദൂർ സഭ" എന്ന തൊഴിലാളിയൂണിയനിൽ 15,000 വും, കമ്മ്യൂണിസ്റ്റ് പിടിയിലുള്ള "ഗിർനികാംഗർ" യൂണിയനിൽ 3000 വും പേരുണ്ട്. ഇവരിൽ മിൽ മസ്ദൂർ സഭ ബോംബേ പട്ടണത്തിലെ ടെക്സ്റ്റൈൽ തൊഴിലാളികളുടെ ഒരു പൊതുപണിമുടക്കു് ആഗസ്റ്റ് 14-ാനു മുതൽ തുടങ്ങണമെന്നു നിശ്ചയിച്ചു. അവരുടെ ആഭിമുഖ്യത്തിൽ ജൂലൈ 30-ാം തീയതി 5000 ടെക്സ്റ്റൈൽ തൊഴിലാളികൾ യോഗംകൂടി, മസ്ദൂർ സഭയുടെ നിശ്ചയത്തെ പിന്താങ്ങിയും, വ്യവസായകോടതിയുടെ വിധി സ്വീകരിക്കുവാൻ മില്ലുടമസ്ഥന്മാർ വിസമ്മതിക്കുന്നതിൽ പ്രതിഷേധിച്ചും പ്രമേയം പാസാക്കി. അന്നുതന്നെ ഗിർനി കംഗർ യൂണിയൻെറ ആഭിമുഖ്യത്തിൽ 20 000 തൊഴിലാളികളുടെ വേറൊരു യോഗംകൂടി. മില്ലുടമസ്ഥന്മാരുമായുള്ള തർക്കത്തിൽ പ്രസ്തുത യൂണിയൻെറ വാദം ആറുമാസത്തെക്കൂലിയും ഡിയർനസ്സ് അലവൻസും ബോണസായി ലഭിക്കണമെന്നായിരുന്നു. അവരും പണിമുടക്കുനടത്തുവാൻ തീരുമാനിച്ചു. എന്നാൽ മസ്ദൂർ സഭയോടു യോജിച്ചല്ല, ടെക്സ്റ്റൈൽ തൊഴിലാളികളുടെ സംയുക്തവും സാമാന്യവുമായ പണിമുടക്കുനിരൂപീകരിക്കുവാൻ തങ്ങൾ തയ്യാറാണെന്നും, അതിനവർ സമ്മതിക്കുന്നപക്ഷം തങ്ങളുടെ വാദം മൂന്നുമാസത്തെ ബോണസായി കുറയ്ക്കുവാൻ തങ്ങൾ തയ്യാറാണെന്നും അവർ തീരുമാനംചെയ്തു. ഈ നിശ്ചയങ്ങൾ വെളിക്കുവന്നപ്പോൾ ബോംബേഗവർമ്മെൻറ്, പണിമുടക്കുസംരംഭകർക്കു് എതിരായി മുന്നറിയിപ്പും താക്കീതും നല്കി. അതിൻെറ താല്പര്യം ഇങ്ങനെയായിരുന്നു. വ്യവസായക്കോടതിയുടെ വിധി നിലവിലിരിക്കുമ്പോൾ ഏതു പണിമുടക്കും നിയമവിരുദ്ധമായിരിക്കും. മില്ലുടമസ്ഥന്മാർ നിയമവിരുദ്ധമായി പ്രവർത്തിക്കുമെന്നു് വിചാരിക്കുവാൻ ന്യായം കാണുന്നില്ല. കോടതിയുടെ ഏതെങ്കിലും ഉത്തരവിനാൽ ന്യായമായി തടഞ്ഞുനിർത്തപ്പെടാത്തപക്ഷം പ്രസ്താവിക്കപ്പെട്ട വിധി മില്ലുടമസ്ഥന്മാർ നിറവേററുമെന്നാണു് ഗവർമ്മെൻറ് പ്രതീക്ഷിക്കുന്നതു്. നിറവേററാത്തപക്ഷം അതിനുവേണ്ട പ്രതിവിധികൾ സംസ്ഥാനത്തിലേയും കേന്ദ്രത്തിലേയും നിയമങ്ങളിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. ഈ സാഹചര്യങ്ങളിൽ നിയമവിരുദ്ധമായ പണിമുടക്കിനു പുറപ്പെടുന്നതു് ബുദ്ധിശൂന്യവും തൊഴിലാളിതാല്പര്യങ്ങൾക്കു് ഉപദ്രവകരവുമായിരിക്കും. തന്മൂലം കോടതിയുടെ ന്യായമായ ഉത്തരവുകൾ സ്വീകരിക്കണമെന്നും, അവ സംബന്ധിച്ചെടുക്കുന്ന ഏതു നടപടിയും വ്യവസ്ഥാപിതവും നിയമാനുസൃതവും ആയിരിക്കണമെന്നും, സകല തൊഴിലാളികളേയും മില്ലുടമസ്ഥന്മാരേയും ഗവർമ്മെൻറ് ഉദ്ബോധിപ്പിക്കുന്നു. ഈ മുന്നറിവും താക്കീതും അവഗണിച്ചു മസ്ദൂർസഭയുടെ നേതൃത്വത്തിൽ ടെക്സ്റ്റൈൽ തൊഴിലാളികൾ ആഗസ്റ്റ് 17-ാനു പണിമുടക്കു ആരംഭിക്കുകതന്നെ ചെയ്തു.

### പണിമുടക്കും നിരോധനങ്ങളും അക്രമങ്ങളും

പണിമുടക്ക് ആരംഭിച്ചതോടുകൂടി ബോംബെയിലെ മില്ലുകൾ ഓരോന്നോരോന്നായി പൂട്ടിയിടേണ്ടിവന്നു. പണിമുടക്കിയ തൊഴിലാളികൾ സാമാന്യേന സമാധാനപരമായി വർത്തിച്ചെങ്കിലും പണിമുടക്കാത്തവരുടെ നേരെ ഭീഷണികളും കല്ലേറും മററക്രമങ്ങളും പ്രയോഗിക്കപ്പെട്ടു. സമാധാനലംഘനം ഭയന്നു് പബ്ലിക് മീററിംഗുകളും ഘോഷയാത്രകളും ഗവർമ്മെൻറു നിരോധിച്ചു. നിരോധനങ്ങൾ ലംഘിക്കുവാൻ തൊഴിലാളികൾ ചെയ്ത ശ്രമങ്ങളുടെ ഫലമായി ലാത്തിച്ചാർജ്, ടിയർഗ്യാസ്സ് പ്രയോഗം, വെടിവെയ്പ്, അറസ്റ്റ് മുതലായവ നടന്നു. നാലാം ദിവസമായപ്പോഴേക്കും 47 മില്ലുകളോളം തൊഴിലാളികളില്ലാത്തതിനാൽ പൂട്ടിയിടേണ്ടിവന്നു. അപ്പോഴേക്കും നിശ്ചിതകാലത്തേക്കു പണിമുടക്കാരംഭിച്ച മസ്ദൂർസഭയ്ക്കു ടെക്സ്റ്റൈലിൽ പെടാത്ത, ബോംബെയിലും മററു സ്ഥലങ്ങളിലുമുള്ള, പല തൊഴിലാളിയൂണിയനുകളുടേയും സഹാനുഭൂതിയും പിന്തുണയും അഭിനന്ദനവും ലഭിച്ചുതുടങ്ങി. ബോംബെയിലെ ട്രാംവണ്ടി, ഫാക്ടറി ബാങ്ക്, ഗവർമ്മെൻറ് ആഫ് ഇൻഡ്യാവക നാണയക്കമ്മട്ടം, കപ്പൽപ്പണി എന്നിവയിലെ തൊഴിലാളികൾ പ്രതിനിധീകരിക്കുന്ന യൂണിയനുകളും, മസ്ദൂർസഭയോടു അഫിലിയേറ്റ് ചെയ്തിട്ടുള്ളതും, ഇൻഡ്യയിലെ മററു ഭാഗങ്ങളിലുള്ളതുമായ യൂണിയനുകളും ഇങ്ങനെ ചെയ്തു. പണിമുടക്കിൻെറ 7-ാം ദിവസം ഐ. എസ്. പി. ജനറൽ സിക്രട്ടറി ശ്രീ അശോകമേത്ത ന്യൂഡൽഹിയിൽ ചെയ്ത പ്രസ്താവത്തിൽ ഈ പണിമുടക്കു നീതീകരിക്കുകയും, അതിൻെറ ക്രമപ്രബുദ്ധമായ ശക്തിയെ അഭിനന്ദിക്കുകയും, ബോണസു നൽകാനുള്ള മില്ലുടമസ്ഥന്മാരുടെ വിസമ്മതത്തെ അപലപിക്കുകയും, നിയമവിരുദ്ധമെന്നു പറഞ്ഞു പണിമുടക്കുകാര്യത്തിൽ ഇടപെടാതിരുന്നതിലും നിരോധനലംഘനത്തിനെതിരായി അറസ്റ്റുകൾ തുടങ്ങിയ നടപടികൾ സ്വീകരിച്ചതിലും ഗവർമ്മെൻറിനെ കുററപ്പെടുത്തുകയും ചെയ്തു.

### പൊതുപണിമുടക്കം നടത്താൻ തീർച്ചയാക്കി

ടെക്സ്റ്റൈൽ തൊഴിലാളികൾ ആഗസ്റ്റ് 14-ാനു തുടങ്ങിയ ഈ പണിമുടക്കിനു പൂർണ്ണ അവരോടു സഹാനുഭൂതി പ്രദർശിപ്പിക്കുവാൻ സകല തൊഴിലാളികളുടെയും പൊതുപണിമുടക്കു ഒരു ദിവസത്തേക്കു നടത്തുവാനും സോഷ്യലിസ്റ്റ് യൂണിയൻ തീർച്ചയാക്കി. അതു പാസാക്കിയ യോഗത്തിൽ അശോകമേത്താ, എൻ. എം. ജോഷി മുതലായ നേതാക്കന്മാർ സന്നിഹിതരായിരുന്നു. ആ പണിമുടക്കിൽ ബോംബെയിലെ ഏഴുലക്ഷത്തോളം തൊഴിലാളികൾ പങ്കെടുക്കുമെന്നു കണക്കാക്കുകയുംചെയ്തു. ഈ ഭീഷണി പുറപ്പെട്ടപ്പോൾ ബോംബെ ഗവർമ്മെൻറു ഒരു പ്രസ്താവനമൂലം പൊതുപണിമുടക്കു പൊതുതാല്പര്യങ്ങൾക്കു ഹാനികരമായിരിക്കുമെന്നും, പല വ്യവസായ തൊഴിലാളികളുടെ കാര്യത്തിൽ അതു നിയമവിരുദ്ധമായിരിക്കുമെന്നും, തൊഴിലാളികൾക്കുതന്നെ നഷ്ടത്തിനിടയാക്കുമെന്നും മുന്നറിവുനൽകി. എങ്കിലും അതൊന്നും വകവയ്ക്കാതെ സോഷ്യലിസ്റ്റുകാർ പൊതുപണിമുടക്കു് അഴിച്ചുവിടുകതന്നെചെയ്തു. അവർ പ്രതീക്ഷിച്ചപോലെ അതു വിജയകരമായില്ല. ആഭ്യന്തരമന്ത്രി പ്രസ്താവിച്ചതു് പൊതുപണിമുടക്കു "മിക്കവാറും പരാജയപ്പെട്ടു" എന്നാണു്. ഈ സൂചനപണിമുടക്കിൻെറ ഉദ്ദേശം ടെക്സ്റ്റൈൽ പണിമുടക്കിനോടു സാധാരണക്കാരനുള്ള സഹാനുഭൂതി വെളിയിക്കുകയെന്നതാണെങ്കിൽ അതു "ദയനീയമായവിധം പരാജയപ്പെട്ടു" എന്നാണു് ബോംബെയിലെ മേയറും ബോംബെ പ്രൊവിൻഷ്യൽ കോൺഗ്രസ് കമ്മിററി പ്രസിഡൻറുമായ മി. പാട്ടിൽ പ്രസ്താവിച്ചതു്. പണിമുടക്കുനേതാക്കന്മാർ "അവരുടെ മൂളുകളി തിരിച്ചു തെററിപ്പോയെന്നു" കണ്ടപ്പോൾ "ചിത്തഭ്രമം പിടിച്ചപോലെ" ആയെന്നും, അക്രമങ്ങൾക്കും തെമ്മാടിത്തരത്തിനും ജനങ്ങളെ പ്രേരിപ്പിച്ചുവെന്നും മി. പാട്ടിൽ കുററപ്പെടുത്തി. അക്രമപ്രയോഗത്തിൻെറ ഫലമായി പോലീസും പട്ടാളവും ഇടപെടേണ്ടിവരികയും, ലാത്തിച്ചാർജ്ജ്, ടിയർഗ്യാസ്സ് പ്രയോഗം, വെടിവെയ്പ് മുതലായവ നടത്തേണ്ടിവരികയും ചെയ്തു. അതിൽ മൂന്നുപേർ മരിച്ചു; അനേകംപേർക്കു പരുക്കുപററി. പോലീസുകാർക്കും പട്ടാളക്കാർക്കും ഉപദ്രവങ്ങൾ നേരിടാതിരുന്നില്ല.

### നാഷണൽ യൂണിയൻ പ്രസിഡൻറിൻെറ പ്രസ്താവം

ഇൻഡ്യൻ നാഷണൽ ട്രേഡ് യൂണിയൻ കോൺഗ്രസ്സിൻെറ പ്രസിഡൻറ് മി. കണ്ഡുഭായിദേശായി ആഗസ്റ്റ് 27-ാംനു ഈ ടെക്സ്റ്റൈൽ പണിമുടക്കിനെക്കുറിച്ചു പുറപ്പെടുവിച്ച പ്രസ്താവനയിൽ ഇങ്ങനെ പറഞ്ഞിരുന്നു:—

'ഈ പണിമുടക്കു തൊഴിലാളികളുടെ സാമ്പത്തികാവശ്യങ്ങൾ സാധിച്ചുകിട്ടുവാൻവേണ്ടിയുള്ള വ്യവസായസമരമല്ല. ആർക്കും സമ്മതിച്ചുകൊടുക്കുവാൻ അസാദ്ധ്യമായ എന്തൊ ഒന്നു നേടാൻ വേണ്ടി അയഥാർത്ഥങ്ങളായ വാഗ്ദാനങ്ങളാൽ സമരത്തിലേക്കു തൊഴിലാളികൾ പ്രേരിപ്പിക്കപ്പെടുകയാണുണ്ടായിട്ടുള്ളതു്. ഇക്കൊല്ലത്തേക്കുള്ള ബോണസ്സ് സോഷ്യലിസ്റ്റുകാർ ആവശ്യപ്പെടുന്നതു കഴിഞ്ഞകൊല്ലത്തേതിൻെറ ഒന്നരയിരട്ടിയിലധികമാണു്. എന്നാൽ ബാലൻസ്ഷീററുകളിൽനിന്നു കാണുന്നതുപോലെ, ഇക്കൊല്ലത്തെ ആദായം കഴിഞ്ഞകൊല്ലത്തേതിൻെറ പകുതിയിലും കുറവാണു്. കമ്മ്യൂണിസ്റ്റുകാർ ഒരടികൂടി മുന്നോട്ടുവച്ചു്, സോഷ്യലിസ്റ്റുകാരുടേതിനെക്കാൾ ഇരട്ടി ബോണസ്സ് ആവശ്യപ്പെടുന്നു. ഈ രണ്ടു പാർട്ടികളുടെയും പ്രചരണത്തിനു തൊഴിലാളികൾ ബലിയാടുകളാക്കപ്പെട്ടിരിക്കുകയാണു്. സോഷ്യലിസ്റ്റുകാർക്കും കമ്മ്യൂണിസ്റ്റുകാർക്കും അവരവരുടെ സ്വന്തം രാഷ്ട്രീയോദ്ദേശങ്ങളുണ്ട്. എന്നാൽ ഈ രാഷ്ട്രീയ കൈയാങ്കളിയിൽ പണയംവയ്ക്കുന്നതു തൊഴിലാളികളെത്തന്നെയാണു്. സാമാന്യേന പരസ്പരം വെറുക്കുന്ന രണ്ടു പാർട്ടികളും തമ്മിൽ അത്ഭുതമായ സഖ്യമുണ്ടായിരിക്കുന്നു. ഇതൊരു പുതിയ അനുഭവമല്ല. 1926-മുതൽ 39 വരെയുള്ള ചരിത്രം ആവർത്തിക്കപ്പെടുകയാണു്. കമ്മ്യൂണിസ്റ്റുകാർ മാത്രം അക്കാലത്തു രംഗത്തുണ്ടായിരുന്നുവെന്ന വ്യത്യാസംമാത്രം. സോഷ്യലിസ്റ്റുകാരും കമ്മ്യൂണിസ്റ്റുകാരും രാഷ്ട്രീയാധിപത്യത്തിനുള്ള അവരുടെ മത്സരത്തിൽ തൊഴിലാളികളെ ആത്മഹത്യയുടെ [illegible]ലേക്കു കൂട്ടിക്കൊണ്ടുപോവുകയാണു്. ബോംബെയിലെ തൊഴിലാളികൾ അവരുടെ ഭൂതകാലചരിത്രത്തിലേക്കു തിരിഞ്ഞുനോക്കുമെന്നും, ഈ രണ്ടു രാഷ്ട്രീയകക്ഷികൾ തങ്ങളെ വഴിതെററിക്കുവാൻ മേലിൽ അവർ അനുവദിക്കുകയില്ലെന്നും ഞാൻ വിശ്വസിക്കുന്നു.

"ബോംബെയിലെ ഈ സമരം സാമ്പത്തികാവശ്യങ്ങൾക്കുവേണ്ടി മാത്രമായിരുന്നുവെങ്കിൽ, ഞാനും എൻെറ സഹപ്രവർത്തകന്മാരും സകല പരിശ്രമങ്ങളും ചെയ്തു പ്രശ്നം പരിശോധിക്കുകയും അപാകതകൾക്കു പരിഹാരം കണ്ടുപിടിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ പണിമുടക്കിൻെറ ലക്ഷ്യം രാഷ്ട്രീയമാണെന്നു നമുക്കെല്ലാം അറിയാവുന്നതുകൊണ്ടു, പണിമുടക്കിൻെറ യഥാർത്ഥസ്വഭാവം പൊതുജനങ്ങളെ ധരിപ്പിക്കുകയും തൊഴിലാളികൾക്കു ശരിയായ മാർഗ്ഗദർശനം നൽകുകയും അല്ലാതെ മറെറാന്നും ചെയ്യാൻ സാദ്ധ്യമല്ല. വ്യവസായകോടതി വിധി കല്പിച്ചിരിക്കുന്ന സ്ഥിതിക്കു് ഈ പ്രശ്നത്തിൽ മറെറാന്നും ചെയ്യേണ്ടതായുമില്ല. അപ്പീൽകോടതിയെ ശരണം പ്രാപിക്കുകയേ ഏകമാർഗ്ഗമായി ശേഷിക്കുന്നുള്ളു. കോടതിയുടെ തീരുമാനം തൊഴിലാളികൾക്കു പൂർണ്ണമായ തൃപ്തി നൽകുന്നില്ലെന്നുള്ള കാരണത്താൽ പ്രത്യക്ഷസമരം സ്വീകരിക്കുന്നതു അന്യായവും അധർമ്മവുമാണു്. ഇരുകക്ഷികളും ഇപ്രകാരം പ്രവർത്തിക്കുന്നതായാൽ തർക്കങ്ങൾ കേട്ടു തീരുമാനിക്കുവാൻ കോടതികൾ ഏർപ്പെടുത്തുന്നതുകൊണ്ടു എന്തു പ്രയോജനമാണുണ്ടാവുക? ആകയാൽ ഞാൻ ബോംബെയിലെ തൊഴിലാളികളോടഭ്യർത്ഥിക്കുന്നു. സ്ഥിതിഗതികൾ ശ്രദ്ധയോടുകൂടി ചിന്തിക്കുവാൻ; ഇനി ഒട്ടും താമസിക്കാതെ പണി വീണ്ടും തുടർന്നുകൊണ്ടു അവരുടെ ധാർമ്മികമായ ധൈര്യം പ്രകടിപ്പിക്കുവാൻ."

### അപ്പീൽക്കോടതിയുടെ തീരുമാനവും പണിമുടക്കു നിർത്തലും

ബോണസിൻെറ കാര്യത്തിൽ ബോംബെയിലെ വ്യവസായകോടതി ചെയ്ത തീരുമാനം തൃപ്തികരമല്ലെന്ന കാരണം പറഞ്ഞാണല്ലോ സോഷ്യലിസ്റ്റുകാർ തൊഴിലാളികളെക്കൊണ്ടു പണിമുടക്കിപ്പിച്ചതു. എന്നാൽ അപ്പീൽക്കോടതിയിലെ സകല ജഡ്ജിമാരും ഏകാഭിപ്രാ

യമായി, ബോനസിന്റെ കാര്യത്തിൽ, കീഴ്ക്കോടതി വിധി ശരിവയ്ക്കുകയാണുണ്ടായതു. മിൽമാനേജുമെന്റുകളുടേയും മിൽതൊഴിലാളികളുടേയും വേറെ ചില വാദമുഖങ്ങൾക്കും അപ്പീൽക്കോടതി വിധി നൽകിയിട്ടുണ്ടു്. പ്രകൃതത്തിൽ അവ അപ്രധാനങ്ങളാകയാൽ വിട്ടുകളയുന്നു. പണിമുടക്കു തുടങ്ങിയിട്ടു് 57-ാം ദിവസമാണു് വിധിയുണ്ടായതു്. വിധി പ്രസ്താവം കഴിഞ്ഞശേഷവും മി. അശോക മത്തായുടെ അഭിപ്രായം പണിമുടക്കു പിന്നെയും തുടരേണ്ടതുണ്ടെന്നായിരുന്നു. പ്രധാനമന്ത്രി ശ്രീ നെഹ്രുവിനോടു് ബോംബെയിൽച്ചെന്നു ഇരുകക്ഷികളേയും തമ്മിൽ യോജിപ്പിച്ചു് തീരുമാനമുണ്ടാക്കണമെന്നു് അദ്ദേഹം അഭ്യർത്ഥിച്ചു. അല്ലാത്തപക്ഷം "അന്യായമായ പ്രസ്തുതവിധി" തൊഴിലാളികൾ സ്വീകരിക്കയില്ലെന്നും, അവർ പണിമുടക്കു തുടരുമെന്നുമാണു് അവരുടെ മനോഭാവം അറിഞ്ഞിടത്തോളം തന്റെ ബോദ്ധ്യമെന്നും അദ്ദേഹം പ്രസ്താവിച്ചു. ഈ ബോദ്ധ്യം തൊഴിലാളികളുടെ മനോഭാവത്തെക്കാൾ അദ്ദേഹത്തിന്റെ മനോഭാവത്തെ ആശ്രയിച്ചുള്ളതായിരുന്നുവെന്നു് അനന്തരസംഭവം തെളിയിച്ചു. പണിമുടക്കു അനിശ്ചിതകാലത്തേക്കു തുടർന്നുകൊണ്ടുപോകണമെന്നു് സ്ട്രൈക്കു കമ്മിറ്റി തീരുമാനിച്ചെങ്കിലും, തൊഴിലാളികൾ ആയിരക്കണക്കിനു പണിതുടരാൻ ഫാക്ടറികളിലേക്കു പോകുന്നതുകൊണ്ടു് ആ തീരുമാനം ഭേദപ്പെടുത്താതെ നിവൃത്തിയില്ലെന്നായി. തന്മൂലം ഒക്ടോബർ 5-ാനു- പണിമുടക്കു് നിരുപാധികം പിൻവലിക്കുകയാണുണ്ടായതു്.

### പണിമുടക്കിന്റെ നഷ്ടം

62 ദിവസം നീണ്ടുനിന്ന ഈ പണിമുടക്കിന്റെ ഫലം എത്ര നാശകരം! ഏകദേശം 2350 ലക്ഷം വാര തുണിയും, 580 ലക്ഷം റാത്തൽ നൂലും രാജ്യത്തിനു നഷ്ടപ്പെട്ടു. 225,000 തൊഴിലാളികളുടെ ജോലി മുടങ്ങി; ഏകദേശം 2000 ലക്ഷം വേലമണിക്കൂർ അവർക്കു നഷ്ടപ്പെട്ടു; തന്മൂലം 4-ൽ ചില്വാനം കോടി രൂപാ കൂലിവകയിൽ അവർക്കു കിട്ടാതായി. മില്ലുടമസ്ഥന്മാർക്കു ഏകദേശം 23 കോടി രൂപായുടെ ഉല്പാദനം നഷ്ടപ്പെട്ടു. രാജ്യത്തിലെ ടെക്സ്റ്റൈൽ മില്ലുകൾ ഏററവുമധികമുള്ളതു് ബോംബെയിലാകയാൽ അവിടെനിന്നു വാങ്ങി വ്യാപാരം നടത്തുന്ന ഹോൾസെയിൽകാർക്കും റീട്ടെയിൽകാർക്കും തദനുസരണം നഷ്ടം ഭവിച്ചു. രാജ്യത്തിനും വ്യവസായത്തിനും തൊഴിലാളികൾക്കും നേരിട്ട നഷ്ടം ആകെ 10 കോടി രൂപായോളമാണെന്നു് ബോംബെയിലെ മേയർ പ്രസ്താവിച്ചു. "ആസാമിലെ ഭൂകമ്പത്തെക്കാൾ കൂടുതൽ നാശമാണു് ഒരുപക്ഷെ ഈ പണിമുടക്കുകൊണ്ടുണ്ടായതെന്നു്" അദ്ദേഹം പറഞ്ഞു. അക്രമപ്രയോഗങ്ങളും പോലീസിന്റെ ഇടപെടലുംകൊണ്ടു് 12 പേർ ജീവഹാനിയടഞ്ഞു. 22 അവസരങ്ങളിലായി 1000-ത്തിലധികം തൊഴിലാളികൾ അറസ്റ്റു് ചെയ്യപ്പെട്ടു. അനേകംപേർക്കു പരുക്കുകൾ പററി.

കണ്ടാലും! ഇൻഡ്യൻ സോഷ്യലിസ്റ്റു പാർട്ടി അവരുടെ പണിമുടക്കുപ്രസ്ഥാനംമൂലം രാജ്യത്തിനും തൊഴിലാളികൾക്കുതന്നെയും വരുത്തിക്കൂട്ടിയ നാശത്തിന്റെ ഒരു ദൃഷ്ടാന്തം! ഇവരുടെ നയപരിപാടി എത്ര ദ്രോഹകരം!!

## സത്യദീപം വരിസംഖ്യ

| | | |
|---|---|---|
| പ്രതിവർഷം അഞ്ചൽ | ക. | 6—0—0 |
| പ്രതിവർഷം തപാൽ | " | 6—8—0 |
| ഇൻഡ്യക്കു പുറമെ | " | 8—0—0 |
| ഒററപ്രതി | | 0—2—0 |

## ഗോവാലോട്ടറി

ഗോവാലോട്ടറി ടിക്കററുകൾ വ്യാജവും അനധികൃതവുമാകയാൽ അവ വാങ്ങിക്കരുതെന്നു് മുന്നറിയിപ്പു് നല്കിക്കൊണ്ടു് ഇന്ത്യാഗവമ്മെന്റ് ഒരു പ്രസ്സ്നോട്ടു പുറപ്പെടുവിച്ചിരിക്കുന്നു.

## തിരിച്ചെത്തി

വിദേശപര്യടനാർത്ഥം പോയിരുന്ന കൊച്ചി മെത്രാൻ തിരുമനസ്സുകൊണ്ടു് നവംബർ 17-ാംനു- തിരിച്ചെത്തിയിരിക്കുന്നു.

## "മേരിവിജയം"

പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം വിശ്വാസസത്യമായി പ്രഖ്യാപിക്കപ്പെട്ട സുദിനത്തിൽ—1950 നവംബർ 1-ാംനു—ജന്മമെടുത്തിരിക്കുന്ന ഒരു ദ്വൈമാസികമാണു "മേരി വിജയം." മറിയത്തിന്റെ മക്കളായ സോഡാലിററിയംഗങ്ങൾക്കു മാർഗ്ഗദർശിത്വവും പ്രോത്സാഹനവും നല്കുകയെന്നതത്രെ ഈ പ്രസിദ്ധീകരണത്തിന്റെ ലക്ഷ്യം. സത്യദീപം വായനക്കാർക്കു സുപരിചിതനായ റവ. ഫാദർ ജേക്കബ് ചെമ്മണൂർ ബി. ഏ യാണു് "മേരിവിജയത്തി"ന്റെ പത്രാധിപരെന്നു പറയുമ്പോൾ, ഇതു സാക്ഷാലൊരു വിജയമായിരിക്കുമെന്നതിനെപ്പററി ആരും സംശയിക്കയില്ല. ഈ പ്രഥമലക്കത്തിൽത്തന്നെ തൃശൂർ മെത്രാൻ തിരുമനസ്സിലെ ആശീർവ്വാദലേഖനത്തിനു പുറമെ ബാലികാബാലന്മാർക്കു വായിച്ചു രസിക്കാവുന്ന നല്ല നല്ല ചെറുലേഖനങ്ങൾ പലതുമുണ്ടു. കേവലം 8ണ മാത്രമാണു ഇതിന്റെ ഒരു കൊല്ലത്തേക്കുള്ള വരിസംഖ്യ. മരിയാസംഖ്യാംഗങ്ങളെല്ലാം അവരുടെ സ്വന്തമായിരിക്കുന്ന "മേരിവിജയ"ത്തിൽ അഭിമാനംകൊള്ളുകയും അതു വരുത്തി വായിക്കയും ചെയ്യേണ്ടതാണു്. പണസംബന്ധമായ എഴുത്തുകുത്തുകൾ മാനേജർ, "മേരിവിജയം" ഷോപ്പ്, തൃശൂർ എന്ന വിലാസത്തിലും ലേഖനങ്ങൾ, റിപ്പോർട്ടുകൾ, മാററപ്പത്രങ്ങൾ തുടങ്ങിയവ പത്രാധിപർ, "മേരിവിജയം" കരാഞ്ചിറ എന്ന വിലാസത്തിലുമാണു അയക്കേണ്ടതു്. മാന്യസഹജീവിക്കു സകല വിജയങ്ങളുമാശംസിച്ചുകൊള്ളുന്നു.

---

ഈശോയുടെ തിരുഹൃദയത്തിന്റെയും ബ. അൽഫോൻസായുടെയും സഹായത്താൽ അസാദ്ധ്യമായ കാര്യങ്ങൾ സാധിച്ചതിനു ഉപകാരസ്മരണ.

Mrs. Rosy Joseph, Narakal.

---

## ഹയരാർക്കിവാർഷികം

കേരളസുറിയാനി ഹയരാർക്കി സ്ഥാപിതമായതിന്റെ 27-ാം വാർഷികം നവംബർ16-ാനു- അനാഡംബരമായി കൊണ്ടാടിയിരിക്കുന്നു. അരമനക്കപ്പേളയിൽ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് ആഘോഷമായ ദിവ്യബലി അർപ്പിക്കുകയും, തുടർന്നു ഏ. പെ. ബ. വികാരി ജനറാളച്ചൻ പ. കുർബാനയുടെ വാഴ്വു്, ലാക്ക് ആലാഹ മുതലായവ നടത്തുകയും ചെയ്തു. ഹയരാർക്കിയുടെ അദ്ധ്യക്ഷനായ മെത്രാപ്പോലീത്തതിരുമേനിയെ പലരും സന്ദർശിച്ചു മംഗളമാശംസിക്കുകയുമുണ്ടായി.

## ലണ്ടനിലേക്കു്

ചങ്ങനാശേരി പാലാ മെത്രാൻ തിരുമേനിമാർ നവംബർ 11-ാംനു- രാവിലെ റോമിൽനിന്നും ലണ്ടനിലേക്കു പുറപ്പെട്ടിരിക്കുന്നു.


# SEASIA BANK LIMITED
## H. O. ALLEPPEY

The Bank accepts short and long term deposits and makes advances against approved securities on favourable terms.

General Banking Business Transacted.

O. Eapen Valakuzy,
(Managing Director)

A. C. Mathew, B. A., C. A. I. I. B.
(Secretary)

P. M. Eapen, Bsc., B. L.,
(Agent, Manimala Br.)


## ഫാ. ഗിൽ നിര്യാതനായി

ദീർഘകാലം കല്ക്കട്ടായിലെ (കാത്തലിക്) ഹെറൾഡിന്റെ പത്രാധിപരായിരുന്ന റവ. ഫാ. ഗിൽ ഒക്ടോബർ 26-ാംനു- ഇംഗ്ലണ്ടിൽവച്ചു് നിര്യാതനായിരിക്കുന്നു. ബൽജിയംകാരനായിരുന്ന ഇദ്ദേഹം ഒരു മിഷനറിയായി ഈ നാട്ടിൽ വരികയും സെമ്മിനരി പ്രഫസർ, പത്രപ്രവർത്തകൻ, ഗ്രന്ഥകാരൻ എന്നീ വിവിധനിലകളിൽ പ്രശസ്തസേവനം അനുഷ്ഠിക്കുകയുമുണ്ടായി. കേരളസഭയുടെ ഒരുത്തമമിത്രമായിരുന്ന ഇദ്ദേഹം രചിച്ചിട്ടുള്ള സുപ്രസിദ്ധ ഗ്രന്ഥമാണു് Christianity at Home എന്നതു്. ഏതദ്ദേശീയ ഭരണത്തിൻകീഴിൽ കേരളസഭയ്ക്കുണ്ടായിട്ടുള്ള സർവ്വതോമുഖമായ അഭിവൃദ്ധിയെ അതിലദ്ദേഹം മുക്തകണ്ഠം പ്രശംസിച്ചിട്ടുണ്ടു്. 1925-ൽ ഫാ. ഗിൽ ഗ്രേററു് ബ്രിട്ടനിൽ പോകയും അവിടെ തന്റെ സഭാസേവനം തുടരുകയും ചെയ്തു.

## കർദ്ദിനാൾ ഗിൽറോയി

റോമിൽനിന്നു ആസ്ട്രേലിയായ്ക്കു മടങ്ങുംവഴി കർദ്ദിനാൾ ഗിൽറോയി തിരുമനസ്സുകൊണ്ടു് നവംബർ 4-ാംനു- കല്ക്കട്ടാ നാവികത്താവളത്തിൽ ഇറങ്ങുകയും അവിടെ ദിവ്യബലിയർപ്പിക്കുകയുമുണ്ടായി.

## അഞ്ചു ഫൊറോനാകൾ

ചങ്ങനാശേരി രൂപതയിൽ ചങ്ങനാശേരി, കല്ലൂർക്കാട്ടു്, ആലപ്പുഴ, കാഞ്ഞിരപ്പള്ളി, അതിരമ്പുഴ എന്നീ അഞ്ചു ഫൊറോനാകളും പാലാ രൂപതയിൽ പാലാ, ഭരണങ്ങാനം, കുറവിലങ്ങാട്ടു്, മുട്ടുചിറ, രാമപുരം എന്നീ അഞ്ചു ഫൊറോനാകളുമാണുൾപ്പെട്ടിരിക്കുന്നതു്.

## ചരമം

വാഴക്കുളം: റവ. ഫാദേഴ്സ് ജോൺ കൊച്ചുമുട്ടം, ജോസഫ് കൊച്ചുമുട്ടം എന്നിവരുടെ സഹോദരി ശ്രീമതി കാട്ടാങ്കോട്ടിൽ മറിയം 87-ാമത്തെ വയസ്സിൽ ഒക്ടോബർ 28-ാംനു- നിര്യാതയായിരിക്കുന്നു.

പുതുക്കുറിച്ചി സ്വദേശിയായ മി. ബിന്നി ഫെർണാൻറസ് ബി. ഏ. 32-ാമത്തെ വയസ്സിൽ ഒക്ടോബർ 25-ാംനു- ബോംബെയിൽവച്ചു് നിര്യാതനായിരിക്കുന്നു.

R. I. P.

## നീട്ടിവച്ചു

പുതിയ ഇന്ത്യൻ ഭരണഘടനയനുസരിച്ചുള്ള പൊതുതിരഞ്ഞെടുപ്പു് 1951 നവംബറിലേക്കു് മാററിയിരിക്കുന്നു. ഏപ്രിൽ-മേയിൽ തിരഞ്ഞെടുപ്പു നടത്തുന്നതിനാണു് നേരത്തെ നിശ്ചയിച്ചിരുന്നതെന്നുള്ളതു് സ്മരണീയമാണു്.

## പ്രതിഷേധം

അഖിലേന്ത്യ കത്തോലിക്കാ സർവ്വകലാശാലാ ഫെഡറേഷന്റെ ഒരസാധാരണയോഗം നവംബർ 16-ാംനു- തൃശിനാപ്പള്ളിയിൽവച്ചു് തൂത്തുക്കുടി സഹായമെത്രാൻ റൈററ് റവ. ഡോ. തോമസ് ഫെർണാണ്ടോ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടി, മതപരിവർത്തനം ചെയ്യുന്ന ഹരിജനങ്ങൾക്കു് വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകാതിരിക്കുന്ന ഗവമ്മെന്റു നയത്തേയും തിരു-കൊച്ചിയിൽ ആവിഷ്കൃതമായിരിക്കുന്ന പുതിയ വിദ്യാഭ്യാസപദ്ധതിയേയും പ്രതിഷേധിച്ചിരിക്കുന്നു.




ST. ALOYSIUS ELECTROPLATING WORKS and CATHOLIC DEPOT
Municipal office Road, Trichur
Proprietor: C. O. LOUIS

# മാർപ്പാപ്പായുടെ പ്രഭാഷണം

മാതാവിന്റെ സ്വർഗ്ഗാരോപണം വിശ്വാസസത്യമായി പ്രഖ്യാപിച്ചശേഷം പരിശുദ്ധ പിതാവു ചെയ്ത പ്രസംഗത്തിന്റെ പരിഭാഷയാണ് താഴെ ചേർക്കുന്നതു്.

നമ്മുടെ മുമ്പിൽ സന്നിഹിതരായിരിക്കുന്ന വന്ദ്യ സഹോദരന്മാരേ, പ്രിയ പുത്രീപുത്രന്മാരേ, വിശുദ്ധ റോമായിലും കത്തോലിക്കാ ലോകം മുഴുവനിലും നമ്മെ ശ്രവിക്കുന്ന മററു സർവ്വജനങ്ങളേ,

പരിശുദ്ധകന്യക ആത്മാവോടും ശരീരത്തോടുംകൂടി സ്വർഗ്ഗത്തിലേക്കു് എടുക്കപ്പെട്ടു എന്ന വസ്തുത ഒരു വിശ്വാസസത്യമായി പ്രഖ്യാപിതമായിക്കഴിഞ്ഞു. തങ്ങളുടെ തീവ്രമായ ആഗ്രഹത്തിന്റെ സാഫല്യത്താൽ സംതൃപ്തരായ സർവ്വവിശ്വാസികളുടെയും ഹൃദയങ്ങളിൽ സന്തോഷം നിറഞ്ഞൊഴുകുന്നു. ഈ കാര്യയാൽ ആഹ്ലാദഭരിതനായി, സ്നേഹസമ്പൂർണ്ണമായ ദൈവപരിപാലനയ്ക്കു് നിങ്ങളോടൊന്നിച്ചു് ഒരു സ്തോത്രഗീതം പാടേണ്ടതിന്റെ ആവശ്യകത അനിയന്ത്രിതമാംവിധം നമുക്കു് അനുഭവപ്പെട്ടു. ഈ ദിനത്തിന്റെ സന്തോഷം നിങ്ങൾക്കായി നീക്കിവയ്ക്കുവാൻ ദൈവം തിരുമനസ്സായി; ദൈവത്തിന്റെയും നമ്മുടേയും മാതാവായ മറിയത്തിന്റെ പ്രത്യേകവിധമായ വിശേഷവരങ്ങൾക്കു മകുടമായി പ്രഭാപൂരിതമായ ഒരു കിരീടം ആ അമ്മയെ അണിയിക്കുവാനുള്ള സൗഭാഗ്യം നമുക്കും ദൈവം നല്കിയിരിക്കുന്നു.

ദൈവത്തിന്റെ അഗ്രാഹ്യമായ പ്രവർത്തനംവഴി ഇന്നത്തെ തലമുറയിലെ ജനങ്ങൾക്കായി, പ്രത്യാശയും സൗഭാഗ്യജീവിതവും നിരന്തരം പ്രകാശിപ്പിച്ചുകൊണ്ടു്, സ്വർഗ്ഗത്തിന്റെ പ്രഭാപൂരിതമായ ഒരു ഭാഗം തുറക്കപ്പെട്ടിരിക്കുന്നു. അവിടെ രാജകീയമാതാവായ മറിയം നീതിയുടെ പുത്രന്റെ സമീപേ ഇരിക്കുന്നു. ഇന്നത്തെ തലമുറ അത്യധികം വലഞ്ഞും ക്ലേശിച്ചും വഴിപിഴച്ചും വഞ്ചിതമായും എന്നാൽ അതേസമയംതന്നെ നഷ്ടപ്പെട്ട ആ വലിയ നന്മയെ ആരോഗ്യകരമായി അന്വേഷിച്ചുകൊണ്ടും ഇരിക്കുന്നു.

വളരെക്കാലത്തെ പ്രാർത്ഥനയുടെ ഫലമായി അവസാനം ഈ ദിവസം നമുക്കു ലഭിച്ചിരിക്കുന്നു. അവസാനം അതു നിങ്ങളുടേതായിരിക്കുന്നു. ശതാബ്ദങ്ങളുടെ സ്വരം—നിത്യത്വത്തിന്റെ സ്വരം എന്നു നാം പറയുന്നു—നമ്മുടേതാണ്. അതു പരിശുദ്ധാത്മാവിയുടെ സഹായത്തോടുകൂടി സ്വർഗ്ഗീയമാതാവിന്റെ ഉന്നതമായ വിശേഷവരത്തെ സാഡംബരം അദ്ധ്യവസാനംചെയ്തു പ്രഖ്യാപനംചെയ്ത സ്വരമാണ്. ക്രിസ്തീയമഹത്വങ്ങളാൽ എന്നും പവിത്രീകൃതവും വിശാലവുമായ ഈ വദ്ധ്യസ്ഥലത്തു മാറെറാലിക്കൊള്ളുന്ന നിങ്ങളുടെ ഉദ്ഘോഷണം ശതാബ്ദങ്ങളുടെ ഉദ്ഘോഷണമാണ്. എല്ലാ ജാതികളുടേയും ആദ്ധ്യാത്മികോത്തേജനരംഗമാണീസ്ഥലം. ഇപ്പോൾ അതു നിങ്ങളുടെ നിറഞ്ഞൊഴുകുന്ന ഭക്തിപ്രകർഷത്തിന്റെ അൾത്താരയും ദേവാലയവും ആയിത്തീർന്നിരിക്കുന്നു. നിങ്ങളുടെ ഹൃദയങ്ങളുടെ തുടിപ്പുകളാലും അധരങ്ങളുടെ ചലനങ്ങളാലും കുലുങ്ങുന്നുവോ എന്നു തോന്നുമാറു ബൃഹത്തായ ഈ ബസ്ലിക്കായുടെ കല്ലുകൾപോലും ഇളകുന്നു; സ്വർഗ്ഗാരോപിതയുടെ ബഹുമാനാർത്ഥം എല്ലായിടത്തും നിർമ്മിതമായിട്ടുള്ള അസംഖ്യങ്ങളും പുരാതനങ്ങളുമായ ദേവാലയങ്ങളും ഇളകുന്നു. ഒരേ വിശ്വാസത്തിന്റെ സ്മാരകസ്തംഭങ്ങളും വിശ്വറാണിയുടെ മഹത്വപൂർണ്ണമായ സ്വർഗ്ഗീയസിംഹാസനത്തിന്റെ ഭൗതികമായ അടിത്തട്ടുകളും ആയ ഈ ദേവാലയങ്ങൾ അന്തർഹിതമായ സന്തോഷത്താൽ തുടിക്കുന്നതുപോലെ തോന്നുന്നു.

സന്തോഷസമ്പൂർണ്ണമായ ഈ ദിനത്തിൽ ഭൂമിയിലെ സഭ മുഴുവന്റേയും ആഹ്ലാദപ്രകടനങ്ങളിൽ സ്വർഗ്ഗത്തിലെ വാനാത്രപികൾ സകൗതുകം ഭാഗഭാക്കുകളാകുന്നു. നവീകൃതമായ വിശുദ്ധിയുടെ ഫലസമ്പൂർണ്ണമായ പ്രചോദനമെന്നോണം സ്വർഗ്ഗീയമായ അനുഗ്രഹങ്ങളും ഉൽബോധനങ്ങളും ഉന്നതങ്ങളിൽനിന്നും ഈ ദിനത്തിൽ നമ്മുടെ ആത്മാക്കളിലേക്കു് ധാരധാരയായി ഒഴുകാതിരിക്കുവാൻ നിവൃത്തിയില്ല. അതുകൊണ്ടു് നമ്മുടെ ഈ കാലഘട്ടത്തിൽ, നമ്മുടെ തലമുറയിൽ, ഇത്ര ഉന്നതയായ ആ വ്യക്തിയുടെനേർക്കു് സമ്പൂർണ്ണവിശ്വാസത്തോടെ ഇഹത്തിൽനിന്നും നമ്മുടെ ദൃഷ്ടികൾ നാം ഉയർത്തുന്നു; "നിങ്ങളുടെ ഹൃദയങ്ങളെ ഉയർത്തുക" എന്നു് എല്ലാവരോടും അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

പ്രക്ഷുബ്ധവും വിപ്ലവാത്മകവുമായ ഒരു യുഗത്തിന്റെ പരിതാപകരമായ ഫലമെന്നോണം അനേകർ അസ്വസ്ഥരും പര്യാകുലരും ആയിരിക്കുന്നു. പീഡിതരായ അവർക്കു് സമചിത്തതയോടെ സഹിക്കുവാനുള്ള പ്രാപ്തിയില്ല; ജീവിതത്തിന്റെ നന്മയിൽ അവർ വിശ്വസിക്കുന്നില്ല. നസ്രസ്സിലെ വിനീതയും അജ്ഞാതയും ആയ ഒരു തരുണി സ്വർഗ്ഗത്തിൽ മഹത്വപൂർണ്ണയായിരിക്കുന്നു എന്ന വസ്തുത സാഹചര്യങ്ങളുടെ നിർബന്ധംകൊണ്ടുമാത്രം അല്പസമയത്തേക്കു് അവർ അംഗീകരിക്കുന്നു. അവർക്കു് ആ കന്യക മഹത്വപൂർണ്ണമായ ദർശനം നൽകുകയും തന്റെ അത്യുന്നതമായ അന്ത്യത്തെപ്പററിയുള്ള പരിചിന്തനത്തിൽ സമാശ്വാസം കൈവരുത്തുകയും ചെയ്യുന്നു. മാംസമായ വചനത്തിന്റെ മാതാവായി ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവളാണു് ആ തരുണി. കർത്താവിന്റെ വചനത്തെ ആ കന്യക വിനയപൂർവ്വം സ്വീകരിച്ചു.

രോഗാതുരരേ, അഭയാർത്ഥികളേ, തടവുകാരേ, പീഡിതരേ, തൊഴിൽരഹിതരേ, ഭവനരഹിതരേ, എല്ലാവിധത്തിലും ക്ലേശിക്കുന്ന സർവ്വജാതിജനങ്ങളേ, നിങ്ങൾ നമ്മുടെ ഹൃദയത്തിന്റെ പ്രിയഭാജനങ്ങളാണു്; നിങ്ങളുടെ ക്ലേശങ്ങളെപ്പററിയുള്ള ചിന്ത രാപകൽ നമ്മെ പീഡിപ്പിച്ചുകൊണ്ടിരിക്കുന്നു; നിങ്ങളുടെ നന്മയിൽ നാം അതീവ ഉൽക്കണ്ഠാലുവായിരിക്കുന്നു; നിങ്ങളെ സഹായിക്കുന്നതിനു് വളരെ യത്നങ്ങൾ ചെയ്യുന്നുണ്ടെങ്കിലും ഐഹികജീവിതത്തിൽ ക്ലേശവും കണ്ണുനീരും മാത്രമേ നിങ്ങൾക്കു ലഭിക്കുന്നുള്ളു. നിങ്ങൾക്കുമുമ്പേ ദാരിദ്ര്യത്തിന്റെയും അവമാനത്തിന്റെയും പ്രവാസത്തിന്റെയും ക്ലേശത്തിന്റെയും പന്ഥാവിലൂടെ പ്രയാണംചെയ്ത ആ കന്യകയെ നിങ്ങൾ സൂക്ഷിച്ചുനോക്കുവിൻ. കുരിശിൻചുവട്ടിൽവച്ചു് ആ കന്യകയുടെ ഹൃദയത്തെ ഒരുവാൾ കുത്തിപ്പിളന്നു. ഇന്നു ആ കന്യക നിത്യപ്രകാശത്തെ നിരന്തരം വീക്ഷിക്കുന്നു.

ഈ ലോകത്തിൽ സമാധാനമില്ല; പരസ്പരസംശയം, അഭിപ്രായഭിന്നത, സംഘട്ടനങ്ങൾ, വിദ്വേഷം ഇവയാൽ ലോകം പീഡിതമായിരിക്കുന്നു. മതവിശ്വാസം ദുർബലപ്പെടുകയും മിക്കവാറും നഷ്ടപ്പെടുകയും ചെയ്തിരിക്കുന്നു. ഇങ്ങനെയുള്ള ലോകം ക്രിസ്തുവിലുള്ള സ്നേഹചൈതന്യത്തിനും സാഹോദര്യമനോഭാവത്തിനുംവേണ്ടി നിലവിളിക്കുന്നു. സ്നേഹത്തിന്റേയും ജീവന്റേയും ചൈതന്യം മനുഷ്യഹൃദയങ്ങളിലേക്കു പ്രത്യാഗമിക്കുവാൻ സ്വർഗ്ഗാരോപിതയായ കന്യക ഇടയാകട്ടെ എന്നു നമുക്കു തീവ്രമായി പ്രാർത്ഥിക്കാം. അതേസമയംതന്നെ നാമെല്ലാവരും ഒരേ മാതാവിന്റെ, മറിയത്തിന്റെ, മക്കളാണെന്നുള്ള വസ്തുതയും ബോധവും ഒരിക്കലും വിസ്മൃതമായിപ്പോകാതിരിപ്പാൻ നമുക്കു പ്രത്യേകം ശ്രദ്ധിക്കാം. സ്വർഗ്ഗത്തിൽ വസിക്കുന്ന ഈ അമ്മ ക്രിസ്തുവിന്റെ മൗതീകശരീരംമൂലമുള്ള നമ്മുടെ ഐക്യത്തിന്റെശൃംഖലയാണു്. മറിയം പുതിയ ഹവ്വായും ജീവിക്കുന്നവരുടെ പുതിയ മാതാവുമാണു്. എല്ലാമനുഷ്യരേയും തന്റെ ദിവ്യസുതന്റെ അനുഗ്രഹത്തിലേക്കും സത്യത്തിലേക്കു നയിക്കുവാൻ ഈ അമ്മ ആഗ്രഹിക്കുന്നു.

ആകയാൽ ഇപ്പോൾ എല്ലാവരും മുട്ടുകുത്തുക, നമുക്കു ഭക്തിപൂർവ്വം പ്രാർത്ഥിക്കാം.

(A. V. T.)

## കൃതജ്ഞത

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത.

P. C. John

## നമ്മുടെ വിദ്യാഭ്യാസപ്രശ്നം

(5-ാം പേജു് തുടർച്ച)

വും പാരത്രികവുമായ സുഖസൗഭാഗ്യങ്ങൾ സുരക്ഷിതമാക്കിത്തീർക്കുന്നതിനു പര്യാപ്തമായ കത്തോലിക്കാ വിദ്യാഭ്യാസം അവർക്കു പ്രദാനംചെയ്യുന്നതിനുള്ള വിശേഷവിധിയായ ചുമതലയാണുള്ളതു്. തന്നിമിത്തം അതിലേക്കു് അവശ്യാവശ്യകമായ വിദ്യാലയങ്ങൾ സ്ഥാപിച്ചു നടത്തുന്നതിനും യോഗ്യരായ അദ്ധ്യാപകന്മാരെ തിരഞ്ഞെടുത്തു നിയമിക്കുന്നതിനുമുള്ള അവകാശവും അവർക്കുണ്ടായിരിക്കുന്നു. എന്നാൽ മതപ്രബോധനങ്ങളും സന്മാർഗ്ഗനിയമങ്ങളും പുറംതള്ളിക്കൊണ്ടുള്ള വിദ്യാഭ്യാസം കുട്ടികളുടെ സൽസ്വഭാവരൂപവൽക്കരണത്തിനു ഒരു കണ്ണകോടാലിയായിരിക്കും. അതുകൊണ്ടാണു മതാദ്ധ്യക്ഷന്മാർ കത്തോലിക്കാ മാതാപിതാക്കന്മാർക്കു അവരുടെ ചുമതല ശരിയായി നിറവേററുന്നതിനുള്ള നേതൃത്വവും മാർഗ്ഗദർശനവും നല്കിക്കൊണ്ടിരിക്കുന്നതു്. അതുകൊണ്ടുതന്നെയാണു കത്തോലിക്കരായ ബാലികാബാലന്മാർ കത്തോലിക്കാ വിദ്യാലയങ്ങളിൽമാത്രമേ പഠിക്കാവൂ എന്നു സഭാമാതാവു അനുശാസിക്കുന്നതും അതിനുവേണ്ടതായ വിദ്യാലയങ്ങൾ കെട്ടിപ്പടുത്തു നടത്തിക്കൊണ്ടുപോകുന്നതിനു നിരന്തരം യത്നിച്ചുകൊണ്ടിരിക്കുന്നതും. രാഷ്ട്രം അതിനു പ്രതിബന്ധമുണ്ടാക്കുന്നപക്ഷം അതു കത്തോലിക്കാ മാതാപിതാക്കന്മാരുടെ മൗലികാവകാശങ്ങളെ ഹനിക്കുന്ന ഒരു സാഹസപ്രവൃത്തിയായിരിക്കും.

പൗരാവലിയുടെ ഭൗതികതാൽപര്യങ്ങൾ സംരക്ഷിച്ചുപുലർത്തേണ്ട ചുമതല വഹിക്കുന്ന രാഷ്ട്രത്തിനു തദനുയോജ്യമായ ചില വിദ്യാഭ്യാസചുമതലകളും നിയന്ത്രണാധികാരങ്ങളും ഉണ്ടെന്നുള്ളതിനു പക്ഷാന്തരമില്ല. പക്ഷെ അവയുടെ പ്രയോഗത്തിൽ ഗവമ്മെന്റുകൾ മാതാപിതാക്കന്മാരുടെ പൂർവ്വാവകാശങ്ങൾ അവഗണിക്കരുതെന്നുമാത്രമല്ല, അവയ്ക്കു അലംഘനീയമായ നിയമസാധുത്വം അനുവദിച്ചുകൊടുക്കേണ്ടതുമാണു്. നാട്ടിൽ സമാധാനലംഘനം ഉണ്ടാക്കുന്നതോ, വർഗ്ഗീയവിദ്വേഷം ജനിപ്പിക്കുന്നതോ, സന്മാർഗ്ഗബോധത്തിനു ഭംഗംവരുത്തുന്നതോ, നാട്ടാരുടെ ജീവനും വസ്തുവകകളും അപകടത്തിലാക്കുന്നതോ ആയ പഠനപരിപാടികളിൽ മാതാപിതാക്കന്മാർ ഏർപ്പെടാത്ത കാലത്തോളം അവരുടെ വിദ്യാഭ്യാസപ്രവർത്തനത്തിൽ കൈകടത്തുന്നതിനു ഗവമ്മെന്റുകൾക്കു അധികാരമില്ല. മാതാപിതാക്കന്മാർ തങ്ങളുടെ ചുമതല നിർവ്വഹിക്കുന്നതിനു മുന്നോട്ടു വരാതിരിക്കയോ, അവരെക്കൊണ്ടു അതു സാധ്യമല്ലാതെ വരികയോ ചെയ്യുന്ന സന്ദർഭങ്ങളിൽ രാഷ്ട്രം ആ ചുമതല ഏറെറടുത്തു നടത്തേണ്ടതാണു്. അപ്പോഴാണു അതു രാഷ്ട്രത്തിന്റെ കർത്തവ്യമായി പരിണമിക്കുന്നതു്. എന്നാൽ അങ്ങനെയുള്ള സന്ദർഭങ്ങളിൽപ്പോലും ഗവമ്മെന്റുകൾ മാതാപിതാക്കന്മാരുടെ ആശയാദർശങ്ങളും അഭിപ്രായാഭിലാഷങ്ങളും ആരാഞ്ഞറിഞ്ഞു കഴിയുന്നത്ര അവയെ ആദരിച്ചുപ്രവർത്തിക്കേണ്ടതാണു്. മററുവിധം പറഞ്ഞാൽ, മാതാപിതാക്കന്മാരോടു സഹകരിച്ചു അവർക്കുവേണ്ട സഹായാനുകൂല്യങ്ങൾ നല്കി അവരുടെ കർത്തവ്യനിർവ്വഹണം സുസാധമാക്കിത്തീർക്കുക എന്നുള്ളതാണു രാഷ്ട്രത്തിന്റെ കർത്തവ്യം. അല്ലാതെ വിഷലിപ്തമായ നിയമത്തിന്റെ മുനകൊണ്ടു അവരെ തള്ളിപുറത്താക്കി അവരുടെ ന്യായമായ അവകാശങ്ങൾ പിടിച്ചുപററുന്നതു തികച്ചും അനീതിപരമായ ഒരു കൈയേററമാണു്. അടുത്തകാലത്തു പല ദിക്കിലും പല രൂപത്തിൽ അത്തരം കൈയേററങ്ങൾ ഒട്ടേറെ ഉണ്ടായിട്ടുണ്ടു്. പക്ഷെ അവ ആദരണീയമായ ഒരു കീഴ്നടപ്പു സൃഷ്ടിക്കുന്നതിനു പര്യാപ്തമല്ല. അധർമ്മം എത്രതന്നെ ആവർത്തിക്കപ്പെട്ടാലും അതു സുധർമ്മമോ സ്വീകാര്യമായ ഒരു പാരമ്പര്യമോ ആയിത്തീരുന്നില്ല. അപമര്യാദയ്ക്കു കീഴ്‌മര്യാദയില്ലെന്നാണല്ലോ ധർമ്മസിദ്ധാന്തം.


പക്ഷെ, ഗാന്ധിജി ഒരിക്കൽ ഒരു പ്രാർത്ഥനായോഗത്തിൽ പ്രസ്താവിച്ചപോലെ, ഒരു തിന്മ മറെറാരുതിന്മയിലേക്കു വഴിതെളിക്കുന്നു. കഴിഞ്ഞകാലങ്ങളിൽ വിദ്യാഭ്യാസരംഗത്തു ഒന്നൊന്നായി അനവധി കൈയേററങ്ങൾ വകവച്ചുകൊടുത്തതുകൊണ്ടാണു് ഇന്നു കൂടുതൽ കൈയേററങ്ങൾക്കു ഗവമ്മെന്റുകൾ മുതിരുന്നതു്. ജനങ്ങളെ സംബന്ധിച്ചാണെങ്കിൽ, വിദ്യാഭ്യാസസ്വാതന്ത്ര്യം തുടർച്ചയായി അന്യാധീനപ്പെട്ടുംതന്മൂലം അതിന്റെ പരമലക്ഷ്യം വ്യതിചലിച്ചു കേവലം ഭൗതികത്വത്തിൽ എത്തിച്ചേന്നും വരുന്നതോടുകൂടി, അവരുടെ ധർമ്മബോധത്തിനും കോട്ടം ഭവിക്കുന്നു. തന്നിമിത്തം ഇനിയും കൂടുതൽ കൈയേററങ്ങൾ വകവച്ചുകൊടുക്കുന്നതിനുള്ള സന്നദ്ധതയും അവരിൽ പ്രത്യക്ഷപ്പെടുന്നു. കുട്ടികളുടെ ദേശീയവൽക്കരണംവരെ ഈ ദുഷിച്ച മനഃസ്ഥിതി എത്തിക്കഴിഞ്ഞിരിക്കുന്നു. കുട്ടികൾ രാജ്യത്തിന്റേതാണെന്നും അച്ഛനമ്മമാർക്കു അവരെ പെററുവളർത്തുന്നതിനല്ലാതെ മററു യാതൊരു കർത്തവ്യവുമില്ലെന്നും ശ്രീ മന്നത്തു പത്മനാഭൻ ഈയിടെ നിയമസഭയിൽ ഉൽഘോഷിക്കുകയുണ്ടായി. ലജ്ജാവഹം എന്നുമാത്രമേ അതിനെപ്പററി പറയേണ്ടതുള്ളു. കുട്ടികൾ തങ്ങളുടെയാണെന്നു ബോദ്ധ്യമുള്ളവരും അതിൽ അഭിമാനം കൊള്ളുന്നവരും ആയ മാതാപിതാക്കന്മാർ ആരുംതന്നെ അവരുടെ കർത്തവ്യാപാടേ ഉപേക്ഷിച്ചു തങ്ങളുടെ സന്താനങ്ങളെ രാജ്യത്തിനു കൈയൊഴിഞ്ഞുകൊടുക്കുവാൻ തയ്യാറാവുകയില്ല. മി. മന്നത്തിനെപ്പോലെയുള്ളവർ അതിനു ഒരുക്കമുണ്ടെങ്കിൽ അതു നിർഭാഗ്യകരമെന്നേ പറയേണ്ടു.

(തുടരും)


## FIXED DEPOSITS

2 years $4\frac{1}{2}$%
1 — 4%
6 months 3%

**The Bank of Cochin Ltd.**
ERNAKULAM
*Branches:*
CHALAKUDY, TRICHUR;
MATTANCHERY,
WILLINGDON ISLAND


ഫുട്ബോൾ കളിയെപ്പററി ഒരുപന്യാസം എഴുതാൻ അദ്ധ്യാപകൻ ആവശ്യപ്പെട്ടു. അന്തോണിക്കുട്ടി വളരെ നേരം ഇരുന്നു തലചുട്ടാലോചിച്ചിട്ടും യാതൊന്നും എഴുതാൻ തോന്നിയില്ല. അവസാനം അദ്ധ്യാപകൻ കടലാസുകൾ ശേഖരിക്കുവാനായി വന്നപ്പോൾ പെട്ടെന്നു് അവന്റെ മനസ്സിൽ ഒരാശയമുദിക്കുകയും ഒരൊററ വരിയിൽ അവൻ പ്രബന്ധം പൂർത്തിയാക്കുകയും ചെയ്തു. "മഴയായതുകൊണ്ടു് കളി നടന്നില്ല."

* * *

വിദ്യാർത്ഥി: "പല്ലുവേദനയായിരുന്നതുകൊണ്ടു ഞാൻ ഇന്നലെ പല്ലുപറിപ്പിക്കുവാനായി ദന്തവൈദ്യന്റടുത്തു പോയിരിക്കയായിരുന്നു."

അദ്ധ്യാപകൻ: "ഇപ്പോൾ പല്ലിനു വേദനയുണ്ടോ?"

വിദ്യാർത്ഥി: "അറിഞ്ഞുകൂടാ. പല്ലു വൈദ്യന്റടുത്തു ഇരിക്കയാണു്."

* * *

മാനേജർ: "തനിക്കൊരു ജോലിതരാൻ എന്നെക്കൊണ്ടാകുമെന്നു തോന്നുന്നില്ല. ഇവിടെ എത്ര പേരാണു് ജോലി അന്വേഷിച്ചു വന്നിട്ടുള്ളതു്. അവരുടെയെല്ലാം പേരുകൂടി ഞാൻ നോക്കുന്നില്ല."

ഉദ്യോഗാർത്ഥി: "അങ്ങനെയെങ്കിൽ ഉദ്യോഗം അന്വേഷിച്ചുവരുന്നവരുടെ പേരെഴുതി സൂക്ഷിക്കുന്ന ജോലിയെങ്കിലും എനിക്കു തരുമോ?"

## കഥാപ്രസംഗം

പ്രസിദ്ധകഥാപ്രാസംഗികനായ ശ്രീ ജോസഫു് കൈമാപറമ്പൻ വണ്ടിപ്പേരിയാർ പ്രൈമറിസ്കൂൾ ഫണ്ടിനുവേണ്ടി യൂറോപ്യൻ ക്ലബ്ബിൽവച്ചു് വിശുദ്ധ സ്ഥാപകയോഹന്നാന്റെ ശിരച്ഛേദത്തെ അധികരിച്ചു ഒരു കഥാപ്രസംഗം നടത്തിയിരിക്കുന്നു.

# നീർവീഴ്ച—തുമ്മൽ

## (നീരിറക്കം)

**1 നീർവീഴ്ച** ശൈശവം മുതൽ മരണംവരെ അനവധിപേരിലും തുടർച്ചയായും ഇടവിട്ടും കണ്ടുകൊണ്ടിരിക്കുന്നതും, ദിനംപ്രതി അനേകംപേരുടെ ആരോഗ്യത്തെ ക്ഷയിപ്പിച്ചുകൊണ്ടിരിക്കുന്നതും, ക്ഷയം, ഏങ്ങൽ (ശ്വാസം മുട്ട്), ചുമ, മൂലക്കുരു, രക്തവാതം, രക്തദൂഷ്യം തുടങ്ങിയ അനവധി രോഗങ്ങളുടെ ആരംഭലക്ഷണവുമാകുന്നു.

**2 നീർവീഴ്ച** ഒരു രോഗമല്ലെന്നും അതു മനുഷ്യസഹജമാണെന്നുമുള്ള ഒരു തെററിദ്ധാരണ പലക്കും ഉള്ളതിനാൽ നീർവീഴ്ച ക്രമേണ വർദ്ധിച്ച് ക്ഷയം, ഏങ്ങൽ തുടങ്ങിയ രോഗങ്ങളായി പരിണമിക്കുന്നതുവരെ നീർവീഴ്ചയുടെ അനന്തരഫലങ്ങളെപ്പററി മിക്കവരും ചിന്തിച്ചുകാണുന്നില്ല.

**3 നീർവീഴ്ച** ഉത്ഭവിപ്പാനുള്ള കാരണങ്ങൾ, നീർവീഴ്ചയിൽനിന്നുത്ഭവിക്കുന്ന വ്യാധികൾ, നീർവീഴ്ചക്കുള്ള പ്രതിവിധികൾ, നീർവീഴ്ചയുള്ളവർ ഉപേക്ഷിക്കേണ്ട ആഹാരാദികൾ, അവർ അനുഷ്ഠിക്കേണ്ട ദിനചര്യകൾ എന്നീ വിഷയങ്ങളെപ്പററിയുള്ള ജ്ഞാനം സാധാരണക്കാർക്കെന്നു മാത്രമല്ല പല വൈദ്യവിദഗ്ദ്ധന്മാക്കുപോലും വേണ്ടത്ര ലഭിച്ചിട്ടില്ലെന്നാണ് ഇപ്പോഴത്തെ നിത്യാനുഭവങ്ങളിൽനിന്നു് ഊഹിക്കേണ്ടതു്.

**4 നീർവീഴ്ച** എന്ന രോഗത്തിന്നുവേണ്ടി ഓരോ രോഗികളും അനവധി വൈദ്യന്മാരെ കാണുകയും അവരുടെ നിർദ്ദേശാനുസരണം മാറിമാറി പലതരം എണ്ണകൾ തേക്കുക മുതലായ ചികിത്സകൾ ചെയ്തിട്ടുള്ളതായും കാണുന്നുണ്ടു്. ഇതുകൊണ്ടു് പലരുടെയും നീർവീഴ്ച മാറിയിട്ടില്ലെന്നു മാത്രമല്ല അവർ വേറെയും പല രോഗങ്ങൾക്കു് വിധേയരായിതീർന്നിട്ടുള്ളതായും കാണുന്നുണ്ടു്.

**5 നീർവീഴ്ച** എന്നു പറയുന്നതു് തുമ്മുക, മൂക്കിൽനിന്നു വെള്ളം വരിക കഴുത്തുകഴക്കുക, തുടങ്ങിയ ഏതാനും ചില ലക്ഷണങ്ങൾ മാത്രമാണെന്നു ധരിച്ചിട്ടുള്ളവരാണ് അധികവും. എന്നാൽ ആയുർവ്വേദത്തിൽ അവിടവിടെയായി കിടക്കുന്ന തത്വങ്ങളെപ്പററി സൂക്ഷ്മനിരീക്ഷണം നടത്തുന്നതായാൽ നീർവീഴ്ചയും അതിൽനിന്നു് ഉത്ഭവിക്കുന്ന രോഗങ്ങളും നാനാവിധമാണെന്നു് കണ്ടെത്തുന്നതാണ്.

**6 നീർവീഴ്ച** എന്നു പറയുന്നതു് ഏതെല്ലാം ലക്ഷണങ്ങളെയാണെന്നോ, നീർവീഴ്ചയുടെ കാരണങ്ങൾ ഏവയെന്നൊ ഗ്രഹിക്കാതെ—ലക്ഷ്യമില്ലാതെ—ഉഷ്ണവീര്യമെന്നൊ ശീതവീര്യമെന്നൊ ചിന്തിക്കാതെ കണ്ടതും കേട്ടതുമായ ഔഷധങ്ങൾ ധാരാളമായി പ്രയോഗിച്ചതുകൊണ്ടു് നീർവീഴ്ചയുള്ളവരായ അനവധി രോഗികളും ക്ഷയം, ഏങ്ങൽ, പ്രമേഹം, മൂലക്കുരു തുടങ്ങിയ രോഗമുള്ളവരായിതീന്നിട്ടുണ്ടെന്നു പറയുമ്പോൾ, ഈവിധത്തിൽ രോഗികളായിതീന്നു് ഇപ്പോൾ ദുരിതമനുഭവിച്ചുകൊണ്ടിരിക്കുന്നവരൊഴികെയുള്ള നീർവീഴ്ച ബാധിതരിൽ മിക്കവരും അവിശ്വാസപ്രമേയം അവതരിപ്പിക്കുമെന്നതു് തീച്ചയാണ്. എന്തുകൊണ്ടെന്നാൽ തങ്ങൾക്കനുഭവമില്ലാത്തവയെ വിശ്വസിക്കുക പലക്കും സാദ്ധ്യമല്ല.

**7 നീർവീഴ്ച**യെപററിയുള്ള കണ്ടുപിടുത്തങ്ങൾ ഇംഗ്ലീഷ് ചികിത്സാവിദഗ്ദ്ധന്മാക്കും വേണ്ടത്ര സാധിച്ചിട്ടുണ്ടോ എന്നു സംശയിക്കത്തക്ക ധാരാളം സംഭവങ്ങളാണ് ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നതു്. ക്ഷയം, ഏങ്ങൽ, അർബ്ബുദം തുടങ്ങിയ രോഗങ്ങളിൽ ഫലപ്രദമായ ചികിത്സകൾ ചെയ്തു് ഒട്ടേറെ രോഗശമനം വരുത്തിയിട്ടും, ശേഷിച്ചിട്ടുള്ള ലക്ഷണങ്ങളായ നീർവീഴ്ച, വിയപ്പ് തുടങ്ങിയവകൾ മാറവുന്നതിൽ പരാജയമാണ് മിക്കപ്പോഴും ഇംഗ്ലീഷ് ചികിത്സയിൽ കണ്ടുവരുന്നതു്.

**8 നീർവീഴ്ച**, വിയപ്പു്, കിതപ്പു്, ഇടക്കു ചുമ തുടങ്ങിയ ഏതാനും ചില ലക്ഷണങ്ങൾ മാത്രമെ ഇനി മാറുവാനുള്ളു. ബാക്കിയെല്ലാം സുഖപ്പെട്ടു എന്നു പറഞ്ഞുകൊണ്ടു് ക്ഷയരോഗാസ്പത്രികളിലെ ചികിത്സകഴിഞ്ഞു് കണക്കിലധികമായ ശരീരപൂർണ്ണിയോടുകൂടി മടങ്ങിയെത്തിയിട്ടുള്ള പല രോഗികളേയും കാണുന്നുണ്ടു്. അതിസൂക്ഷ്മത്തോടെ ജീവിച്ചുകൊണ്ടിരിക്കുമ്പോൾതന്നെ ഇവരുടെ നീർവീഴ്ച തുടങ്ങിയവകൾ വർദ്ധിച്ചു് രക്തം ഛർദ്ദിക്കുക തുടങ്ങിയവകളോടുകൂടി ഇവർ പൂർവ്വാധികം രോഗികളായിതീരുന്ന സംഭവങ്ങളും അപൂർവ്വമല്ലാ.

**9 നീർവീഴ്ച**, ക്ഷയം, ഏങ്ങൽ തുടങ്ങിയ അനവധി രോഗങ്ങളുടെ ഉത്ഭവകാരണവും ആരംഭലക്ഷണവുമാണെന്നു ഗ്രഹിച്ചു് അതിന്നുള്ള നിവാരണമാർഗ്ഗങ്ങൾകൂടി അറിഞ്ഞു ചികിത്സിക്കുന്നപക്ഷം ഇന്നത്തെക്കായിലും വളരെയധികം ക്ഷയരോഗികൾക്കു് പരിപൂർണ്ണമായി രോഗവിമുക്തരാകുവാൻ സാധിക്കുമെന്നുള്ളതു് ദിനംപ്രതിയുള്ള അനേകം അനുഭവങ്ങളിൽനിന്നു് വ്യക്തമാകുന്നുണ്ടു്. ഇതോടൊപ്പം ഞങ്ങൾ പ്രസിദ്ധപ്പെടുത്തുന്ന 70-ാമത്തെ അനുഭവസാക്ഷ്യം മേൽവിവരിച്ച തത്വങ്ങളെ സ്ഥിരീകരിക്കുന്നുണ്ടു്.

**10 നീർവീഴ്ച** 80 ശതമാനം രോഗങ്ങളുടെയും മൂലകാരണമായിരിക്കുന്നതുപോലെ, നീർവീഴ്ചയെ ശമിപ്പിക്കുവാനുള്ളതും കൂടിയായ നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാതൈലം എന്നീ ഔഷധങ്ങൾകൊണ്ടു് ഇപ്പോൾ നമ്മുടെ ഇടയിൽ കണ്ടുവരുന്ന രോഗങ്ങളിൽ 80 ശതമാനവും സുഖപ്പെടുത്തുവാൻ സാധിക്കുന്നുണ്ടു്. ഈ ഔഷധങ്ങൾകൊണ്ടു് പലവിധരോഗങ്ങൾ ശമിച്ചിട്ടുള്ളവരുടെയായി ഞങ്ങൾ 70 അനുഭവസാക്ഷ്യങ്ങൾ പ്രസിദ്ധപ്പെടുത്തികഴിഞ്ഞു. ഇതുവരെ ഞങ്ങളുടെ പരസ്യങ്ങളിലൊ അനുഭവസാക്ഷ്യങ്ങളിലൊ പറഞ്ഞിട്ടില്ലാത്ത പല മഹാരോഗങ്ങളിലും ഈ ഔഷധങ്ങൾ ഇപ്പോൾ പ്രതീക്ഷയിൽ കവിഞ്ഞുള്ള ഫലം ചെയ്തുകൊണ്ടിരിക്കുന്ന വിവരം ഞങ്ങളെപോലെ മാന്യവായനക്കാരിൽ പലക്കും അറിയുവാൻ സാധിച്ചിരിക്കുമെന്നു വിശ്വസിക്കുന്നു. ഇനിയും ഈ വിഷയത്തെ തുടരുവാൻ ഉദ്ദേശിച്ചിട്ടുള്ളതുകൊണ്ടു മാന്യവായനക്കാർ ദയവായി അതിദീർഘമായ കത്തുകൾ എഴുതി അയക്കാതിരിപ്പാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാകുന്നു. എന്തുകൊണ്ടെന്നാൽ കാര്യസമ്പൂർണ്ണമായും വ്യക്തമായും ഉള്ളതല്ലാത്ത ദീർഘിച്ച കത്തുകൾ സൂക്ഷ്മമായി പരിശോധിപ്പാൻ സമയം പോരാതെവന്നിട്ടുണ്ടു്.

N. B. ഞങ്ങളുടെ പരസ്യങ്ങൾ അതുപോലെതന്നേയൊ വ്യത്യാസപ്പെടുത്തിയോ മററാരും പകത്തുവാൻ പാടുള്ളതല്ല.

**PROP: കാളത്ത് പാവുണ്ണി ഔസേപ്പ് വൈദ്യൻ,**
**കാളൻ ആയുർവ്വേദിക് ഫാർമസി, (റെയിൽവെ സ്റ്റേഷന്നു സമീപം) നെല്ലായി.P.O.**
TELE: 'KALAN'. TRICHUR.



# അനുഭവസാക്ഷ്യം No. 70.

കാളത്തു് പാവുണ്ണി ഔസേപ്പു് വൈദ്യൻ അവർകൾക്കു്, നെല്ലായി P. O.

പ്രിയ വൈദ്യരെ,

സാധാരണപത്രങ്ങളിൽ കാണാറുള്ള ശതസഹസ്രം പരസ്യങ്ങളെപ്പോലെ താങ്കൾ പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരിക്കുന്ന അനുഭവസാക്ഷ്യങ്ങളെയും ആദ്യം ഞാൻ വിശ്വസിച്ചിരുന്നില്ല. എന്തെന്നാൽ അത്തരം പരസ്യങ്ങൾ മിക്കവാറും സാധുക്കളെ ചൂഷണം ചെയ്യാനുള്ളതായിട്ടാണ് പലരുടെയും അനുഭവങ്ങളിൽനിന്നു ഞാൻ ഗ്രഹിച്ചിട്ടുള്ളതു്. എന്നാൽ താങ്കളുടെ പരസ്യങ്ങൾ യഥാത്ഥങ്ങളെ മാത്രം പ്രകാശിപ്പിച്ചുകൊണ്ടിരിക്കുന്നവയാണെന്നു എന്റെ അനുഭവത്താൽ ഇപ്പോൾ എനിക്കു ബോദ്ധ്യമായിട്ടുള്ള വിവരം നിങ്ങളെ ആദ്യമായി അറിയിച്ചുകൊള്ളുന്നു.

ഇടക്കിടെ നീർവീഴ്ച, പനി, ചുമ, തുടങ്ങിയ ക്ഷയരോഗലക്ഷണങ്ങളോടുകൂടി 1122-ൽ ഞാൻ ഒരു രോഗിയായിതീന്നു. താമസിയാതെ രോഗശമനാത്ഥം ഞാൻ തൃശ്ശൂർ ക്ഷയരോഗാസ്പത്രിയിൽചേന്നു അവിടത്തെ മുറപ്രകാരം "കാററുകേററൽ" തുടങ്ങിയ ചികിത്സകൾ 11 മാസക്കാലം ചെയ്തു. എങ്കിലും രോഗലക്ഷണങ്ങൾ പിന്നെയും ധാരാളമായി എന്നെ അലട്ടിക്കൊണ്ടിരിക്കയായിരുന്നു. ഇപ്രകാരം കഴിയുമ്പോളാണ് താങ്കളുടെ "നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാതൈലം" എന്നീ പ്രസിദ്ധപ്പെട്ട ഔഷധങ്ങൾകൊണ്ടു് രോഗം സുഖപ്പെട്ടിട്ടുള്ള ഒരു മാന്യനുമായി എന്റെ അച്ഛൻ പരിചയപ്പെടുകയും, ആയതിന്നുശേഷം അച്ഛന്റെ ഇടവിടാതെയുള്ള നിർബന്ധം മൂലമാണ് 25-6-50-ൽ ഞാൻ നെല്ലായിൽവന്നു താങ്കളെ കാണുകയും ചെയ്തതു്.

നിങ്ങൾ അന്നു എന്നോടു് നിർദ്ദേശിച്ചിരുന്നപ്രകാരം "നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാതൈലം" എന്നീ ഔഷധങ്ങൾ തുടന്നു ഉപയോഗിച്ചതിനാൽ എന്റെ രോഗലക്ഷണങ്ങൾ തീരെ വിട്ടുമാറുകയും ശരീരത്തിന്റെ തൂക്കം എട്ടുറാത്തൽ വർദ്ധിക്കയും ചെയ്തിട്ടുണ്ടു്. ആരോഗ്യസംരക്ഷണാത്ഥം ഞാൻ ഈ ഔഷധങ്ങൾ ഇപ്പോഴും ഉപയോഗിക്കുന്നുണ്ടു്.

ക്ഷയരോഗത്തിന്റെ മുഖ്യലക്ഷണങ്ങളായ നീർവീഴ്ച തുടങ്ങിയവകൾക്കു് "നിംബാസവം" തുടങ്ങിയ ഔഷധങ്ങൾ മൂന്നും വളരെ ഫലപ്രദമാണെന്നുള്ള വിവരം എന്നെപ്പോലെ കഷ്ടതകൾ അനുഭവിച്ചുകൊണ്ടുവരുന്നവരുടെ അറിവിന്നായിക്കൊണ്ടു് എന്റെ ഈ അനുഭവസാക്ഷ്യം പ്രസിദ്ധപ്പെടുത്തുവാൻ എനിക്കുള്ള ആഗ്രഹം കൃതജ്ഞതാപൂർവ്വം താങ്കളെ അറിയിച്ചുകൊള്ളുന്നു.

വാളൂർ
11—11—1950 } ചുങ്കത്തു് അയ്യപ്പൻ പരമേശ്വരൻ (ഒപ്പു്)
വാളൂർ, അന്നൂർ A. O., കൊച്ചിൻസ്റ്റേററ്

കാളൻ ആയുർവ്വേദിക്കു് ഫാർമ്മസി (റെയിൽവേസ്റ്റേഷന്നു സമീപം), നെല്ലായി P. O.





തെനങ്കുന്നുപള്ളി ഇടവകയിൽ സ്ഥാപിതമായിരിക്കുന്ന മാതൃസംഘത്തിന്റെ ഉൽഘാടനം ഒക്ടോബർ 30-ാംനു- റവ. ഫാ. മാത്യു തോട്ടുങ്കൽ അവർകളുടെ അദ്ധ്യക്ഷതയിൽ നടന്ന മഹിളാസമ്മേളനത്തിൽവച്ചു് റവ. ഫാ. ജോസഫ് മാവുങ്കൽ നിർവ്വഹിക്കയുണ്ടായി. മിസസ് ബ്രിജിററ് അഗസ്റ്റിൻ മേക്കുന്നേൽ സ്ഥിരാദ്ധ്യക്ഷയായും മിസസ് മേരി സെബാസ്റ്റ്യൻ കുരുവിനാക്കുന്നേൽ ഉപാദ്ധ്യക്ഷയായും മിസസ് മേരി അഗസ്റ്റിൻ വഴുതനപ്പിള്ളിൽ സെക്രട്ടറിയായും മിസസ് ത്രേസ്യ ചാക്കോ താഴത്തുവീട്ടിൽ ട്രഷററായും തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

—പള്ളുരുത്തി ഗ്രൂപ്പ് അദ്ധ്യാപകസംഘത്തിന്റെ ഒരു യോഗം നവംബർ 1-ാംനു- സമ്മേളിച്ചു് തിരു-കൊച്ചിയിലെ പുതിയ വിദ്യാഭ്യാസപദ്ധതിയെ പിന്താങ്ങിയുള്ള പ്രമേയം പാസാക്കാൻ ശ്രമിക്കയിൽ അദ്ധ്യാപകന്മാരിൽ 52 പേർ ഹാൾ വിട്ടിറങ്ങിപ്പോന്നതായറിയുന്നു. ബാക്കി 28 പേർ ചേന്നാണ് പ്രമേയം പാസാക്കിയതു്.

—കുഴിക്കാട്ടുശേരി സെൻറ് മേരീസ് ഗേൾസ് ഹൈസ്കൂൾ സ്റ്റാഫംഗങ്ങളുടെ ഒരു യോഗം ഒക്ടോബർ 25-ാംനു- സമ്മേളിച്ചു് പുതിയ വിദ്യാഭ്യാസപദ്ധതിയിലെ വ്യവസ്ഥകളെ പ്രതിഷേധിച്ചിരിക്കുന്നു.

—തോട്ടയ്ക്കാട്ടു് പുതുതായി പണുതീരിക്കുന്ന ദേവാലയത്തിന്റെ ശിലാസ്ഥാപനം ഒക്ടോബർ 29-ാംനു- റൈററ് റവ. മോൺ. ജേക്കബ്ബ് കല്ലറയ്ക്കൽ നിർവ്വഹിച്ചിരിക്കുന്നു.

—ഒല്ലൂർ: പുതിയ വിദ്യാഭ്യാസപദ്ധതിയിലെ മൗലികാവകാശധ്വംസകങ്ങളായ വ്യവസ്ഥകളെ പ്രതിഷേധിക്കുന്ന ഒരു പ്രമേയം നവംബർ 6-ാംനു- കോയമ്പത്തൂർ മെത്രാൻ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ കൂടിയ കത്തോലിക്കാ കോൺഗ്രസ് വാർഷികത്തിൽ പാസാക്കിയിരിക്കുന്നു.

—അമ്മാടം: തിരുബാലസഖ്യത്തിന്റെ ഒരു ശാഖ നവംബർ 1-ാംനു- റവ. ഫാ. ജോഫസ് ചാലയ്ക്കൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽവച്ചു് ഉൽഘാടനം ചെയ്തിരിക്കുന്നു.

—എറണാകുളം ബോസ്കോകലാസമിതിയുടെ വാർഷികം നവംബർ 12-ാംനു- മി. കെ. എക്സ്. ജോൺ എം. എ. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തിയിരിക്കുന്നു. മി. എം. സി. മാത്യു ബി. എ. ബി. എൽ. പ്രസംഗിച്ചു. യോഗാനന്തരം സമിതിയംഗങ്ങൾ "അക്വീസ്" എന്ന പ്രഹസനം അഭിനയിച്ചു.

—ചങ്ങനാശേരി രൂപതയിൽപെട്ട എളങ്ങോയി ഇടവകയിൽ ലീജിയൻ ഓഫ് മേരിയുടെ രണ്ടു ശാഖകൾ കാഞ്ഞിരപ്പള്ളി കൂരിയാ പ്രസിഡണ്ടു് ശ്രീ ജോർജ്ജ് തോമസ് ബി. എ. ബി. എൽ. ഉൽഘാടനം ചെയ്തിരിക്കുന്നു.

—പുതുക്കാട്ടു പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന വിൻസെൻറു് ഡി പോൾ സഖ്യത്തിന്റെ 4-ാം വാർഷികം നവംബർ 5-ാംനു- റവ. ഫാ. മാത്യു മങ്കുഴിക്കരി അവർകളുടെ അദ്ധ്യക്ഷതയിൽ കൂടുകയും ശ്രീ എം. ഒ. ജോസഫ് നെടുങ്കുന്നം പ്രസംഗിക്കയും ചെയ്തു. പുതിയ വിദ്യാഭ്യാസ പദ്ധതിയെ പ്രതിഷേധിക്കുന്ന ഒരു പ്രമേയം യോഗത്തിൽവച്ചു് സർവ്വസമ്മതമായി പാസാക്കപ്പെട്ടു. യോഗാനന്തരം സഖ്യാംഗങ്ങൾ സേവനം എന്ന പ്രഹസനം അഭിനയിക്കുകയുണ്ടായി.

— കാണക്കാരി: മാതാവിന്റെ സ്വർഗ്ഗാരോപണം അനുസ്മരിച്ചു് നവംബർ 5-ാംനു- പ്രസംഗം, ഘോഷയാത്ര മുതലായവ നടത്തിയിരിക്കുന്നു.

—എളങ്കുളം: ഫാത്തിമാ മാതാവിന്റെ നാമത്തിൽ പുതുതായി പണികഴിച്ചിരിക്കുന്ന ദേവാലയത്തിന്റെ ആശീർവ്വാദം വരാപ്പുഴ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് ഡിസംബർ 8 ാംനു- നിർവ്വഹിക്കുന്നതാണ്.

—വായ്പൂരു്: ചെറുപുഷ്പ മിഷൻലീഗിന്റെ ഒരു ശാഖ ഒക്ടോബർ 29-ാംനു- റവ. ഫാ. അഗസ്റ്റിൻ മണ്ണൂക്കുളം ഉൽഘാടനം ചെയ്തിരിക്കുന്നു.

—തീടനാട്ടു്: ചെറുപുഷ്പ മിഷൻലീഗിൽനിന്നു ഹൈദ്രബാദിലെ ഒരു മിഷൻഗ്രാമംകൂടി ഏറെറടുത്തു് നടത്തുന്നതിനു തീരുമാനിച്ചിരിക്കുന്നു. റവ. ഫാ. ഇഞ്ചയ്ക്കലോടി എഴുതിയിട്ടുള്ള "യാക്കോബായ സഭയും റീത്തുപാത്രിയക്കീസും" എന്ന പുസ്തകത്തിന്റെ 25 പ്രതി അകത്തോലിക്കരുടെ ഇടയിൽ സൗജന്യമായി വിതരണം ചെയ്തിരിക്കുന്നു.



# പ്രഭാഷണം

## "നാശത്തിൻെറ മ്ളേച്ഛത"

ദാനിയേൽ ദീർഘദർശി നാശത്തിൻെറ മ്ളേച്ഛത എന്നു വിളിച്ചിരിക്കുന്നതു് വിശുദ്ധ സ്ഥലത്തു നില്ക്കുന്നതു നിങ്ങൾ കാണുമ്പോൾ (ഇതിൻെറ അത്ഥമെന്തെന്നു് ഇതു വായിക്കുന്നവർ മനസ്സിലാക്കട്ടെ) യൂദായിലുള്ളവർ മലകളിൽ അഭയം തേടട്ടെ. അവർ പുരമുകളിലാണെങ്കിൽ, വീട്ടിൽനിന്നു എന്തെങ്കിലും എടുത്തുകൊണ്ടു പോകുവാൻ താഴെ ഇറങ്ങാതിരിക്കട്ടെ. വയലിലാണെങ്കിൽ മേലങ്കി എടുക്കുവാനായി അവർ വീട്ടിലേക്കു തിരിച്ചു പോകാതിരിക്കട്ടെ. ആ നാളുകളിൽ ഗർഭിണികൾക്കും മുലകുടിപ്പിക്കുന്നവക്കും കഷ്ടം! നിങ്ങളുടെ പലായനം വർഷകാലത്തോ സാബത്തിലോ ആകാതിരിക്കുവാൻ പ്രാത്ഥിക്കുവിൻ. എന്തുകൊണ്ടെന്നാൽ ലോകാരംഭംമുതൽ ഉണ്ടായിട്ടില്ലാത്തതും ഇനിമേൽ ഉണ്ടാവുകയില്ലാത്തതുമായ തരത്തിലുള്ള ദുരിതം അന്നുണ്ടാകും. ആ ദിവസങ്ങളുടെ എണ്ണം കുറയ്ക്കപ്പെടാതിരുന്നെങ്കിൽ ഒരു മനുഷ്യനും ഒരു ശരണവുമുണ്ടാകുകയില്ലായിരുന്നു. എന്നാൽ തിരഞ്ഞെടുക്കപ്പെട്ടവരെ പ്രതി ആ ദിവസങ്ങൾ ചുരുക്കപ്പെടും. ആ സമയത്തു ഒരുവൻ നിങ്ങളോടു, ഇതാ ക്രിസ്തു ഇവിടെയുണ്ടു്, അവിടുന്നു് അവിടെയുണ്ടു്, എന്നു പറഞ്ഞാൽ അവനെ വിശ്വസിക്കരുതു്. എന്തുകൊണ്ടെന്നാൽ കള്ളക്രിസ്തുക്കളും വ്യാജപ്രവാചകന്മാരും പ്രത്യക്ഷപ്പെട്ടു്, വലിയ അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും. കഴിയുമെങ്കിൽ തിരഞ്ഞെടുക്കപ്പെട്ടവരെപ്പോലും വഞ്ചിപ്പാനായിട്ടത്രേ ഇതു്. നല്ലതുപോലെ സൂക്ഷിച്ചുകൊള്ളുവിൻ. ഞാൻ അതെപ്പററി മുന്നറിവു് തന്നുകഴിഞ്ഞു. ആകയാൽ അവർ നിങ്ങളോടു. ഇതാ അവിടുന്നു് ഇവിടെ മരുഭൂമിയിൽ ഉണ്ടു്, എന്നു പറഞ്ഞാൽ നിങ്ങൾ അനങ്ങരുതു്. അവർ നിങ്ങളോടു്, അതാ അവിടുന്നു്, ഗൂഢസ്ഥലങ്ങളിൽ ഉണ്ടു്, എന്നു പറഞ്ഞാൽ അവരെ വിശ്വസിക്കരുതു്. കിഴക്കുനിന്നു പുറപ്പെട്ടു് പടിഞ്ഞാറുവരെ എത്തുന്ന മിന്നൽപ്പിണർപോലെ ആയിരിക്കും മനുഷ്യപുത്രൻ വരുന്നതു്. പ്രേതം കിടക്കുന്നിടത്താണു കഴുകന്മാർ കൂടുന്നതു്. ആ ദിവസങ്ങളിലെ ദുരിതങ്ങൾ അവസാനിച്ചയുടനെ, സൂര്യൻ ഇരുണ്ടുപോകും. ചന്ദ്രൻ പ്രകാശം നൽകുകയില്ല, നക്ഷത്രങ്ങൾ ആകാശത്തുനിന്നു വീഴും, ആകാശശക്തികൾ ഇളകുകയും ചെയ്യും. അപ്പോൾ മനുഷ്യപുത്രൻെറ അടയാളം ആകാശത്തിൽ കാണപ്പെടും. ദേശത്തെ ഗോത്രങ്ങളെല്ലാം വിലപിക്കുന്നതു് അപ്പോളായിരിക്കും. മനുഷ്യപുത്രൻ വലിയ ശക്തിയോടും മഹത്വത്തോടുംകൂടി ആകാശമേഘങ്ങളിൽ വരുന്നതു് അവർ കാണും. തൻെറ തിരഞ്ഞെടുക്കപ്പെട്ടവരെ ആകാശത്തിൻെറ ഒരററംമുതൽ മറേറ അററംവരെ, നാലു വായുക്കളിൽനിന്നും, ഒന്നിച്ചുകൂട്ടുന്നതിനായി അവൻ തൻെറ ദൂതന്മാരെ ഒരു വലിയ കാഹളധ്വനിയോടുകൂടി അയക്കും. അത്തിവൃക്ഷം നിങ്ങളെ ഒരുപമ പഠിപ്പിക്കും, അതിൻെറ കൊമ്പു് ഇളതായി ഇലകളുണ്ടാകുവാൻ തുടങ്ങുമ്പോൾ വേനൽ അടുത്തുവെന്നു നിങ്ങൾക്കറിയാമല്ലോ; ഇതുപോലെതന്നെ, ഇതെല്ലാം സംഭവിക്കുന്നതു നിങ്ങൾ കാണുമ്പോൾ അതു് അടുത്തു നിങ്ങളുടെ പടിക്കൽ എത്തിയിരിക്കുന്നു എന്നറിഞ്ഞാലും. എന്നെ വിശ്വസിക്കുവിൻ. ഇതെല്ലാം പൂത്തിയാകുവോളം ഈ തലമുറ കടന്നുപോകയില്ല. ആകാശവും ഭൂമിയും കടന്നുപോയാലും എൻെറ വാക്കുകൾ നിലനില്ക്കും. (പന്തക്കുസ്ത അവസാന ഞായർ; സുവിശേഷം: മത്താ. XXIV 15-35).

പരി. പിതാവു് 12-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു ഈയിടെ പ്രസിദ്ധീകരിച്ച ഒരു വിശ്വലേഖനത്തിൽ യുദ്ധംമൂലമുണ്ടാകുന്ന ഭീകരമായ നാശത്തെപ്പററി മനുഷ്യരാശിയെ ഉൽബോധിപ്പിക്കുന്നുണ്ടു: "...നശീകരണം, മരണം, സവ്വവിധമായ മാനുഷിക ദുരിതങ്ങൾ......മാത്രമല്ല, നിരപരാധികളായ ശിശുക്കളും, അവരുടെ മാതാക്കളും വൃദ്ധരും രോഗികളുംകൂടി കൊല്ലപ്പെടും. മനുഷ്യൻെറ വൈദഗ്ദ്ധ്യം നിമ്മിച്ചിട്ടുള്ള സവ്വതും—മനോഹരമായതെല്ലാം, നല്ലതായതെല്ലാം, പവിത്രമായതെല്ലാം—പരിപൂണ്ണമായി നശിപ്പിക്കപ്പെടും." കേരളീയരായ നമുക്കു യുദ്ധത്തിൻെറ ഭീകരത അതിൻെറ തനിനിറത്തിൽ നേരിട്ടു് അനുഭവപ്പെട്ടിട്ടില്ല. നമ്മുടെ കാരണവന്മാർ ടിപ്പുവിൻെറ "പടയോട്ട"കാലത്തെ ഭയങ്കരമായ ദുരിതങ്ങൾ വണ്ണിച്ചു കേൾപ്പിക്കാറുണ്ടായിരുന്നു. ഇന്നുള്ളവരാകട്ടെ 99-ലെ മലവെള്ളത്തിൻെറയും 16-ലെ കൊടുങ്കാററിൻെറയും ഭയങ്കരതയെ സ്മരിക്കുമ്പോഴും വണ്ണിക്കുമ്പോഴും ഭയചകിതരായി പ്രത്യക്ഷപ്പെടുന്നുണ്ടു്. എന്നാൽ ഇന്നത്തെ സുവിശേഷത്തിൽ ദിവ്യരക്ഷകൻ വണ്ണിക്കുന്ന നാശദുരിതങ്ങളോടു തുലനം ചെയ്യുമ്പോൾ മേൽപ്പറഞ്ഞവയെല്ലാം നിസ്സാരങ്ങളായി ഭവിക്കുന്നു; അത്രയ്ക്കു ഭയങ്കരമാണു് ആ "നാശത്തിൻെറ മ്ളേച്ഛത." ലോകത്തിൽ ഇതേവരെ ഉണ്ടായിട്ടില്ലാത്തതും ഇനിമേൽ ഉണ്ടാകുകയില്ലാത്തതുമായ തരത്തിലുള്ള ദുരിതം അന്നുണ്ടാകുമെന്നു ക്രിസ്തുനാഥൻ പ്രവചിച്ചു; അതു് അക്ഷരാത്ഥം നിറവേറുകയും ചെയ്തിട്ടുണ്ടെന്നു ചരിത്രം സാക്ഷ്യംവഹിക്കുന്നു. ക്രിസ്തുവിനു് 500 കൊല്ലങ്ങൾ മുമ്പു് ജീവിച്ചിരുന്ന ദാനിയേൽ ദീർഘദർശി ജറുസലം പട്ടണത്തിൻെറ നാശത്തെപ്പററി പ്രവചിച്ചിട്ടുണ്ടു് (ദാനിയേൽ IX 26, 27). അതിൽ അദ്ദേഹം പ്രയോഗിച്ചിട്ടുള്ള "നാശത്തിൻെറ മ്ളേച്ഛത" എന്ന പദം ഉദ്ധരിച്ചുകൊണ്ടും ആ പ്രവചനത്തെ അനുസ്മരിപ്പിച്ചുകൊണ്ടുമാണു് ക്രിസ്തുനാഥൻ ജറുസലം പട്ടണത്തിൻെറ ആസന്നമായ നാശത്തെ വീണ്ടും പ്രവചിക്കുന്നതു്. റോമൻ സേനാനിയായ ടൈററസ് ജറുസലം പട്ടണത്തെ ആക്രമിച്ചു കീഴടക്കിയ സന്ദർഭത്തിൽ സംഭവിച്ചതായ വണ്ണനാതീതങ്ങളായ ദുരിതങ്ങളും, കവർച്ചകളും, കൂട്ടക്കൊലകളും, രക്തപ്രവാഹവും, ദൈവദോഷങ്ങളും, വിഗ്രഹസ്ഥാപനവും, ദേവാലയനിന്ദനങ്ങളും മററുമാണു് ദിവ്യരക്ഷകൻ പ്രവചിക്കുന്ന നാശത്തിൻെറ മ്ളേച്ഛതയും മററു നാശവണ്ണനങ്ങളും സൂചിപ്പിക്കുന്നതു്.

എന്നാൽ ജറുസലത്തു് സംഭവിച്ച നാശത്തിൻെറ മ്ളേച്ഛതയെക്കാൾ കൂടുതൽ ഭയങ്കരമായ ഒന്നുണ്ടു്. അതു് ഓരോരുത്തൻെറയും വിശുദ്ധനഗരമായ ആത്മാവിൽ പാപംവഴിയായി വന്നുഭവിക്കുന്ന ഭയങ്കരമായ നാശത്തിൻെറ മ്ളേച്ഛതയാണു്. റോമൻസൈന്യം വിശുദ്ധനഗരമായ ജറുസലം ആക്രമിച്ചപ്പോൾ അവിടെ നടമാടിയ നാശദുരിതങ്ങൾ ജൊസെഫസ് ഫ്ളാവിയസ്സും മററു ചരിത്രകാരന്മാരും വണ്ണിക്കുന്നുണ്ടു്. ദിവസേന 500 യൂദന്മാർ പരസ്യമായി ക്രൂശിക്കപ്പെട്ടിരുന്നു. കുരിശുകൾ ഉണ്ടാക്കുവാൻ മരം ലഭിക്കാതെവന്നപ്പോൾ മാത്രമേ ഈ ക്രൂരശിക്ഷ നിത്തിയുള്ളു. റോമൻ സൈന്യം ഭക്ഷ്യോപായങ്ങൾ യാതൊന്നും പട്ടണത്തിലേക്കു കടത്തിവിട്ടില്ല. തന്നിമിത്തം പട്ടിണിയും പകർച്ചവ്യാധിയും നിമിത്തം ആയിരക്കണക്കിനു യൂദന്മാർ ചത്തൊടുങ്ങി. വിശപ്പിൻെറ ഉഗ്രതനിമിത്തം മനുഷ്യമാംസംപോലും ഭക്ഷിക്കുവാൻ അവർ നിർബന്ധിതരായി. ഇങ്ങനെ മരിച്ച ആറുലക്ഷം പേരുടെ മൃതശരീരങ്ങൾ കിടങ്ങുകളിലേക്കു എറിയപ്പെട്ടു. മൃതശരീരങ്ങളുടെ കൂമ്പാരങ്ങൾ കണ്ടുകൊണ്ടു് ടൈററസ് പരിഭ്രമിക്കയും ആകാശത്തിലേക്കു കരങ്ങളുയത്തിക്കൊണ്ടു് ഇപ്രകാരം ഉദീരണംചെയ്കയും ചെയ്തുവത്രെ: "ഈ ദുരിതങ്ങളെസംബന്ധിച്ചു് ഞാൻ നിരപരാധിയാണു്. ഇതൊന്നും ഞാൻ ചെയ്തതല്ല; പ്രത്യുത ദൈവത്തിൻെറ നീതിവിധിയാണു്." റോമൻ സൈന്യം പട്ടണത്തിൽ പ്രവേശിച്ചപ്പോൾ കണ്ടവരെയെല്ലാം വാളിനിരയാക്കി; മനുഷ്യരക്തം തെരുവുകളിൽക്കൂടി യഥാത്ഥത്തിൽ ഒഴുകിയിരുന്നുവത്രെ. ദേവാലയവും ശുദ്ധസ്ഥലവും അതിവിശുദ്ധസ്ഥലവും എല്ലാം അശുദ്ധമാക്കപ്പെട്ടു. വിഗ്രഹങ്ങൾ പട്ടണത്തിൽ സ്ഥാപിക്കപ്പെടുകയും ചെയ്തു.

മനുഷ്യൻെറ ആത്മാവു് പരിശുദ്ധമായ ഒരു പ്രാകാരമാണു്; ദൈവത്തിൻെറ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിട്ടുള്ളതാണു്; പരിശുദ്ധാത്മാവിൻെറ ആലയമാണു്. എന്നാൽ ഈ പരിശുദ്ധമായ കോട്ട ഒരു ചാവുദോഷംചെയ്യുന്നതോടകൂടി തകർന്നു തരിപ്പണമാകുന്നു. ആദ്ധ്യാത്മികജീവനും പ്രസാദവരവും അതിനു് നഷ്ടപ്പെടുന്നു. ആത്മാവു് മരിക്കുന്നു. "പാപം. അതു് പരിപൂണ്ണമാകുമ്പോൾ, മരണത്തെ ഉൽപാദിപ്പിക്കുന്നു" (യാക്കോ. I—15). പാപിയെക്കുറിച്ചാണു് വെളിപാടിൻെറ പുസ്തകത്തിൽ "നീ ജീവിച്ചിരിക്കുന്നുവെന്നു പേരുണ്ടെങ്കിലും നീ മരിച്ചിരിക്കുന്നു" (III—1) എന്നു് എഴുതപ്പെട്ടിരിക്കുന്നതു്. ആത്മാവു് വേർപെടുമ്പോൾ ശരീരം മരിക്കുന്നതുപോലെ ദൈവം വേർപെടുമ്പോൾ ആത്മാവും മരിക്കുന്നു; കാരണം, ദൈവമാകുന്നു ആത്മാവിൻെറ ജീവൻ, എന്നു വി. ആഗുസ്തീനോസും പറയുന്നു. അനന്തമായി നമ്മെ സ്നേഹിക്കുന്ന ദൈവം നമുക്കു നഷ്ടമാകയും നാം മരിച്ചുപോകയും ചെയ്യുക എന്നുള്ളതിൽ അടങ്ങിയിരിക്കുന്ന വലിയ നാശനഷ്ടങ്ങൾ നാം ധ്യാനിച്ചു മനസ്സിലാക്കാൻ ശ്രമിക്കണം. ഇതിനുപുറമെ നാം ഇതുവരെ സമ്പാദിച്ച പുണ്യയോഗ്യതകളെല്ലാം മാരകമായ ഒരു പാപം നഷ്ടമാക്കിക്കളയുന്നു; എത്ര സൽകൃത്യങ്ങൾ ചെയ്താലും അവകൊണ്ടു യാതൊരു പുണ്യയോഗ്യതയും ലഭിക്കാൻ സാദ്ധ്യമല്ലാത്തതരത്തിലുള്ള ഒരു വിഘ്നതടിയായി പാപം അവശേഷിക്കയുംചെയ്യുന്നു. റോമക്കാർ യൂദന്മാരുടെ ദേവാലയത്തിലും പ്രാത്ഥനാലയങ്ങളിലും പട്ടണത്തിലും ദേവന്മാരുടേയും ചക്രവത്തികളുടേയും പ്രതിമകൾ സ്ഥാപിച്ചു് ആരാധനകൾ നടത്തി. പാപവും ഒരു വിഗ്രഹാരാധനയാണു്. ദൈവത്തെ നിഷ്കാസനംചെയ്തുകൊണ്ടു് ദുരാശകളാകുന്ന വിഗ്രഹങ്ങളെ സ്ഥാപിക്കയും ആരാധിക്കയും പ്രീണിപ്പിക്കുകയുമാണു ഒരു പാപി ചെയ്യുന്നതു്. ചിലക്കു "വയറു് അവരുടെ ദൈവ"മായിരിക്കും (ഫിലി III—19). മററുചിലക്കു ജഡികസന്തോഷങ്ങൾ അവരുടെ ദൈവമായിരിക്കും. വേറെ ചിലരാകട്ടെ സ്വയം ദൈവത്തിൻെറസ്ഥാനത്തു പ്രതിഷ്ഠിച്ചുകൊണ്ടു് അഹംഭാവത്തെ ആരാധിക്കുന്നുണ്ടായിരിക്കും. യഹൂദന്മാർ രണ്ടു ചേരികളായി തിരിഞ്ഞു. നിയമാനുഷ്ഠാനത്തിൽ തീക്ഷ്ണതയുള്ള വിഭാഗക്കാർ (Zealots) ദേവാലയത്തിൽ നിലയുറപ്പിച്ചുകൊണ്ടു എതിരാളികളെ എതിരിട്ടു. ദേവാലയവും വിശുദ്ധസ്ഥലങ്ങളും കൊലക്കളമായി രൂപാന്തരപ്പെടുകയും ചെയ്തു. ഇതുപോലെതന്നെ പാപവും മനുഷ്യൻെറ ശരീരത്തെയും ആത്മാവിനേയും അശുദ്ധമാക്കുന്നു. പഞ്ചേന്ദ്രിയങ്ങളായ കണ്ണു്, മൂക്കു്, ചെവി, നാവു്, സ്പശനം എന്നിവയെ പാപത്തിനായി വിനിയോഗിക്കുമ്പോൾ ശരീരം പങ്കിലമായിത്തീരുന്നു. ഓമ്മ, ബുദ്ധി, മനസ്സു്, പക്ഷങ്ങൾ എന്നിവയെ പാപത്തിൻെറ പരിസേവനത്തിനായി വിനിയോഗിക്കുമ്പോൾ ആത്മാവും അശുദ്ധമായിത്തീരുന്നു. ഇതിനുള്ള ശിക്ഷയോ? യൂദന്മാക്കുണ്ടായതുതന്നെ.

പാപമാകുന്ന നാശത്തിൻെറ മ്ളേച്ഛതയിൽനിന്നു രക്ഷപ്രാപിക്കുന്നതിനുള്ള മാഗ്ഗങ്ങൾ ദിവ്യരക്ഷകൻതന്നെ നിദ്ദേശിക്കുന്നുണ്ടു്. "അപ്പോൾ യൂദയായിലുള്ളവർ മലകളിൽ അഭയംതേടട്ടെ." പാപത്തിൽനിന്നു ഒഴിഞ്ഞുമാറുന്നതിനു പാപാവസരങ്ങളിൽനിന്നു നാം ഓടിയകലണം. പാപത്തിനുള്ള സാഹചയ്യങ്ങൾ, ആളുകൾ, സ്ഥലങ്ങൾ തുടങ്ങിയവയെ നാം പരിവജ്ജിച്ചു കഴിയൂ. വി. പത്രോസും, ദാവീദ്രാജാവും ഈ പാഠം നമ്മെ പഠിപ്പിക്കുന്നുണ്ടു്. പാപത്തിനുള്ള പ്രലോഭനങ്ങൾ വരുമ്പോൾ നാം മലകളിലേക്കാണു് ഓടിപ്പോകേണ്ടതു്; അതായതു്, നമ്മുടെ ഹൃദയത്തെ ദൈവത്തിലേക്കുയത്തി പ്രാത്ഥനയാകുന്ന ഗിരിശൃംഗങ്ങളിൽ നാം അഭയംതേടണം. "പുരമുകളിലുള്ളവൻ വീട്ടിൽനിന്നു എന്തെങ്കിലും എടുത്തുകൊണ്ടുപോകുവാൻ താഴെ ഇറങ്ങാതിരിക്കട്ടെ. വയലിലുള്ളവൻ മേലങ്കിയെടുക്കുവാനായി വീട്ടിലേക്കു തിരിച്ചുപോകാതിരിക്കട്ടെ." ശീഘ്രത്തിൽ ഓടിയകലണമെന്നു ചുരുക്കം. പാപത്തിനുള്ള പ്രലോഭനങ്ങളും അവസരങ്ങളും വരുമ്പോഴും നാം ഉടനെതന്നെ അവയിൽനിന്നും ഓടിയകലണം. അമാന്തമൊ. സംശയമൊ, നീട്ടിവെക്കലൊ. ഒത്തുതീർപ്പൊ ഒന്നും പാടില്ല. ഈ പലായനത്തിൽ ജീവനെ രക്ഷിക്കുവാൻവേണ്ടി വീടും വീട്ടുസാമഗ്രികളും മേലങ്കിയുംകൂടെ ഉപേക്ഷിക്കുവാൻ മടിക്കരുതെന്നു ക്രിസ്തു യൂദന്മാരെ ഉപദേശിച്ചു. ഇതുപോലെതന്നെ പാപത്തിൽനിന്നു ഒഴിഞ്ഞുമാറുവാൻവേണ്ടി സകലതും, ജീവൻതന്നേയും, പരിത്യജിക്കുവാൻ നാം തയ്യാറാകണം. "നിൻെറ വലതുകൈ നിന്നെ ഉതപ്പിക്കുന്നുവെങ്കിൽ..." സവ്വോപരി, ടിപ്പുവിൻെറ പടയാട്ടത്തെക്കാളും, 99-ലെ മലവെള്ളത്തെക്കാളും, 16-ലെ കൊടുങ്കാററിനെക്കാളും, ഇന്നത്തെ ഭയങ്കരയുദ്ധങ്ങളെക്കാളും, പോരാ, ജറുസലത്തുണ്ടായ ഭയങ്കരമായ നാശത്തിൻെറ മ്ളേച്ഛതയെക്കാളും ഭയങ്കരമായ ഒന്നാണു് പാപം എന്നു് നാം ഗ്രഹിക്കണം.

(ജെ. ചെമ്മണൂർ)

നാളെയ്ക്കുവേണ്ടി കഴിയുന്നതു സമ്പാദിക്കുവാൻ ഇന്നു പരിശ്രമിക്കുക
എന്നാൽ ധനം നിക്ഷേപിക്കുന്നതു ആവശ്യം വരുമ്പോൾ മടക്കി
കിട്ടുമെന്നു ഉറപ്പുള്ള സ്ഥലത്തായിരിക്കണമെന്നു ഓമ്മിക്കുക.

ദി ഈസ്റ്റേൺ
മക്കെൻറയിൽ ബാങ്ക് ക്ലിപ്തം
H. O. ചങ്ങനാശേരി

ബ്രാഞ്ചുകൾ:—ആലുവാ, ചങ്ങനാശേരി, കോതമംഗലം, കോട്ടയം, മൂവാററുപുഴ, നെടുംകുന്നം, പൊൻകുന്നം, തിരുവല്ല, തൃശ്ശൂർ, ഉപ്പുതറ.

പി. എം. ദേവസ്യാ, സെക്രട്ടറി
വി. എം. കുര്യൻ, ജനറൽ മാനേജർ

(11-ാംപേജ് തുടർച്ച)

"എന്നാൽ ഇതത്ഭുതംതന്നെ. ഇത്തരം ആളുകളെ കാണാൻ വിഷമം ഇക്കാലത്തു്. നിങ്ങൾക്കുള്ളതു വിശാലമായ ഒരു ഹൃദയംതന്നെ."

"എല്ലാവരോടും സത്യമായി പെരുമാറണമെന്നു ഞാൻ ആഗ്രഹിക്കുന്നു. നുണപറഞ്ഞാൽ ഒരാളുടെ ചാര്‍ച്ച കൂടുതൽ കിട്ടുമായിരിക്കും. പക്ഷേ സത്യത്തിനേ ഹൃദയത്തിൽ ഒരു സന്തോഷം ജനിപ്പിക്കുവാൻ സാധിക്കൂ."

## എഴുന്നേററു നടന്നു

കഴിഞ്ഞ 8 വർഷക്കാലമായി കിടക്കയിൽതന്നെ കഴിച്ചുകൂട്ടിയിരുന്ന മിസ്സസ് എലിസബത്തു കിർബി എന്ന ആംഗ്ലേയ വനിത ഈയിടെ ലൂർദ്ദിൽവച്ചു എഴുന്നേററു നടന്നിരിക്കുന്നു. അവരുടെ പൂവ്വസ്ഥിതി സംബന്ധിച്ചു വേണ്ടിടത്തോളം സാക്ഷ്യങ്ങൾ ലഭിച്ചിട്ടില്ലാത്തതിനാൽ ലൂർദ്ദിലെ മെഡിക്കൽ ബ്യൂറോ ഇതു അത്ഭുതകരമായ ഒരു രോഗശമനമായി പ്രഖ്യാപിച്ചിട്ടില്ല.

## സത്യസന്ധൻ

(2-ാം പേജ് തുടർച്ച)

ഇങ്ങനെ ചോദിച്ചു എന്നേയുള്ളു. പാവപ്പെട്ട മനുഷ്യരിൽ നീ നമ്മുടെ കർത്താവിനെ കാണണമെന്നു ഞാൻ പഠിപ്പിച്ചിട്ടില്ലേ. ആ പാഠം നീ പ്രയോഗത്തിൽ വരുത്തിയതിനാൽ എനിക്കു സന്തോഷമുണ്ട്. ഇനിയും നീ ഇങ്ങനെതന്നെ ചെയ്യണം."

ബ. കന്യാസ്ത്രീകൾ നടത്തുന്ന സ്കൂളിലാണു തോമ്മാച്ചന്റെ വിദ്യാഭ്യാസം. അവൻ അവരുടെ കണ്ണിലുണ്ണിയാണ്. എല്ലാ കുട്ടികൾക്കും ഒരു മാതൃക. കണക്ക്, ചരിത്രം, ഭൂമിശാസ്ത്രം മുതലായ വിഷയങ്ങളെക്കാൾ ആ സ്കൂളിൽ പ്രാധാന്യം സ്വഭാവരൂപവൽക്കരണത്തിനാണ്. സത്യത്തെ സ്നേഹിക്കുവാനും ഉത്തമമായി ജീവിക്കുവാനും ആദ്യമായി പഠിപ്പിക്കുന്നു അവർ. അവരുടെ ജീവിതം തന്നെ അതിനൊരു മാതൃകയാണ്. ഒരു ദിവസം സിസ്റ്റർ പെബ്രോണിയാ ക്ലാസ്സിൽ ഇപ്രകാരം പ്രസംഗിച്ചു: "പ്രിയ കുഞ്ഞുങ്ങളേ, നിങ്ങൾ ഒരിക്കലും കള്ളം പറയരുത്. ദൈവം നമുക്കു നാവിനെ തന്നിരിക്കുന്നതു് സത്യംമാത്രം പറയുവാനാണ്. "ഒരു ചെറുനാവു്, അവൻ സത്യം പറവാൻ" എന്നു നിങ്ങൾ പാടാറുണ്ടല്ലോ. മൃഗങ്ങൾക്കു നാവുണ്ട്. എന്നാൽ അവയ്ക്കു സംസാരശക്തിയില്ല. മനുഷ്യനു സംസാരശക്തി ദൈവം നൽകിയിരിക്കുന്നു. പക്ഷേ ദൈവത്തിന്റെ ദാനത്തെ ദുരുപയോഗപ്പെടുത്തുന്ന മനുഷ്യരാണ് അധികവും. സത്യംമാത്രമേ പറയൂ എന്നു നിങ്ങൾ ഇന്നൊരു നിശ്ചയം ചെയ്യണം. ചിലപ്പോൾ ശിക്ഷയിൽനിന്നൊഴിയുന്നതിനുവേണ്ടിയും ചിലപ്പോൾ ചില്ലറ ആദായമുണ്ടാകുമെന്നു കാണുമ്പോഴും ആളുകൾ കള്ളം പറയാറുണ്ട്. കള്ളംപറഞ്ഞു മറെറാരുമനുഷ്യനെ വഞ്ചിക്കുവാൻ പ്രയാസമുണ്ടാകയില്ല. പക്ഷേ അനന്തജ്ഞാനിയായ ദൈവത്തിന്റെ കണ്ണുകളെ മറയ്ക്കുവാൻ നമുക്കു വല്ലവർക്കും കഴിയുമോ? സ്വല്പാദായത്തിനുവേണ്ടി കള്ളംപറഞ്ഞു പഠിക്കുന്ന കുട്ടികളും ഒന്നോർക്കണം, അവരുടെ കള്ളങ്ങൾ ഒരിക്കൽ വെളിപ്പെടുമെന്നും അവർ ലോകസമക്ഷം തന്നെ അപഹാസ്യരായിത്തീരുമെന്നും. അതിനാൽ സത്യത്തെമാത്രം മുറുകെ പിടിക്കുക. സത്യംമാത്രം പറയുക. "സത്യം ജയതി നാനൃതം" എന്നുണ്ടല്ലോ ആപ്തവാക്യവും." സഹോദരി പ്രസംഗം നിറുത്തി. കുട്ടികളുടെ നേരേ നോക്കി ചോദിച്ചു: "ഇതുവരെയും ഒററ കള്ളംപോലും പറഞ്ഞിട്ടില്ലാത്ത കുട്ടികൾ ആരെങ്കിലും ഈ ക്ലാസ്സിൽ ഉണ്ടോ?" പരിപൂർണ്ണമൗനം. എല്ലാ കുട്ടികളും തോമ്മാച്ചന്റെ നേരേനോക്കി. അവൻ കുനിഞ്ഞിരുന്നുകളഞ്ഞു. "നിങ്ങൾക്കാർക്കും ഒന്നും പറയുവാനില്ലേ?" സഹോദരി വീണ്ടും ചോദിച്ചു. അപ്പോൾ ഉയന്നു "തോമ്മാച്ചൻ, തോമ്മാച്ചൻ" എന്നൊരു സ്വരം.

"തോമ്മാച്ചൻ ഒരു കള്ളവും പറഞ്ഞിട്ടില്ലെന്നാണോ നിങ്ങൾ പറയുന്നതു്?"

"അതെ, അതെ, തോമ്മാച്ചൻ ഒററ കള്ളവും പറഞ്ഞിട്ടില്ല"—ആ ക്ലാസ്സ് കൂട്ടത്തോടെ പ്രതിവചിച്ചു. സിസ്റ്റർ പെബ്രോണിയാ തോമ്മാച്ചന്റെ നേരേ നോക്കി "എന്റെ കുഞ്ഞേ, നീ ഇതുവരെയും ഒരു കള്ളവും പറഞ്ഞിട്ടില്ലേ?" അവൻ അല്പം സങ്കോചത്തോടുകൂടി എഴുന്നേററു നിന്നു പറഞ്ഞു: "അമ്മച്ചി എന്നെക്കൊണ്ടൊരു സത്യംചെയ്യിച്ചിട്ടുണ്ട്."

"എന്തു സത്യമാണു ചെയ്യിച്ചിരിക്കുന്നതു്?"

"ഒരിക്കലും കള്ളം പറയരുതെന്നു്."

"അങ്ങനെയെങ്കിൽ നീ ഒരിക്കലും കള്ളം പറഞ്ഞിട്ടില്ലായിരിക്കുമല്ലോ."

"ഓമ്മ വച്ചതിൽപ്പിന്നെ ഞാൻ കള്ളം പറഞ്ഞതായി ഓക്കുന്നില്ല."

"കൊള്ളാം; മിടുക്കൻ. ഇങ്ങനെ എല്ലാ കുട്ടികളും ഇനിത്തൊട്ടെങ്കിലും ചെയ്യണം. ഈ സ്കൂളിൽനിന്നും നിങ്ങൾക്ക് കിട്ടാവുന്നതിൽ ഏററം വലിയ നേട്ടം സത്യം പറയുക എന്ന ശീലമായിരിക്കണം. യാതൊരു നഷ്ടത്തെ ഭയന്നും കള്ളം പറയരുതു്. യാതൊരു ലാഭത്തിനുംവേണ്ടി അസത്യംകൊണ്ടു പെരുമാറുകയും അരുതു്."

വൈകുന്നേരം ക്ലാസ്സുകഴിഞ്ഞു് കുട്ടികൾ കൂട്ടംകൂട്ടമായി വീടുകളിലേക്കു പൊയ്ക്കൊണ്ടിരുന്നു. രണ്ടുപേരുടെ പൂർവ്വവൈരാഗ്യം തരംകിട്ടിയപ്പോൾ ആളിക്കത്തി. അവർ പരസ്പരം ചീത്ത പറഞ്ഞുകൊണ്ടു നടന്നു. തോമ്മാച്ചന്റെ തടസ്സങ്ങളൊന്നും ഫലപ്പെട്ടില്ല. അവർ അങ്ങോട്ടും ഇങ്ങോട്ടും കരിങ്കൽ ചില്ലുകൾ വച്ച് ഏറു തുടങ്ങി. ഒരാളുടെ തലയിൽ കല്ലുകൊണ്ടു. അവൻ വീണുപോയി. അപരൻ ആ തരത്തിനു കടന്നുകളയുകയും ചെയ്തു. തോമ്മാച്ചൻ അവശനായി കിടന്നകുട്ടിയുടെ കൈക്കുപിടിച്ച് അവനെ അവന്റെ വീട്ടിൽ കൊണ്ടുചെന്നാക്കി.

വിങ്ങി വിങ്ങി കരഞ്ഞുകൊണ്ട് മാത്തു പറഞ്ഞു: "ഇന്നലെ പോൾ ലൈലൻ എന്റെ തല എറിഞ്ഞുപൊട്ടിച്ചു." അവൻ തല കുനിച്ച് പൊട്ടിയ ഭാഗം കാണിക്കയും ചെയ്തു. ഗോപാലപിള്ള സാറിനു ബോദ്ധ്യമായി. പോൾ ലൈലനെ ശിക്ഷിക്കുവാൻതന്നെ അദ്ദേഹം തീരുമാനിച്ചു. ചോദിച്ചു അവനോട്: "നീ ഈ കുട്ടിയുടെ തല എറിഞ്ഞു പൊട്ടിച്ചതാണോടാ?"

"എന്റെ സാറേ, ഞാനെറിഞ്ഞില്ല. ഈ കുട്ടിയെ ഞാൻ ഇന്നലെ കണ്ടതുകൂടെ ഇല്ല." അദ്ധ്യാപകൻ മാത്തുവിന്റെ നേരേ നോക്കി. അപ്പോൾ അവൻ പറഞ്ഞു: "പോൾ ലൈലൻ പച്ചക്കള്ളമാ പറയുന്നേ, സാറേ, അല്ലെങ്കിൽ ആ തോമ്മാച്ചനോടു ചോദിച്ചാമതി. ആ കുട്ടി ഞങ്ങടെകൂടെ ഒണ്ടാരുന്നു." "ശരി, ശരി." അദ്ധ്യാപകൻ പറഞ്ഞു, "തോമ്മാച്ചൻ പറഞ്ഞാൽ എനിക്കു ബോദ്ധ്യമായി. അവൻ കള്ളം പറയുന്ന ഒരു കുട്ടിയല്ല—തോമ്മസ്!" വിളിച്ചു അദ്ദേഹം. പോൾ ലൈലൻ വിഷണ്ണനായി. തോമ്മാച്ചനെ ദയനീയമായി ഒന്നു നോക്കുകയും ചെയ്തു. തോമ്മാച്ചൻ ചെന്നു ഗോപാലപിള്ളസാറിന്റെ അടുക്കലേക്ക്. അദ്ദേഹം പറഞ്ഞു: "നീ സത്യം പറയുന്ന ഒരു കുട്ടിയാണെന്നെനിക്കറിയാം, അതുകൊണ്ടു നീ പറയുക; ഈ സംഭവത്തെപ്പററി നിനക്കെന്തറിയാം?"

"ഞാൻ ഇതിനു ദൃക്സാക്ഷിയാണ്. സത്യം മുഴുവനും പറയുകയും ചെയ്യാം. എന്നാൽ അതിനു മുമ്പായി സാർ ഒരു വാക്കു പറയണം, എന്റെ ഒരപേക്ഷ സാധിച്ചുതരാമെന്നു്."

"എന്റെ കുഞ്ഞേ ഇതാ ഞാൻ വാക്കു തരുന്നു: നിന്റെ ഏതപേക്ഷയും എനിക്കു കഴിയുമെങ്കിൽ സാധിച്ചു തരാം. എന്താണപേക്ഷ?"

"അതു് ഞാൻ ഇപ്പോൾ പറയുന്നില്ല. എനിക്ക് ഒരു സമയം അനുവദിച്ചാൽ മതി."

"കൊള്ളാം; നിനക്കിഷ്ടമുള്ളപ്പോൾ പറഞ്ഞു കൊള്ളുക. ഇനി ഇതേപ്പററി അറിയാവുന്നതു പറയണം."

"പോൾ ലൈലനും മാത്തുവും പരസ്പരം കല്ലുകൾ പെറുക്കി എറിഞ്ഞു. ലൈലന്റെ കല്ലാണ് ആദ്യം മാത്തുവിന്റെ തലയ്ക്കിട്ടു കൊണ്ടതു്. ആ കുട്ടി വീണുപോകയും ചെയ്തു. അവർ തമ്മിൽ ഒരു കാര്യം സംബന്ധിച്ചു വിരോധം തുടങ്ങിയിട്ടു വളരെ നാളായി." "കൊള്ളാം;" സാർ ഇരുവരേയും നോക്കി പറഞ്ഞു: "സ്കൂളിൽ പഠിക്കുന്ന കുട്ടികളുടെ ജോലി കല്ലുപെറുക്കി എറിഞ്ഞു തലപൊട്ടിക്കയാണ്! നിങ്ങൾ രണ്ടുപേരും ശിക്ഷാർഹർ. പോൾലൈലൻ കള്ളം പറഞ്ഞതിനു കൂടുതൽ ശിക്ഷ അവനു്. കല്ലുപെറുക്കി എറിഞ്ഞതിന് ആറാറടി ഓരോരുത്തക്കും. ലൈലൻ കള്ളം പറഞ്ഞതിനു 3 അടി കൂടുതലും. ആദ്യം ലൈലൻതന്നെ തിരിഞ്ഞു നിൽക്കട്ടെ."

പോൾലൈലൻ നിലവിളിക്കുവാൻ തുടങ്ങി. അപ്പോൾ തോമ്മാച്ചൻ പറഞ്ഞു: "സാർ, ഇപ്പോഴാണ് എന്റെ അപേക്ഷ."

"എന്താണെന്നു പറഞ്ഞുകൊള്ളണം."

"ഞാൻ വെള്ളിയാഴ്ചതോറും ഒരു ത്യാഗം അനുഷ്ഠിക്ക പതിവുണ്ട്. ഇന്നു് അതു സാധിച്ചില്ല. അതുകൊണ്ട് ഇവക്കു നിശ്ചയിച്ചിരിക്കുന്ന അടി എനിക്കു തന്നേക്കണം. ഇവർ എന്റെ സ്നേഹിതന്മാരാണ്."

"ഒരു കുററവും ചെയ്യാത്ത നീ 15 അടി വാങ്ങണമെന്നോ! നിന്റെ അപേക്ഷ വിചിത്രമായിരിക്കുന്നു. എന്നെക്കൊണ്ടു കഴിവില്ലാത്ത ഒരു കാര്യമാണ് നിന്നെ അടിക്കുക എന്നതു്."

"സാർ വാക്കു പാലിക്കണമെന്നാണ് എന്റെ വീണ്ടുമുള്ള അപേക്ഷ."

ഗോപാലപിള്ളസാർ ധർമ്മസങ്കടത്തിലായി. പോൾലൈലനും മാത്തുവും കരച്ചിൽ നിറുത്തി വിസ്മയിച്ചു നിൽക്കയാണ്. കുററക്കാരായ തങ്ങൾക്കുവേണ്ടി നിരപരാധിയായ ഒരു സ്നേഹിതൻ തല്ലുകൊള്ളുന്നതു കാണുവാൻ അവക്കു സമ്മതമായില്ല. എന്നാൽ തോമ്മാച്ചൻ അദ്ധ്യാപകന്റെ വാഗ്ദാനത്തിൽപിടികൂടുകയും ചെയ്തിരിക്കുന്നു. ഒടുവിൽ ഗോപാലപിള്ളസാർ സമ്മതിച്ചു തോമ്മാച്ചനെ തല്ലാമെന്നു്. പുറം തിരിഞ്ഞുനിന്നു അവൻ തല്ലുവാങ്ങുവാൻ. സ്നേഹിതന്മാക്കതു സഹിക്കുവാൻ കഴിഞ്ഞില്ല. അവരുടെ കണ്ണുകളിൽനിന്നും കണ്ണുനീർ പ്രവഹിച്ചു. അവർ അദ്ധ്യാപകന്റെ മുമ്പിൽ മുട്ടുകുത്തി കേണപേക്ഷിച്ചു തോമ്മാച്ചനെ തല്ലരുതെന്നും തങ്ങളെ തല്ലിക്കൊള്ളണമെന്നും. ഇതികർത്തവ്യതാമൂഢനായി അദ്ദേഹം വടി ഓങ്ങി അല്പനേരം നിന്നുപോയി. അവർ തമ്മിലുള്ള മത്സരം കണ്ടപ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞു. "നിങ്ങൾക്കു ഞാൻ മാപ്പു തന്നിരിക്കുന്നു ഈ തോമ്മാച്ചനെപ്രതി. അതിനാൽ ഇനി ഇത്തരം ദുഷ്കൃത്യങ്ങൾ ആവർത്തിക്കാതിരിക്കുവാൻ സൂക്ഷിച്ചുകൊള്ളുക." അദ്ധ്യാപകന്റെ അന്ത്യശാസനം. അവർ സന്തോഷഭരിതരായി എഴുന്നേററു. "ഇനി ഞങ്ങൾ തമ്മിൽ ഒരിക്കലും പിണങ്ങുന്നതല്ല" എന്നു പറഞ്ഞ് പരസ്പരം ആലിംഗനം ചെയ്തു. ഇരുവരുംകൂടി തോമ്മാച്ചനെയും. ഗോപാലപിള്ളസാർ തോമ്മാച്ചന്റെ ത്യാഗശീലത്തെയും ബുദ്ധിശക്തിയെയും അന്നു വളരെ പ്രശംസിക്കയുണ്ടായി.

പല കമ്പനിക്കാരുടെ ബസ്സുകൾ ആ വഴിക്ക് ഓടിക്കൊണ്ടിരിക്കുന്നു. അവർ തമ്മിൽ കൊടിയ മത്സരവും. ഓരോ യാത്രക്കാരനെയും തങ്ങൾക്കു കിട്ടണം തങ്ങൾക്കു കിട്ടണം എന്ന ആവേശത്തോടുകൂടിയാണ് കീഴ്ജോലിക്കാർ പാഞ്ഞുനടക്കുന്നതു്. "ബസ്സിപ്പോൾ പോകും, കേറി ഇരുന്നോ" എന്ന വാചകം അവർ ആരെ കണ്ടാലും പറഞ്ഞുകളയും. സംശയാലുക്കളെ വിശ്വസിപ്പിക്കുവാൻ ഡ്രൈവർ ഒരു മിരട്ടുവിദ്യ പ്രയോഗിക്കാറുണ്ട്. കയറിയിരുന്നു് ഹോൺ അടിച്ച് ഒന്നിരപ്പിക്കുക. ടിക്കററ് കൊടുത്തു് ആളുകളെ തള്ളി അകത്തുകയററിക്കഴിഞ്ഞാൽ പിന്നെ യന്ത്രങ്ങളുടെ ചലനം അങ്ങു നിന്നുപോകും. ചിലപ്പോൾ രണ്ടുമണിക്കൂർ കഴിഞ്ഞിട്ടായിരിക്കും ആ ബസ്സ് പായുന്നതു്.

ഒരു കമ്പനിയുടെ മാനേജരാണ് തോമ്മാച്ചൻ. പല വഴികളിൽക്കൂടെ ആ കേന്ദ്രത്തിൽനിന്നും തോമ്മാച്ചന്റെ ബസ്സുകൾ ഓടിക്കൊണ്ടിരിക്കുന്നു. തോമ്മാച്ചന്റെ കീഴിൽ ജോലിചെയ്യുന്നവർക്കും മത്സരബുദ്ധിയുണ്ട്. യാത്രക്കാരെയെല്ലാം തങ്ങളുടെ ബസ്സുകളിലേക്കുവേണ്ടി ശേഖരിക്കണമെന്നുള്ള അഭിപ്രായക്കാരാണ് അവർ. മററുള്ളവരുമായി അവർ ചിലപ്പോൾ ചെറിയ കലഹങ്ങളും നടത്താറുണ്ട്. തോമ്മാച്ചനു് ഇതൊന്നും ഇഷ്ടമില്ല. അയാൾ ഒരുദിവസം ജോലിക്കാരെയെല്ലാം വിളിച്ചുവരുത്തി പറഞ്ഞു: "നിങ്ങൾ ദയവുചെയ്ത് ഒരു കാര്യം ചെയ്യണം. നാം പൊതുജനസേവകന്മാരാണെന്നുള്ള വിചാരത്തോടുകൂടി വേണം പ്രവർത്തിക്കുവാൻ. യാത്രക്കാർ അവരവരുടെ സൗകര്യം നോക്കി ഏതെങ്കിലും ബസ്സിൽ കയറിക്കൊള്ളട്ടെ. കള്ളം ഒരുത്തരോടും പറയരുതു്. മറെറാരുത്തന്റെ കണ്ണു ചുററിച്ചിട്ട് ഒററക്കാശും നാം സമ്പാദിക്കേണ്ടതില്ല. ആരെങ്കിലും ചോദിച്ചാൽ നമ്മുടെ ബസ്സ് പുറപ്പെടുന്ന സമയം സത്യമായി പറഞ്ഞുകൊടുക്കണം. മററു കമ്പനിക്കാരുടേതു് അടുത്തു പോകുന്നുണ്ടെങ്കിൽ അതും പറഞ്ഞുകൊടുക്കണം. നിങ്ങൾ ഒരിക്കലും ആളുപിടിക്കുവാൻ വേണ്ടി പാഞ്ഞു നടക്കരുതു്. സമയംകഴിഞ്ഞു് നമ്മുടെ ബസ്സ് ഒരു മിനിററുപോലും താമസിപ്പിക്കയും ചെയ്യരുതു്."

ആ നിർദ്ദേശം ജോർജ്ജിനു് അത്ര ഇഷ്ടപ്പെട്ടില്ല. അയാൾ പഴയ ഒരു കണ്ടക്ടരാണ്. അയാൾപറഞ്ഞു: "തോമ്മാച്ചൻ ഈ പറേന്നതെന്തോന്നാ? മററു കമ്പനിക്കാരെല്ലാം ആളുപിടിക്കാൻ പരവേശം എടുത്തു നടക്കുമ്പോൾ നമ്മള് ഈ സത്യോംകൊണ്ടിരുന്നാലൊക്കുമോ? ഇങ്ങനാണേ നമ്മടെ കമ്പനി അങ്ങു നിറുത്തിക്കളകാ നല്ലതു്. ചേരതിന്നുന്നനാട്ടിൽ ചെന്നാൽ ചേരേടെ നട്ടുമുറി തിന്നണോന്നു കേട്ടിട്ടില്ലേ?"

"സത്യം പറഞ്ഞിട്ടു നമ്മുടെ കമ്പനി പൊട്ടുന്നെങ്കിൽ അങ്ങു പൊട്ടിക്കൊള്ളട്ടെ. സത്യം മാററിവച്ചിട്ടുള്ള ഏടപാടൊന്നും നമ്മുടെ കമ്പനിയിൽ വേണ്ടാ. യാത്രക്കാർ വരുന്നെങ്കിൽ അവരോടു നിങ്ങളൊന്നും പറയേണ്ടാ. അവരെ ബുക്കിംഗ് ആഫീസിലേക്കു പറഞ്ഞയച്ചേച്ചാൽമതി. അവർ ഇവിടെ സുഖമായിരുന്നുകൊള്ളട്ടെ. പറയേണ്ടതു ഞാൻ പറഞ്ഞുകൊള്ളാം."

"ഈ സത്യോം കൊണ്ടിരുന്നാ കാര്യത്തിനു നടപ്പൊണ്ടാകേല കേട്ടോ. മററവരാളുകളേയുംകൊണ്ടുപോകും." ജോർജ്ജ് വീണ്ടും ഒാപ്പിച്ചു.


"കൊണ്ടുപോകുന്നെങ്കിൽ കൊണ്ടുപോകട്ടെ. നമുക്കു സത്യം വിട്ടൊന്നും പെരുമാറണ്ട."

പകൽ 10½ മണിയായിക്കാണും. ഫാദർ പീററർ തേൻകുന്നത്തിനുപോകുവാൻ ബസ്സ്സ്റ്റാൻറിൽവന്നിരിക്കയാണ്. ഒരു ബസ്സ് അവിടെ കിടക്കുന്നു. "എപ്പോൾ ഇതുപോകും?" ചോദിച്ചു അദ്ദേഹം. $11\frac{1}{4}$-നു് എന്നുത്തരം കിട്ടി. ഉടൻ അതിൽ കയറാൻ ഭാവിച്ചപ്പോൾ കണ്ടക്ടർ പറഞ്ഞു: "അച്ചനു ബുക്കിംഗ് ആഫീസിലിരിക്കാം." അദ്ദേഹം അങ്ങോട്ടു പോയി അവിടെ ഇരുന്നു. കാൽമണിക്കൂർ കഴിഞ്ഞില്ല, അപ്പോൾ വരുന്നു കിഴക്കുനിന്നും ഒരു ബസ്സ് ഇരമ്പിപ്പാഞ്ഞു്. തോമ്മാച്ചൻ പതിയെ എഴുന്നേററ് അച്ചന്റെ അടുക്കലേക്കുവന്നു പറഞ്ഞു: "ഇപ്പോൾ വന്ന വണ്ടി 11-നു് തിരിയെ പോകും. ഞങ്ങളുടേതു് $11\frac{1}{2}$-യ്ക്കേയുള്ളു."

"വളരെ ഉപകാരം. ഞാൻ ഇരുന്നു വിഷമിക്കണ്ടല്ലോ. ഇപ്പോൾ പോകുന്നതു നിങ്ങളുടെവക വണ്ടിയല്ല അല്ലേ?"

"അല്ലല്ല. അതു മററേ കമ്പനിക്കാരുടേതാണ്."

(ശേഷം 10-ാം പേജിൽ)




"എല്ലാവരോടും സത്യമായി പെരുമാറണമെന്നു് ഞാൻ ആഗ്രഹിക്കുന്നു ... ...
സത്യത്തിനുമാത്രമേ ഹൃദയത്തിൽ ഒരു സന്തോഷം ജനിപ്പിക്കുവാൻ സാധിക്കൂ."

Sathya Deepam

Vol. 24 | Ernakulam November 22, 1950 | No. 14

# തീർത്ഥകസ്മരണകൾ

XI

പിയാസയുടെ വീതിയിൽ നെടുനീളെ കെട്ടിപ്പടുത്തിട്ടുള്ള കൽപ്പടവുകൾ കയറിയാൽ നാമെത്തിച്ചേരുന്നതു മുഖമണ്ഡപത്തിലാണു്. ആദ്യകാലത്തു തീർത്ഥകർ ഭക്തിപാരവശ്യത്തോടെ മുട്ടുകുത്തിക്കൊണ്ടായിരുന്നു പ്രസ്തുതപടികൾ കയറിയിരുന്നതു്. ഇക്കാലത്തു് അങ്ങനെയൊരു പതിവില്ല. എങ്കിലും എണ്ണിയാലൊടുങ്ങാത്ത പുണ്യാത്മാക്കളുടെ പാദസ്പർശമേറ്റു പരിപൂതമായിത്തീർന്നിട്ടുള്ള ആ കല്പടവുകൾ കയറിയിറങ്ങുമ്പോൾ ആരും വികാരാവേശം കൊള്ളാതിരിക്കയില്ല. നടപ്പുരയുടെ നീളം 468 അടിയാണു്; 66 അടി ഉയരവും 50 അടി വീതിയും കാണും. മുഖവാരത്തിനു കലാസൗകുമാര്യവും ഗാംഭീര്യവും അത്രതന്നെയില്ലെങ്കിലും അതിമാത്രം ബലിഷ്ഠവും ഭീമാകാരവുമാണതു്. നരകശക്തികളൊരിക്കലും വെല്ലപ്പെടാത്ത പത്രോസെന്ന പാറമേൽ പണിയപ്പെട്ട പള്ളിയുടെ സൂചനാസമർത്ഥമായൊരു ചിഹ്നം ആർക്കും അതിൽ തെളിഞ്ഞുകാണാം.

പാപ്പാ നഗരത്തിനും ലോകത്തിനും ആശീർവ്വാദം നല്കുക പതിവുള്ള മട്ടുപ്പാവു മദ്ധ്യകവാടത്തിനു മുകളിലാണു സ്ഥിതിചെയ്യുന്നതു്. 1870-നുമുമ്പു ഉയിർപ്പുതിരുനാൾ ദിവസവും, വി. പത്രോസിന്റെ തിരുനാൾമഹത്തിലും ഈ ആശീർവ്വാദച്ചടങ്ങു നിർവ്വഹിക്കപ്പെട്ടിരുന്നു. "വിശ്വാസത്തിന്റെ കാലങ്ങളിൽ" പ്രസ്തുത ചടങ്ങിനുണ്ടായിരുന്ന ഹൃദയാവർജ്ജകത്വവും, ആദ്ധ്യാത്മികമായ ആഡംബരവും, രാജകീയമായ പ്രതാപവും ഭൗതികതാപ്രളയത്തിലാണ്ടുകിടക്കുന്ന ആധുനികതലമുറകൾക്കു ഊഹിപ്പാൻ പോലും സാദ്ധ്യമല്ല. എന്നിരുന്നാലും 1929-ലെ ലാത്തരൻ ഉടമ്പടിയെത്തുടർന്നു താദൃശചടങ്ങു പുനരാരംഭിക്കപ്പെട്ടതിനുശേഷം അത്തരം സന്ദർഭങ്ങളിൽ ആയിരംകണക്കിനു തടിച്ചുകൂടുന്ന ഭക്തജനങ്ങളുടെ ആഹ്ലാദാഭിമാനങ്ങളും ആദരപ്രകടനങ്ങളും കണ്ടറിയുകതന്നെ വേണം.

തൊട്ടടുത്തുള്ള വിശാലമായ ശാലയിലേക്കു അഞ്ചു വിസ്തൃതമായ പ്രവേശനദ്വാരങ്ങളുണ്ടു്. വിലയേറിയ വെണ്ണക്കല്ലുകൾകൊണ്ടും, വിശേഷപ്പെട്ട തങ്കപ്പണികൾകൊണ്ടും, കൗതുകാവഹമായ വിചിത്രവേലകൾകൊണ്ടും അതിന്റെ സജ്ജീകരണം അതിമാത്രം രമണീയമാണു്. അതിന്റെ ഓരോ അറ്റത്തും കോൺസ്റ്റൻറയിൻ, കാൾമാൻ എന്നീ ചക്രവർത്തിമാരുടെ ഭീമാകൃതിയിലുള്ള ഓരോ അശ്വാരൂഢപ്രതിമ സ്ഥാപിതമായിട്ടുണ്ടു്. പ്രസ്തുത മഹാരാജാക്കൾ രാജകീയമായ ഔദാര്യത്തോടും ക്രിസ്തീയമായ വീര്യത്തോടുംകൂടി ക്രൈസ്തവസഭയ്ക്കു ചെയ്തിട്ടുള്ള സേവനങ്ങൾ നിസ്തുലങ്ങളാണല്ലോ. അവരുടെ വീരാത്മാക്കൾ ഇന്നും സത്യസഭയെ ബാഹ്യമായ ശത്രുബാധയിൽനിന്നു കാത്തരുളുവാൻ ജാഗരൂകരാണെന്നുള്ളതിന്റെ പ്രത്യക്ഷലക്ഷ്യമായിട്ടായിരിക്കാം, ക്രൈസ്തവലോകത്തിന്റെ ഭദ്രാസനദൈവാലയകവാടത്തിൽ രാജകീയപ്രാഭവവും സൈനികഗാംഭീര്യവും വഴിയുന്ന അവരുടെ പ്രതിമകൾ സന്ദർശകർക്കു സ്വാഗതമരുളി നിലകൊള്ളുന്നതു്. നടുവിലെ കമാനത്തിനു മുകളിൽ "നാവിച്ചെല്ല" അഥവാ പത്രോസിന്റെ പടവു എന്ന മനോഹരവും പുരാതനവുമായ ചിത്രത്തിന്റെ ഒരംശം ഇന്നും കാണാം. ഗിയോട്ടോ എന്ന വിഖ്യാതപ്പെട്ട ചിത്രകാരൻ 1289-ൽ വരച്ചുണ്ടാക്കിയതാണതു്. ഒന്നാമത്തെ ബസിലിക്കാ ദൈവാലയം പൊളിച്ചുനീക്കിയപ്പോൾ ആ ചിത്രത്തിന്റെ ഇത്രയും മാത്രമേ സുരക്ഷിതമായി അവശേഷിച്ചുള്ളൂ.

അഞ്ചു വിസ്തൃതകവാടങ്ങളിലൂടെയാണു ബസിലിക്കായുടെ ഉള്ളിലേക്കുള്ള പ്രവേശനം. വാതിലുകൾ ഓടുകൊണ്ടു വാർത്തുണ്ടാക്കിയവയാണു്. പലകകളിന്മേൽ പത്രോസിന്റെയും പൗലോസിന്റെയും രക്തസാക്ഷിത്വവും, ചട്ടകളിന്മേൽ പുരാണകഥകളും കൊത്തിയിരിക്കുന്നു. വലത്തുഭാഗത്തു അഞ്ചാമത്തെ വാതിലാണു വിശുദ്ധകവാടം. അതു എന്നും കല്ലുകെട്ടി അടയ്ക്കപ്പെട്ടുകിടക്കും. ജൂബിലിവർഷത്തിൽ മാത്രമേ അതു തുറന്നിടുകയുള്ളൂ. മാർപ്പാപ്പാ ഔപചാരികമായ ചടങ്ങുകളോടുകൂടി അതു തുറന്നുകൊണ്ടാണല്ലോ ജൂബിലിവർഷോൽഘാടനം നിർവ്വഹിക്കാറുള്ളതു്. ആ കവാടത്തിലുള്ള കുരിശിന്റെ അടയാളം ചുംബിച്ചുകൊണ്ടാണു പല തീർത്ഥകരും അകത്തുകടക്കുക.

അങ്ങനെ തീർത്ഥകനോ, സന്ദർശകനോ ക്രൈസ്തവലോകത്തിന്റെ കത്തീഡ്രൽ പള്ളിയിൽ കടക്കുമ്പോൾ, അതിനുള്ളിൽ പ്രത്യക്ഷപ്പെടുന്ന ആകാരവൈപുല്യവും അലങ്കാരവൈചിത്ര്യവും അയാളെ നഷ്ടശ്വാസനാക്കും. മനുഷ്യകരങ്ങൾ ഇതുപോലൊരു ആരാധനാലയം സ്രഷ്ടാവിന്റെ ബഹുമാനാർത്ഥം നാളിതുവരെ കെട്ടിപ്പടുത്തിട്ടില്ലെന്നു ആയാൾ നിശ്ശിരഃകമ്പം സമ്മതിക്കും. ഗ്രെ എന്ന കവി പറയുകയാണു: ഞാൻ സെൻ്റ് പീറ്റേർസ് ദർശിച്ചപ്പോൾ അത്ഭുതപരവശനായി ഒന്നും മിണ്ടാനാവാതെ പകച്ചുനിന്നുപോയി! കവികൾക്കു സഹജമായ അതിവർണ്ണന ഈ പ്രസ്താവനയിലൊട്ടുമില്ലെന്നു തീർച്ചയാണു്.

ശില്പം, പ്രതിമാപനം, ചിത്രമെഴുത്തു്, അലങ്കാരം ആദിയായ കലാവേലകളിൽ അസാധാരണപ്രവീണരായി ജന്മമെടുത്തിട്ടുള്ളവരിൽ പ്രാമാണികന്മാരുടെ ധീവിലാസപ്രകടനത്തിന്റെ പാരമ്യമാണു നിസ്തുലപ്രാഭവത്തോടെ പരിലസിക്കുന്ന പ്രസ്തുത രാജകീയ ദൈവാലയത്തിലെവിടെയും ദൃശ്യഗോചരമാകുന്നതു്. ഉന്നതങ്ങളും രാക്ഷസസമാനങ്ങളുമായ കമാനങ്ങൾ; സുവർണ്ണാഭമായ മുകൾപ്പരപ്പു്; വിവിധവർണ്ണത്തിലുള്ള വെണ്ണക്കല്ലുകൊണ്ടുണ്ടാക്കപ്പെട്ട ഭിത്തികളും തറയും; സന്ദർശകന്റെ ഹ്രസ്വതയെ വിളംബരംചെയ്യുവാനെന്നോണം ഇരുപാർശ്വങ്ങളിലും മുകൾത്തട്ടുവരെയും ഉയർന്നുനില്ക്കുന്ന കൊറിന്ത്യൻ ശൈലിയിലുള്ള വിചിത്രസ്തംഭങ്ങൾ; സന്ന്യാസസഭാസ്ഥാപകരുടെ ഭീമകായപ്രതിമകൾ; ബലിപീഠങ്ങൾക്കു മുകളിൽ മിന്നിത്തിളങ്ങുന്ന മൊസെയിക്കു ചിത്രങ്ങൾ; പലസ്ഥാനങ്ങളിലും സജീവച്ഛായയിൽ നിലകൊള്ളുന്ന വാനാരൂപികളുടെ ബൃഹൽസ്വരൂപങ്ങൾ; കുലകുലയായി നാലുപാടും തൂങ്ങിക്കിടക്കുന്ന വൈദ്യുതദീപാവലികൾ—ആകപ്പാടെ സ്വർഗ്ഗാലയത്തിന്റെ ഒരു ലഘുപ്രതീതി കാണികളിലുളവാക്കുന്ന സാഹചര്യവിലാസം.

കർബാനക്കുപ്പായം, കാപ്പ മുതലായ
വൈദിക വസ്ത്രങ്ങൾ
സർപ്ലീസ്, ആൽബാലേസുകൾ
എല്ലാനിറത്തിലും മുത്തുക്കുടകൾ
കൊളംബോ സാരിവക്ക്, സ്റ്റോറ്സ്—എറണാകുളം

ആദ്യംതൊട്ടവസാനംവരെ സകലതും അമൂല്യമാണു്; അത്ഭുതജനകമാണു്, കണ്ണഞ്ചിക്കുന്നതാണു്; ആകൃതിഗാംഭീര്യംകൊണ്ടു പ്രേക്ഷകരെ സ്തബ്ധചിത്തരാക്കുന്നതാണു്.

കെട്ടിടത്തിന്റെ ഏകദേശമൊരളവു മുൻകൂട്ടിക്കിട്ടിയിട്ടില്ലാത്ത ഒരാൾ അകത്തുകടന്നാൽ തത്സംബന്ധമായി ഒരെത്തുംപിടിയും കിട്ടുകയില്ല. ദൈവാലയം നില്ക്കുന്ന സ്ഥലമെല്ലാം കൂടി ഏകദേശം ആറു ഏക്കറോളം വരും. മദ്ധ്യശാലയുടെ നീളം 613 അടിയും വീതി 81 അടിയുമാണു്. പൊക്കം 133 അടിയും. നാലു പാർശ്വശാലകളുംകൂടിയുണ്ടെന്നോർക്കണം. മദ്ധ്യത്തിലുള്ള പ്രസിദ്ധമായ സ്തൂപികയ്ക്കു 448 അടിയാണു് ഉയരം. ഉൾഭാഗത്തെ വ്യാസമാകട്ടെ 139 അടിയും. ഡോമിന്റെ ചെരുവിൽ നാലുഭാഗത്തും സുവിശേഷകന്മാരുടെ മൊസെയിക്കു ചിത്രങ്ങളുണ്ടു്. വി. ലൂക്കായുടെ കൈയിലുള്ള തൂലികയ്ക്കുതന്നെ എട്ടടി നീളം വരും. താഴെനിന്നു നോക്കുമ്പോൾ ഒരു സാധാരണ പേനയുടെ നീളമേ തോന്നുകയുള്ളൂ. ബസിലിക്കായുടെ ഉള്ളിൽ എൺപതിനായിരത്തോളം ആളുകൾക്കു ഒരേ സമയത്തു ഏതു ചടങ്ങിലും സംബന്ധിക്കുവാൻമാത്രം സ്ഥലസൗകര്യമുണ്ടെന്നാണു പറയപ്പെടുന്നതു്.

വി. പത്രോസിന്റെ കരങ്ങളിൽനിന്നു വൈദികപട്ടമേല്ക്കുകയും, പിന്നീടു പിൻഗാമിയായി സിംഹാസനാരോഹണം ചെയ്യുകയും ചെയ്ത വി. അനക്ലേത്തുസ് ശ്ലീഹായുടെ കബറിടത്തിൽ ഒരു ജപാലയം സ്ഥാപിക്കയുണ്ടായി. കോൺസ്റ്റൻറയിൻ ചക്രവർത്തി ക്രിസ്തുമതാവലംബിയായതിനുശേഷം അവിടെ തന്റെ പദവിക്കനുയോജ്യമായൊരു മഹാദൈവാലയം നിർമ്മിച്ചു. അതേസ്ഥാനത്തുതന്നെയാണു ഇപ്പോഴത്തെ ബസിലിക്കായും നിലകൊള്ളുന്നതു്. പന്ത്രണ്ടു ശ്ലീഹന്മാരുടെ ഓർമ്മയ്ക്കായി പന്ത്രണ്ടുകൊട്ട മണ്ണു ചക്രവർത്തിതന്നെ സ്വന്തം കൈകൾകൊണ്ടു വെട്ടിയെടുത്തു നീക്കിക്കൊണ്ടാണത്രെ പള്ളിപണിയാരംഭിച്ചതു്. 323-ാമാണ്ടിലാണു അതു നടന്നതു്. കാലാന്തരത്തിൽ അതിന്റെ ഭിത്തികൾക്കും മേൽപ്പുരയ്ക്കും ഗുരുതരമായ കേടുപാടുകൾ പറ്റുകയാൽ 16-ാം നൂറ്റാണ്ടിന്റെ ആദ്യവർഷങ്ങളിൽ തിരുസഭാദ്ധ്യക്ഷനായിരുന്ന രണ്ടാം ജൂലിയൂസ് അതു പൊളിച്ചുപണിയുവാൻ തീരുമാനിച്ചു. 1506-ൽ ആരംഭിച്ച നിർമ്മാണം പൂർണ്ണമായതു 1626 ലാണു്. അക്കൊല്ലം നവംബർ 18-ാംനു അന്നത്തെ പാപ്പാ 8-ാം ഊർബൻ ബസിലിക്കായുടെ കൂദാശാകർമ്മം സാഡംബരം നിർവ്വഹിക്കയും ചെയ്തു.

ബ്രമാൻറ് ഡി ഉർബീനോ എന്ന ശില്പിയാണു് ഇതിന്റെ ആദ്യത്തെ പ്ലാൻ തയാറാക്കിയതും, അതനുസരിച്ചു പണികളാരംഭിച്ചതും. 1546-ൽ മൈക്കൽ ആഞ്ചെലൊ പ്രസ്തുതപ്ലാൻ വളരെയധികം പരിഷ്കരിക്കുകയും, സ്തൂപികയുടെ പ്ലാൻ പുതിയതായി ആസൂത്രണം ചെയ്കയും ചെയ്തു. ഡോമിന്റെ പണി പൂർത്തിയാകുന്നതിനുമുമ്പ് അദ്ദേഹം കാലഗതിയടഞ്ഞു. ജിയാക്കോമോ എന്ന ശില്പകലാവിദഗ്ദ്ധൻ വരുത്തിയ അല്പസ്വല്പഭേദഗതികളോടുകൂടി അതിന്റെ പണിക്കുറവു തീർന്നതു 1590 ലാണു്. വി. പത്രോസിന്റെ ബസിലിക്കാനിർമ്മാണവുമായി ബന്ധപ്പെട്ട മഹാശില്പികളിൽ പ്രമുഖനാണു മൈക്കൽ ആഞ്ചെലൊ. 1475 ലെ ജൂബിലിവർഷത്തിൽ മാർച്ചു 6-ാംനു-യാണു അദ്ദേഹം ഭൂജാതനായതു്. അദ്ദേഹം ജനിച്ചതിന്റെ 475-ാം വാർഷികം പ്രമാണിച്ചുള്ള ആഘോഷങ്ങൾ ഇക്കഴിഞ്ഞ ഒക്ടോബറിൽ ആരംഭിച്ചിരിക്കയാണു്. ജനനസ്ഥലമായ കപ്രേസിലും ഫ്ളോറൻസ്, റോമ എന്നീ നഗരങ്ങളിലും ആഘോഷക്കമ്മിററികൾ സ്ഥാപിതമായിട്ടുണ്ടു. പ്രസ്തുത കലാകാരസമ്രാട്ടു് അവതരിച്ച ഭവനവും, ജ്ഞാനസ്നാനം സ്വീകരിച്ച പുരാതനദൈവാലയവും പുതുക്കിപ്പണിയുവാനാണു് ഉദ്ദേശ്യം. കൂടാതെ വത്തിക്കാൻ അരമനയിൽ മൈക്കൽ ആഞ്ചെലോയുടെ നാമധേയത്തിൽ ഒരു ഗ്രന്ഥാലയവും കാഴ്ചബംഗ്ലാവും ഉൽഘാടനംചെയ്യുവാനും തീരുമാനിച്ചിട്ടുണ്ടു. അദ്ദേഹത്തിന്റെ കൃതികളും, സെൻ്റ് പീറ്റേഴ്സിന്റെ പ്രധാന ശില്പിയെന്ന നിലയിൽ അദ്ദേഹം നിർവ്വഹിച്ചിട്ടുള്ള പ്രശസ്തസേവനങ്ങളും ക്രോഡീകരിച്ചുകൊണ്ടു ഒരു സ്മാരകഗ്രന്ഥവും പ്രസിദ്ധപ്പെടുത്തുന്നതാണു്.

(പി. കാക്കശ്ശേരി)

## സൗജന്യവിതരണ ഫണ്ട്

ജോസഫ്‌പെട്ട എം. എ. ക.5—0—0

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam

ക്രമമായി പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഒരു ബാങ്കിംഗ്സ്ഥാപനം

ഓറിയൻറ്സെൻട്രൽബാങ്ക്

ക്ലിപ്തം

ഹെഡാഫീസ് — കോട്ടയം

പുരോഗമനവിവരണം

| ആണ്ട് | നിക്ഷേപിച്ച മൂലധനവും കരുതൽ മൂലധനവും | നിക്ഷേപങ്ങൾ | ആകെ പ്രവൃത്തക മൂലധനം | ഷെയറിനു കൊടുത്ത ആദായവീതം |
|---|---|---|---|---|
| 1945 ഡിസംബർ | 136410 | 1007884 | 1153996 | $2\frac{1}{2}$ ശതമാനം |
| 1946 ,, | 170190 | 1908826 | 2219103 | 4 ,, |
| 1947 ,, | 244900 | 2463143 | 2923000 | 4 ,, |
| 1948 ,, | 271800 | 2779917 | 3393468 | 4 ,, |
| 1949 ,, | 304000 | 3611486 | 4143000 | 4 ,, |
| 1950 ജൂൺ | 313470 | 5425000 | 5910800 | — |